കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കോട്ടയം നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## നഗരസഭാ ഓഡിറ്റ് കാര്യാലയം,
## കോട്ടയം

**e-mail: mlktm.ksad@kerala.gov.in**

# (രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ-കെ.എം.എം.3/45 /2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം,
തീയതി:28.01.2017.

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

കോട്ടയം നഗരസഭ.

സർ,

വിഷയം : കോട്ടയം നഗരസഭ 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2(1), 2(2), 2(6), 2(20) ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ, 3(4), 3(6), 3(7), 3(15), 3(19) എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(1997 കേരള മുനിസിപ്പാലിറ്റി ( പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997-ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) റീജീയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് കൊല്ലം.

4) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ./എം.എം.എം.3/45/2017.

തീയതി: 28.01.2017.

## കോട്ടയം ജില്ലയിലെ കോട്ടയം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള നഗരപാലിക നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി നാളിതുവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് എന്നിവയും 8/16 വരെയുള്ള അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. പി.ജയപ്രകാശ്, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 1/ 4/ 2016 മുതൽ 25/ 1/ 2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ. ഷൈജു. എസ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീമതി ബീനാകുമാരി,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീമതി റ്റി. സിന്ധു,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | | ശ്രീമതി ലേഖ ജനാർദ്ദനൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | | ശ്രീമതി കൊച്ചുമോൾ എം., |

| | | |
|---|---|---|
| | | സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | | ശ്രീ. മനേഷ്കുമാർ. ജി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | | ശ്രീമതി സ്മിത. പി. എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | | ശ്രീമതി സിനി ടി.എസ്., ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീ.കെ.ആർ.ജി. വാര്യർ | 1.4.15 മുതൽ 17 .11.15 വരെ |
| | | ഡോ.സോന പി.ആർ. | 18.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | | ശ്രീ. എ. സി.കുര്യാക്കോസ് | 01.04.2015 മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:

| ക്രമനം. | ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|---|
| 01 | മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. എം. മുരളീകൃഷ്ണൻ | 01.04.2015 മുതൽ 31.03.2016 വരെ |
| 02 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ: ജയരാജ് | 01.04.2015 മുതൽ 31.03.2016 വരെ |
| 03 | മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | ഡോ: അനുഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| 04 | വെറ്റിനറി സർജൻ | ഡോ: വി. സുജ | 01.04.2015 മുതൽ 23.09.2015 വരെ |
| | | ഡോ: ആർ. ഉഷ | 24.09.2015 മുതൽ 31.03.2016 വരെ |
| 05 | ഹെൽത്ത് സൂപ്പർവൈസർ | ടോമി തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |
| 06 | കൃഷി ഓഫീസർ | ശ്രീ. അനിൽ. കെ. ആന്റോ | 01.04.2015 മുതൽ 31.03.2016 വരെ |
| 07 | പ്രോജക്ട് ഓഫീസർ | ശ്രീ.സാബു ജോസഫ് | 01.04.2015 മുതൽ 02.09.2015 വരെ |
| | | ശ്രീമതി വിലാസിനി. എ.ബി.<br>ശ്രീ.രാജൻ വി.ഏബ്രഹാം | 03.09.2015 മുതൽ 12.01.2016 വരെ<br>13.01.2016 മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| 08 | എസ്.സി.ഡി.ഒ | ശ്രീ. രാജേന്ദ്രകുമാർ. എസ് | 01.04.2015 മുതൽ 24.06.2015 വരെ |
| | | ശ്രീ. അജിത്കുമാർ. എം.ആർ. | 01.07.2015 മുതൽ 31.03.2016 വരെ |
| 09 | ഐ.ഇ.ഒ | ശ്രീ. ഗോപകുമാർ | 01.04.2015 മുതൽ 03.12.2015 വരെ |
| | | ശ്രീ. അജയകുമാർ | 04.12.2015 മുതൽ 31.03.2016 വരെ |
| 10 | ഹെഡ്മാസ്റ്റർ, മോഡൽ സ്കൂൾ | ശ്രീമതി നിർമല | 01.04.2015 മുതൽ 31.03.2016 വരെ |
| 11 | സി.ഡി.പി.ഒ | ശ്രീമതി സാറാമ്മ എബ്രഹാം | 01.04.2015 മുതൽ 31.03.2016 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | കോട്ടയം നഗരസഭയുടെ ജനസേവനകേന്ദ്രത്തിൽ വസ്തുനികുതി സ്വീകരിക്കുന്നില്ല | 2-1 |

| | | |
|---|---|---|
| 13 | കോട്ടയം നഗരസഭയ്ക്ക് 35 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ - അക്കൗണ്ടുകളെപ്പറ്റി വ്യക്തതയില്ല | 2-2 |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം-പല ഭാഗങ്ങളായി നികുതി നിർണയിച്ചതിനാൽ നികുതി ഇനത്തിൽ നഷ്ടം | 2-3 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് | 2-4 |
| 16 | 60M2 താഴെയുള്ള വാസഗൃഹങ്ങളെ കെട്ടിടനികുതിയിൽ നിന്നും ഒഴിവാക്കിയപ്പോൾ കെട്ടിട ഉടമസ്ഥരുടെ സത്യവാങ്മൂലം വാങ്ങിയിട്ടില്ല | 2-5 |
| 17 | കാലഹരണപ്പെട്ട വസ്തുനികുതി | 2-6 |
| 18 | വിമുക്തഭടന്മാരെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കൽ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-7 |
| 19 | വസ്തുനികുതി ഒഴിവാക്കുന്നതിന് കുമാരനല്ലൂർ മേഖലാ ഓഫീസിന്റെ പരിധിയിലുള്ള വിമുക്തഭടന്മാർ അപേക്ഷ നൽകിയിട്ടില്ല. | 2-8 |
| 20 | വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. | 2-9 |
| 21 | അർദ്ധവാർഷിക വരുമാന പത്രികകൾ സൂക്ഷിക്കുന്നില്ല. | 2-10 |
| 22 | വ്യാപാരസ്ഥാപനങ്ങളിലെ തൊഴിൽനികുതി ഈടാക്കുന്നതിൽ ഗുരുതരമായ വീഴ്ച | 2-11 |
| 23 | വ്യക്തികളുടെ തൊഴിൽനികുതി ഈടാക്കുന്നതിൽ പിഴവ്. | 2-12 |
| 24 | വ്യക്തികളുടെ തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു | 2-13 |
| 25 | നഗരസഭ പരിധിയിലുള്ള ഡ്രൈവിംഗ് സ്കൂളുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല. | 2-14 |
| 26 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. | 2-15 |
| 27 | കോട്ടയം നഗരസഭയുടെ നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിലുള്ള കോടിമതയിൽ പ്രവർത്തിക്കുന്ന അങ്കിൾ ജോൺ ഐ – ഡ്രൈവ് ഐസ്ക്രീം പാർലറിനോട് ചേർന്ന് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് പാർക്കിൽ നിന്നും വിനോദനികുതി ഈടാക്കിയിട്ടില്ല. | 2-16 |
| 28 | പരസ്യ നികതി പിരിവിലെ അപാകതകൾ | 2-17 |
| 29 | നാഗമ്പടം മൈതാനം ചുറ്റുമതിൽ, പഴയ പോലീസ് സ്റ്റേഷൻ മൈതാനം എന്നിവിടങ്ങളിലെ പരസ്യനികുതി പിരിക്കുന്നതിൽ വീഴ്ച-നഗരസഭയ്ക്ക് വരുമാന ചോർച്ച | 2-18 |
| 30 | ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കൽ - ചട്ടപ്രകാരമല്ല. | 2-19 |
| 31 | അനധികൃത നിർമ്മാണങ്ങൾ പെരുകുന്നു; നഗരസഭ നടപടി സ്വീകരിക്കുന്നില്ല | 2-20 |
| 32 | വാടക | 2-21 |
| 33 | കടമുറികൾക്ക് വർഷങ്ങളായി പുനർലേലം നടത്തുന്നില്ല | 2-22 |

| | | |
|---|---|---|
| 34 | ഡോഗ് ലൈസൻസ് | 2-23 |
| | ഭാഗം - 3 | |
| 35 | മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും നിയമപ്രകാരം സ്റ്റേറ്റ് ഫണ്ടിൽ ഒടുക്കുന്നതിൽ വർഷങ്ങളായി വീഴ്ച വരുത്തിയിരിക്കുന്നു. | 3-1 |
| 36 | കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്ജ് , പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നത് - ചെലവ് തുക തിരികെ ഈടാക്കിയിട്ടില്ല. | 3-2 |
| 37 | മാമ്മൻ മാപ്പിള ഹാളിന്റെ ക്ലീനിംഗ് ചാർജ്ജ് - പുതുക്കിയ കരാറിന് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല | 3-3 |
| 38 | മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണം ഫലപ്രദമല്ല | 3-4 |
| 39 | 2015-16 വർഷം മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയത് - അധികം ചെലവഴിച്ച തുക തിരികെ ഈടാക്കിയിട്ടില്ല. | 3-5 |
| 40 | നഗരസഭ മെയിൻ ഓഫീസിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കൽ - 14.01 ലക്ഷം രൂപ ചെലവഴിച്ച പ്രോജക്ട് - നാളിതുവരെ സോളാർ പാനൽ ഇൻസ്റ്റാൾ ചെയ്ത് കമ്മീഷൻ ചെയ്തില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-6 |
| 41 | നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിലുള്ള FACT കടവ് പ്രദേശത്ത് ഭൂജല വകുപ്പ് മുഖേന നടപ്പാക്കിയ മിനിശുദ്ധജല പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. | 3-7 |
| 42 | പാലമൂട് പോളച്ചിറ ഭാഗത്ത് കുഴൽ കിണർ നിർമ്മാണം - പ്രോജക്ട് നാളിതുവരെ പൂർത്തീകരിച്ചില്ല. | 3-8 |
| 43 | മിനി വാട്ടർ സപ്ലൈ സ്കീം പാക്കിൽ, ബുക്കാന, കാരമൂട് വാർഡ് 34,35,41 – നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. | 3-9 |
| 44 | വനിതാ വ്യവസായ പരിശീലന കേന്ദ്രം നിർമ്മാണം - 2.6 കോടി രൂപ ചെലവഴിച്ച പ്രോജക്ട് നാളിതുവരെ ലക്ഷ്യം കൈവരിച്ചില്ല. | 3-10 |
| 45 | കോട്ടയം നഗരസഭയിലെ വേയ് -ബ്രിഡ്ജ് നിർമ്മാണം -പ്രവർത്തനം ആരംഭിക്കാത്തതിനാൽ നഗരസഭയ്ക്ക് വരുമാന നഷ്ടം | 3-11 |
| 46 | ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഓഹരി വാങ്ങൽ - കൈപ്പറ്റ് രസീതോ ഷെയർ സർട്ടിഫിക്കറ്റോ നാളിതുവരെ ലഭിച്ചിട്ടില്ല. | 3-12 |
| 47 | 16 -ൽ ചിറ എസ്.സി സങ്കേതത്തിലേയ്ക്ക് സ്ട്രീറ്റ് മെയിൻലൈൻ വലിക്കൽ -വിനിയോഗസാക്ഷ്യ പത്രം ലഭിച്ചിട്ടില്ല ചെലവ് തടസ്സപ്പെടുത്തുന്നു | 3-13 |
| 48 | എസ്സ്.എസ്സ് .എ വിഹിതം- വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തടസ്സപ്പെടുത്തുന്നു | 3-14 |
| 49 | 46 -ാം വാർഡിലെ കസ്തൂർബാ തൊഴിൽ പരിശീലനകേന്ദ്രം അറ്റകുറ്റപ്പണി - എസ്.സി.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടം നിർദ്ദിഷ്ട ലക്ഷ്യത്തിന് | 3-15 |

| | | |
|---|---|---|
| | വിനിയോഗിച്ചില്ല. | |
| 50 | തിരുവാതുക്കൽ സോണൽ ഓഫീസ് ഇന്റീരിയർ വർക്ക് ആൻഡ് ഡാറ്റാ കേബിളിംഗ് - 24.88ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-16 |
| 51 | പാലിയേറ്റീവ് കെയർ - ചെലവുകളിലെ അപാകതകൾ സംബന്ധിച്ച്. | 3-17 |
| 52 | ഐ.എച്ച്.എസ്.ഡി.പി. - വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ട് നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-18 |
| 53 | നാട്ടകം മേഖലാ ഓഫീസ് - അനധികൃത പൈപ്പ് കണക്ഷനുകൾ മൂലം വൈദ്യുതി ചാർജ്ജ് ഇനത്തിൽ അധികം ചെലവ് - നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല. | 3-19 |
| | ഭാഗം - 4 | |
| 54 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 55 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 56 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 57 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 58 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 59 | ഓഡിറ്റ് റിക്കവറി | 4-6 |
| 60 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 63 | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | |
| 64 | അനുബന്ധം -2 (ഓഡിറ്റ് സാക്ഷ്യപത്രം) | |
| 65 | അനുബന്ധം -3 (ബാലൻസ്ഷീറ്റ്) | |
| 66 | അനുബന്ധം -4 (ഇൻകം & എക്സ്പെൻഡിക്ചർ സ്റ്റേറ്റ്മെന്റ്) | |
| 67 | അനുബന്ധം -5 (റസീപ്റ്റ് & പേയ്മെന്റ്) | |



# ഭാഗം 1
# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.03.2015തിയതിയിലെ ബജറ്റ് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ

താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | 339731349 |
| വരവ് | 1127977060 |
| ആകെ | 1467708409 |
| ചെലവ് | 1205355435 |
| നീക്കിയിരുപ്പ് | 262352974 |

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 31.07.2016 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 6.10.16& 7.10.16 | കെ.എസ്.എ./ കെ.എം.എം.3/45/2017 തീയതി 28.01.17 |

2016 ജൂലൈ 31 നകം തന്നെ 2015-16 വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വിഭാഗം നടത്തിയ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിന് 7.10.2016 ലെ കെ.എസ്.എ. കെ.എം. എം.3/403/16 നംപർ കത്ത് പ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 25.01.2017 ലെ എ7-14568/16 നംപർ കത്ത് പ്രകാരം ന്യൂനതകൾ പരിഹരിച്ച് പരിഷ്കരിച്ച വാർഷിക കണക്കുകൾ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് നിലനിൽക്കുന്ന ന്യൂനതകൾ ഉൾപ്പെടുത്തി

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം ഇതോടൊപ്പം പുറപ്പെടുവിക്കുന്നു. സാക്ഷ്യപത്രം അനുബന്ധം 2 ആയി റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു).

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34,17,02,426 |
| വരവ് | 546170722 |
| ആകെ | 887873148 |
| ചെലവ് | 636436538 |
| നീക്കിയിരിപ്പ് | 251436610 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 29534399 | 84358321 | 113892720 | 101124811 | 12767909 | 88.79% |
| വികസനഫണ്ട് എസ്.സി.പി. | 16251099 | 25373215 | 41624314 | 27833215 | 13791099 | 66.87% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 19813759 | 84365942 | 104179701 | 45950338 | 58229363 | 44.11% |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 30613054 | 30613054 | 18275195 | 12337859 | 59.70% |
| സംരക്ഷണഗ്രാന്റ് റോഡ് | 18729201 | 37055362 | 55784563 | 55784563 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 10131732 | 21382596 | 31514328 | 31514328 | 0 | 100% |
| ബി ഫണ്ട് | 0 | 67742510 | 67742510 | 67742510 | 0 | 100% |
| കേന്ദ്രഫണ്ടുകൾ | 21702180 | 15181300 | 36883480 | 9819266 | 27064214 | 26.62% |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | 225540056 | 332091153 | 557631209 | 333258813 | 224372396 | 59.76% |

മേൽപ്പറഞ്ഞ പട്ടികയിലെ കേന്ദ്രഫണ്ടുകൾ, തനത് ഫണ്ട് എന്നിവ ഒഴിച്ചുള്ള ഫണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ 31.03.16ൽ ലാപ്സായിട്ടുണ്ട്.

2015-16 വർഷത്തെ 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക 44.11% വും കെ.എൽ.ജി.എസ്.ഡി.പി തുക 59.70% വും മാത്രമാണ് വിനിയോഗിച്ചത്. കേന്ദ്രഫണ്ടിന്റെ വിനിയോഗം 26.22% മാത്രമാണുള്ളത്. ഗുണഭോക്താക്കൾക്ക് പദ്ധതികളുടെ പ്രയോജനം ലഭ്യമാകുന്ന തരത്തിൽ ഫലപ്രദമായും, കാര്യക്ഷമമായും ഫണ്ടുകൾ വിനിയോഗിക്കാൻ നഗരസഭാ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

കോട്ടയം നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക പദ്ധതിക്ക് ഭരണസമിതിയുടെ 25.07.15 ലെ (56)നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ 15.07.2016 ലെ എന്നീ തീയതികളിലെ 490/15/DPC/DPOKTM കോട്ടയം നമ്പർ ഉത്തരവ് പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് 176658645രൂപയും മെയിന്റനൻസ് ഗ്രാന്റ് 119588933 രൂപയും, ഇതരസ്രോതസ്സുകളിൽ നിന്നുള്ള 107100336രൂപയും ഉൾപ്പടെ ആകെ 403347914 രൂപയുള്ള വാർഷിക അടങ്കലിനാണ് ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത്. 355 പുതിയ പ്രോജക്ടുകളും 112 സ്പിൽ ഓവർ പ്രോജക്ടുകളും ഉൾപ്പടെ 467 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചിട്ടുള്ളത്. ടി പ്രോജക്ടുകളിൽ 357 പ്രോജക്ടുകൾക്കായി തൻവർഷം വിവിധ സ്രോതസ്സുകളിൽ നിന്നും 280554685/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 467 | 403347914 | 357 | 280554685 | 84 | 110 | 58.45% |

**നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം**

| മുഖ്യമേഖല | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|
| ഉത്പാദനം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 1 |
| | | | | |

| | | | | |
|---|---|---|---|---|
| | വെറ്റിനറി സർജൻ | 2 | 2 | - |
| | കൃഷി ഓഫീസർ | 7 | 7 | - |
| | ഹെൽത്ത് ഓഫീസർ | 2 | 1 | 1 |
| സേവനം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 3 | - |
| | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 2 | 2 | - |
| | സെക്രട്ടറി കോട്ടയം നഗരസഭ | 20 | 17 | 3 |
| | പ്രോജക്ട് ഓഫീസർ ദാരിദ്രലഘൂകരണ വിഭാഗം | 6 | 6 | - |
| | പട്ടികജാതി വികസന ഓഫീസർ | 14 | 12 | 2 |
| | ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ | 4 | 4 | - |
| | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് മോഡൽ ഹൈസ്കൂൾ, കോട്ടയം | 1 | 1 | - |
| പശ്ചാത്തലം | മുനിസിപ്പൽ എഞ്ചിനീയർ | 405 | 319 | 86 |
| ആകെ | | 467 | 374 | 93 |

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശ്ശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് 2015-16വർഷത്തെ പദ്ധതി തയ്യാറാക്കിയത് എന്ന് കാണുന്നു. ഖ 11.2 പ്രകാരം വർക്കിങ്ങ് ഗ്രൂപ്പുകൾ അവരവരുടെ വിഷയം സംബന്ധമായചുമതലകൾ പൂർണ്ണമായുംനിറവേറ്റിയിട്ടില്ല. വർക്കിങ്ങ്ഗ്രൂപ്പുകൾ രൂപികരിച്ചിട്ടുണ്ടെങ്കിലും പ്രോജക്റ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി തയ്യാറാക്കേണ്ട സ്റ്റാറ്റസ്റിപ്പോർട്ട് ,വികസനതന്ത്രം എന്നിവ തയ്യാറാക്കിയിരുന്നില്ല. വാർഡ് സഭകളിലേയും വികസനസെമിനാറിലേയും നിർദ്ദേശങ്ങൾ പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. നഗരസഭയിൽ പദ്ധതികളുടെ മോണിറ്ററിങ്ങ് ഫലപ്രദമാക്കുക എന്ന ഉദ്ദേശത്തോടെ വർക്കിങ്ങ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതി ലക്ഷ്യം കൈവരിച്ചിരുന്നോ എന്നത് പരിശോധിച്ചിരുന്നില്ല. പദ്ധതി മോണിട്ടറിംഗ് ചെലവുകൾക്കായി 2/15-16 പ്രകാരം 100000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും തുകയൊന്നും ചെലവഴിച്ചില്ല.

**എ) വാർഷികപദ്ധതിയിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ സ്രോതസ്സ് തിരിച്ചുള്ള വിശദാംശങ്ങൾ**

| വിഭവ സ്രോതസ്സ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| പൊതുവിഭാഗം | 133029546 | 101124811 |
| എസ്.സി.പി | 43629099 | 27833215 |
| ടി.എസ്.പി | 0 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 68628144 | 45950338 |
| ലോകബാങ്ക്സഹായം | 19244000 | 18275195 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 732738 | 72235 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 10458100 | 0 |
| തനത് ഫണ്ട് | 2594021 | 0 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 84762201 | 55784563 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 34826732 | 31514328 |
| മറ്റുള്ളവ | 5443333 | 0 |
| **മൊത്തം അടങ്കൽ** | **403347914** | **280554685** |

തൻവർഷം തനത്ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ 185980/- രൂപയുടെ ചെലവ് നടന്നിരുന്നുവെങ്കിലും പദ്ധതികണക്കുകളിൽ ആയത് പ്രതിഫലിച്ചിട്ടില്ല. നഗരസഭ തയ്യാറാക്കിയ പദ്ധതിക്കണക്കുകൾ പ്രകാരം ആകെ പദ്ധതി അടങ്കലിന്റെ 69.5ശതമാനം മാത്രമാണ് നഗരസഭയ്ക്ക് തൻവർഷം ചെലവഴിക്കുവാൻ കഴിഞ്ഞത്. കേന്ദ്രാവിഷ്കൃത വിഹിതം, സംസ്ഥാനവിഹിതം, തനത് ഫണ്ട് എന്നിവയിലെ യഥാർത്ഥ ചെലവുതുക കൂടി കണക്കിലെടുത്തിരുന്നുവെങ്കിൽ ചെലവുശതമാനം ഉയരുമായിരുന്നു.

# 1-7 <u>തനത് വരുമാനം</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.6 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 56861770 | 57532630 | 670860 | +1.2% |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 56223247 | 58453533 | 2230286 | +4% |
| മറ്റുവരവുകൾ | 2123701 | 2221149 | 97448 | +45% |
| ആകെ | 115208718 | 118207312 | 2998594 | +2.6% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 455040 | 318 |
| കർഷകതൊഴിലാളി പെൻഷൻ | 8520120 | 1400 |
| വിധവാ പെൻഷൻ | 22806600 | 2645 |
| വാർദ്ധക്യകാല പെൻഷൻ | 27727890 | 4813 |
| വികലാംഗ പെൻഷൻ | 7574420 | 896 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർ | 1113480 | 140 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നടത്തി റിപ്പോർട്ട് മുഖ്യ ഓഫീസിലേക്ക് അയച്ചിട്ടുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം

നഗരസഭയിൽ ജോലിവിഭജനരേഖ കൃത്യമായി എഴുതി നൽകുന്നുവെങ്കിലും അത് എത്രത്തോളം പാലിക്കുന്നുവെന്ന് നിരീക്ഷിക്കുന്നില്ല. ജീവനക്കാർ സ്ഥലം മാറിപ്പോകുമ്പോൾ പകരം ചാർജ്ജെടുക്കുന്ന ജീവനക്കാർ അതാത് സെക്ഷനുകളിൽ നിന്നും ഫയലുകളും റജിസ്റ്ററുകളും കൃത്യമായി കൈപ്പറ്റാറില്ല. ആയതിനാൽ ഫയലുകളുടെയും റജിസ്റ്ററുകളുടെയും കസ്റ്റോഡിയൻ ആരാണെന്ന് നിർണ്ണയിക്കാൻ സാധിച്ചില്ല. ജീവനക്കാർ കൂട്ടുത്തരവാദിത്തത്തോടെ പ്രവർത്തിക്കാത്തതിനാൽ നഗരസഭയുടെ പ്രവർത്തനം കൃത്യമായി നടക്കുന്നില്ല. ഓഡിറ്റ് വേളയിൽ നൽകിയ അന്വേഷണക്കുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കുന്നതിലും ജീവനക്കാരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായി.

രജിസ്റ്ററുകളുടെ പരിപാലനം ശരിയായ രീതിയിൽ അല്ല. പ്രധാന നികുതി ഇനങ്ങളായ വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ/കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നില്ല. ബിൽകളക്ടർമാർ സൂക്ഷിക്കുന്ന ഹാൻഡ്ബുക്കിലെ രേഖപ്പെടുത്തലുകൾ അടിസ്ഥാനമാക്കിയാണ് നികുതി പിരിക്കുന്നത്. നഗരസഭയിലുള്ള അസസ്മെന്റ് രജിസ്റ്ററിലുള്ള വസ്തു നികുതി വിവരമാണ് ബിൽ കളക്ടർമാർ ഹാൻഡ് ബുക്കിൽ രേഖപ്പെടുത്തുന്നത്.എന്നാൽ അസസ്മെന്റ് രജിസ്റ്ററിൽ നിന്നും ഹാൻഡ് ബുക്കിലേയ്ക്ക് പകർത്തി

എഴുതുന്ന വസ്തു നികുതി തുക ശരിയാണോ എന്നുള്ള പരിശോധന നഗരസഭ നടത്തുന്നില്ല. വസ്തുനികുതി ഒഴിവാക്കി നൽകുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (വിമുക്തഭടന്മാരുടേത് ഉൾപ്പെടെ)

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തത് മൂലം നികുതി ഒടുക്കേണ്ട സ്ഥാപനങ്ങൾ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അർദ്ധവാർഷിക റിട്ടേണുകളിൽ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉൾപ്പെടുത്താത്തവരെ ഉൾപ്പെടുത്തുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്നും ഒരു ശ്രമവും ഉണ്ടാകുന്നില്ല.നഗരസഭയിലെ വിവിധപ്രവർത്തികളിലേർപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിരുന്നില്ല. കൂടാതെ തൊഴിൽനികുതി ഒടുക്കേണ്ട സ്ഥാപനങ്ങളുടെ ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കി നികുതി ഈടാക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നില്ല.

ലേലം, വാടക എന്നിവ സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി ചേർത്ത് കാണുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ പൂർണ്ണമല്ല. ഒരു രജിസ്റ്ററിലും സ്ഥാപനത്തലവൻ, ഉപരിപരിശോധന ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ പരിശോധിച്ച് ഒപ്പ് വച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.1.12 മുതൽ 21.1.12 വരെ | 2010 - 11 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.15 മുതൽ 20.11.15 വരെ | 2013-14 &2014-15 | നം.എൽ.ബി.എ.(എച്ച്.ക്യു.) II/8എ/2355/152 തീയതി 23.12.15 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കോട്ടയം നഗരസഭയുടെ ജനസേവനകേന്ദ്രത്തിൽ വസ്തുനികുതി സ്വീകരിക്കുന്നില്ല

കോട്ടയം നഗരസഭയുടെ ജനസേവന കേന്ദ്രത്തിൽ രണ്ടു കൗണ്ടറുകളാണ് നിലവിലുള്ളത്.

ഒന്നാമത്തേത് മെയിൻ ക്യാഷ് കൗണ്ടറും രണ്ടാമത്തേത് ജനന മരണ രജിസ്ട്രേഷനുകൾക്കു വേണ്ടി പ്രവർത്തിച്ചുവരുന്ന കൗണ്ടറും. മെയിൻ ക്യാഷ് കൗണ്ടറിൽ നികുതിദായകരിൽ നിന്നും നേരിട്ടുള്ള വസ്തുനികുതി ഒഴികെയുള്ള എല്ലാവിധ നികുതി-നികുതിയേതര വരുമാനങ്ങളും സ്വീകരിച്ചുവരുന്നു.നികുതിദായകരിൽ നിന്നും നേരിട്ടുള്ള വസ്തു നികുതി സ്വീകരിക്കുന്നതിന് റവന്യൂവിഭാഗത്തിൽ ഒരു പ്രത്യേക കൗണ്ടർ പ്രവർത്തിപ്പിക്കുന്നുണ്ട്.

അത്യാധുനിക ഇലക്ട്രോണിക്സ് യന്ത്രസാമഗ്രികളാൽ പ്രവർത്തിക്കുന്ന ജനസേവനകേന്ദ്രത്തിൽ, ജനന മരണ റജിസ്ട്രേഷൻ കൗണ്ടറിൽ ഏറിയാൽ 30 മുതൽ 35 വരെ രജിസ്ട്രേഷനുകളെ ഒരുദിവസം ഉണ്ടാകാറുള്ളു. പ്രസ്തുത കൗണ്ടറിൽ വസ്തുനികുതി സ്വീകരിക്കുകയാണെങ്കിൽ റവന്യൂവിഭാഗത്തിൽ പ്രവർത്തിക്കുന്ന കൗണ്ടർ ഒഴിവാക്കാനാകും.

റവന്യൂകൗണ്ടറിൽ, വസ്തുനികുതി അടയ്ക്കുന്നതിന് എത്തുന്ന നികുതിദായകരിൽ നിന്ന് തുക സ്വീകരിച്ച് മാന്വൽ രസീത് നല്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. തന്മൂലം ധാരാളം ആളുകൾ വരുന്ന അവസരങ്ങളിൽ പിരിവ് സ്വീകരിക്കുന്നതിന് താമസം നേരിടുന്നത് നികുതിദായകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.മാന്വൽ രസീത് പ്രകാരം ഈടാക്കുന്ന പണം വൈകുന്നേരം മെയിൻ കൗണ്ടറിൽ അടയ്ക്കുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

നികുതിദായകർക്ക് സുഗമമായി നികുതിയടയ്ക്കാനുള്ള സൗകര്യത്തിനു വേണ്ടിയാണ് ജനസേവനകേന്ദ്രം പ്രവർത്തിക്കുന്നത്. കേരളത്തിലെ മറ്റെല്ലാ നഗരസഭകളിലും നികുതിദായകർക്ക് വസ്തുനികുതി, തൊഴിൽനികുതി എന്നിവ നേരിട്ട് അടയ്ക്കുന്നതിന് ജനസേവനകേന്ദ്രത്തിൽ സംവിധാനമുണ്ട്. അത്തരം ഒരു സംവിധാനം കോട്ടയം നഗരസഭയിൽ ഏർപ്പെടുത്താത്തതിന്റെ കാരണമെന്തെന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 19/2016 തീ. 27.12.2016) നഗരസഭ നൽകിയ മറുപടിയിൽ വസ്തുനികുതി ഡേറ്റ എൻട്രി പൂർത്തിയാക്കിയിട്ടില്ലെന്നും ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തതിനു ശേഷം ജനസേവനകേന്ദ്രം വഴി വസ്തുനികുതി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വസ്തുനികുതി ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനം ഊർജിതപ്പെടുത്തുന്നതിനും എത്രയും വേഗം സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത് വസ്തുനികുതി ജനസേവനകേന്ദ്രം വഴി സ്വീകരിക്കുന്നതിനുമുള്ള നടപടികൾ നഗരസഭ കൈക്കൊള്ളേണ്ടതാണ്.

## 2-2 കോട്ടയം നഗരസഭയ്ക്ക് 35 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ - അക്കൗണ്ടുകളെപ്പറ്റി വ്യക്തതയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഒരൊറ്റ അക്കൗണ്ടിൽ ഒടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്ന രണ്ടാം ധനകാര്യകമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ഒര് ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കേണ്ടതാണ്. എന്നാൽ നഗരസഭ തനത് ഫണ്ട് വിവിധ അക്കൗണ്ടുകളിലായി തുടർന്നു വരുന്നു. നഗരസഭയുടെ ദൈനംദിന വരവുകൾ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളിലായി നിക്ഷേപിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മെയിൻ ഓഫീസ്

| വരവിനം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. |
|---|---|---|
| വസ്തുനികുതി | മഹാരാഷ്ട്ര ബാങ്ക് | 20142500058 |
| ലൈബ്രറി സെസ്സ് | മഹാരാഷ്ട്ര ബാങ്ക് | 60018694479 |
| ശുചിത്വ മിഷൻ | മഹാരാഷ്ട്ര ബാങ്ക് | 60095674198 |

മേഖലാ ഓഫീസ്

| വരവിനം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. |
|---|---|---|
| വസ്തുനികുതി | എസ്.ബി.റ്റി | 67164393008 |
| ലൈബ്രറി സെസ്സ് | എസ്.ബി.റ്റി | 67164399339 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | എസ്.ബി.റ്റി | 67164392786 |

1. മേൽപ്പറഞ്ഞ തനത് ഫണ്ട് വരവിനങ്ങളായ വസ്തുനികുതി,ലൈബ്രറി സെസ്സ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് പ്രകാരമുള്ള തുകകൾ അടയ്ക്കുന്നതിന് ഒന്നിൽകൂടുതൽ അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നതിന്റെ കാരണം നഗരസഭ വ്യക്തമാക്കിയിട്ടില്ല.

2. 2015-16 വർഷത്തെ നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരം മേൽപ്പറഞ്ഞ 6 ബാങ്ക് അക്കൗണ്ടുകൾ കൂടാതെ നഗരസഭയ്ക്ക് താഴെപ്പറയുന്ന 29 ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നതായി കാണുന്നു.

| Sl. No | Name of Bank | Balance |
|---|---|---|
| 1 | State Bank of India (Closed) | 736,676 |
| 2 | SBT, Kumaranalloor (Closed) | 197,518 |
| 3 | Kumaranallor Service Co.Ope. Bank | 276,235 |
| 4 | Treasury MF A/C 1 (Closed) | 75,759,304 |
| 5 | Nattakom VPFA1 | 18,912 |
| 6 | Nattakom VPFAII | 8 |
| 7 | Kumaranallor VPFAI | 500 |
| 8 | Treasury RYT SB | 161 |
| 9 | SBT (SPL-3) | 2,619,364 |
| 10 | SBI (SPL-1) | 478,219 |
| 11 | SBI (SPL_II) | 38,709 |
| 12 | SBI (SPL-III) | 2,964,195 |
| | | |

| | | |
|---|---|---|
| 13 | Pubjab National Bank | 538,048 |
| 14 | Indian Bank | 2,220,231 |
| 15 | Punjab National Bank Ayankali | 7,970,864 |
| 16 | SBI (SPL -IV) | 150,030 |
| 17 | Kottayam Dist.Co.Ope.Bank | 825 |
| 18 | Kottayam Dist.Co.Ope.Bank | 2,522 |
| 19 | Dist.Co.Ope. Bank EMS | 694,828 |
| 20 | Treasury special Funds-1((Reg.Pen) | 333,291 |
| 21 | Treasury specil Funds-2 (Contgn.Pen) | 35,126 |
| 22 | Treasury Speial Funds-3 (PF) | 2,041,747 |
| 23 | Treasury-Savings Bank | 5,457,444 |
| 24 | Treasury -OLD | 5,126,000 |
| 25 | Punjab National Bank (HSDP) | 21,702,180 |
| 26 | MF/MCF II (b) Development Fund (SCP) | 16,251,099 |
| 27 | Treasury MF A/C III | 28,860,933 |
| 28 | Treasury | 128,596 |
| 29 | Treasury -MFA IV | 19,813,759 |

മേൽപ്പറഞ്ഞവ ബാങ്ക് അക്കൗണ്ടിന്റെ അക്കൗണ്ട് നമ്പർ, ഏത് വിഷയത്തിലുള്ള സാമ്പത്തിക ഇടപാടുകൾക്കാണ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചത്, ഇപ്പോഴത്തെ സ്ഥിതി എന്നീ വിശദാംശങ്ങൾ നഗരസഭ നൽകിയിട്ടില്ല.

നഗരസഭയുടെ പേരിലുള്ള ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ വിശദ വിവരങ്ങൾ അക്കൗണ്ട്സ് വിഭാഗത്തിൽ സൂക്ഷിച്ചിട്ടില്ല.

കോട്ടയം നഗരസഭയോട് യോജിപ്പിച്ച നാട്ടകം, കുമാരനല്ലൂർ ഗ്രാമപഞ്ചായത്തുകളുടെ ട്രഷറി/ ബാങ്ക് അക്കൗണ്ടുകൾ ഇപ്പോഴും നിലനിർത്തിയിരിക്കുന്നതിന്റെ കാരണം നഗരസഭ വ്യക്തമാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിന് ശേഷം നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിലനിൽക്കുന്ന തുകകൾ നഗരസഭാ ഫണ്ടിലേയ്ക്ക് തിരിച്ച് അടയ്ക്കുന്നുണ്ടോ? തിരിച്ചടവിന്റെ പരിശോധന നഗരസഭ നടത്തുന്നുണ്ടോ? എന്നതിന്റെ വിശദാംശങ്ങൾ നഗരസഭ നൽകിയിട്ടില്ല.

മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 1/2015-16/24.06.16 – ന് നഗരസഭ മറുപടി നൽകിയിട്ടില്ല.

## 2-3 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം-പല ഭാഗങ്ങളായി നികുതി നിർണയിച്ചതിനാൽ നികുതി ഇനത്തിൽ നഷ്ടം-484355/-രൂപ

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3(5)അനുശാസിക്കുന്നത് ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്രമീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 90/- രൂപയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.(മുൻസിപ്പൽ കമ്മറ്റിയുടെ 20.06.14.-ലെ ഒന്നാം നമ്പർ തീരുമാനം) എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100 ചതുരശ്രമീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 60/- രൂപ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| വാർഡ് നമ്പർ | XXIX |
| കെട്ടിട നമ്പർ | 86C |
| പേര് ,അഡ്രസ്സ് | എ.ജെ.ജോൺ, അഴകനക്കുഴിയിൽ, അയിരൂർ, റാന്നി |
| പ്ലിന്ത് ഏരിയ | 380.38m2 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 34234 |
| വർദ്ധനവ്(%) | 11982(35%) |
| കുറവ്(%) | 3423(10%) |
| ആകെ | 42793 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 41594 |
| ഈടാക്കിയതിലെ കുറവ് | 1199 |

2)

| | |
|---|---|
| വാർഡ് നമ്പർ | XXIX |
| കെട്ടിട നമ്പർ | 864D |
| പേര് ,അഡ്രസ്സ് | എ.ജെ.ജോൺ,അഴകനക്കുഴിയിൽ,<br>അയിരൂർ,റാന്നി |
| പ്ലിന്ത് ഏരിയ | 422.94 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത്<br>(ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 38064 |
| വർദ്ധനവ്(%) | 13323(35%) |
| കുറവ്(%) | 5710(15%) |
| ആകെ | 45677 |
| ഈടാക്കിയ നികുതി<br>(വർദ്ധനവും കുറവുകളുംഉൾപ്പടെ) | 43612 |
| ഈടാക്കിയതിലെ കുറവ് | 2065 |

3)

| | |
|---|---|
| വാർഡ് നമ്പർ | XX. |
| കെട്ടിട നമ്പർ | 2128 A,2128B,2128C,2128D |
| പേര് ,അഡ്രസ്സ് | സദാക്കത്തുള്ള.എ.കെ.<br>ഫൈസാ മൻസിൽ,കാരപ്പുഴ |
| പ്ലിന്ത് ഏരിയ | 201.34m2 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത്<br>(ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 18121 |
| വർദ്ധനവ്(%) | 3624 |
| കുറവ്(%) | ഇല്ല. |
| ആകെ | 21745 |
| ഈടാക്കിയ നികുതി | 12765 |

| | |
|---|---|
| (വർദ്ധനവും കുറവുകളുംഉൾപ്പടെ) | |
| ഈടാക്കിയതിലെ കുറവ് | 8980 |

4)

| | |
|---|---|
| വാർഡ് നമ്പർ | XXIX |
| കെട്ടിട നമ്പർ | 848 A,848 B,848 C |
| പേര് ,അഡ്രസ്സ് | നൗഷാദ്. പി.എ.,പുതുക്കാട്, കോടിമത,കോട്ടയം |
| പ്ലിന്ത് ഏരിയ | 779.12 |
| കെട്ടിട ഇനം | വാണിജ്യം(,ഷോപ്പിങ്ങ് മാൾ) |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 140 |
| അടിസ്ഥാന വസ്തുനികുതി | 109077 |
| വർദ്ധനവ്(%) | 38177(35%) |
| കുറവ്(%) | ഇല്ല. |
| ആകെ | 147254 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 102899 |
| ഈടാക്കിയതിലെ കുറവ് | 44355 |

5)

| | |
|---|---|
| വാർഡ് നമ്പർ | XXIX |
| കെട്ടിട നമ്പർ | 860 |
| പേര് ,അഡ്രസ്സ് | രാജു ചെറിയാൻ,പറങ്ങോട്ട്, കഞ്ഞിക്കുഴി,മുട്ടമ്പലം |
| പ്ലിന്ത് ഏരിയ | 258.66 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 23279 |
| വർദ്ധനവ്(%) | 4656(20%) |
| | |

| | |
|---|---|
| കുറവ്(%) | 2328(10%) |
| ആകെ | 25607 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 11808 |
| ഈടാക്കിയതിലെ കുറവ് | 13799 |

6)

| | |
|---|---|
| വാർഡ് നമ്പർ | XXIX |
| കെട്ടിട നമ്പർ | 126A, 126 A1, 126 B |
| പേര് ,അഡ്രസ്സ് | സണ്ണി റോജി, പാറപ്പള്ളിൽ, മൈത്രിനഗർ,കോട്ടയം |
| പ്ലിന്ത് ഏരിയ | 291.99 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 26279 |
| വർദ്ധനവ്(%) | ഇല്ല |
| കുറവ്(%) | ഇല്ല |
| ആകെ | 26279 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 21413 |
| ഈടാക്കിയതിലെ കുറവ് | 4866 |

7)

| | |
|---|---|
| വാർഡ് നമ്പർ | XX |
| കെട്ടിട നമ്പർ | 1507A, 1507B,1507C,1507D |
| പേര് ,അഡ്രസ്സ് | അയൂബ് ഷാഹുൽ ഹമീദ്, മുക്കം പുത്തൻ വീട്, പത്തനംതിട്ട |
| പ്ലിന്ത് ഏരിയ | 110.67 |
| കെട്ടിട ഇനം | വാണിജ്യം |
| | |

| | |
|---|---|
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 9960 |
| വർദ്ധനവ്(%) | 1992(20%) |
| കുറവ്(%) | ഇല്ല |
| ആകെ | 11952 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 8381 |
| ഈടാക്കിയതിലെ കുറവ് | 3571 |

8)

| | |
|---|---|
| വാർഡ് നമ്പർ | XIX |
| കെട്ടിട നമ്പർ | 674A,674 B, 674 C, 674 C. |
| പേര് ,അഡ്രസ്സ് | പ്രസീദ. ജി.നായർ, കുന്നത്ത്, കളക്ടറേറ്റ്, കോട്ടയം |
| പ്ലിന്ത് ഏരിയ | 220.61 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 16665 |
| വർദ്ധനവ്(%) | ഇല്ല |
| കുറവ്(%) | ഇല്ല |
| ആകെ | 16665 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 13235 |
| ഈടാക്കിയതിലെ കുറവ് | 3430 |

9)

| | |
|---|---|
| വാർഡ് നമ്പർ | XLV |
| കെട്ടിട നമ്പർ | 474,471A. |
| പേര് ,അഡ്രസ്സ് | എ.എ.ഫിലിപ്പോസ്, അടിമത്തറ, വേളൂർ,കോട്ടയം |

| | |
|---|---|
| പ്ലിന്ത് ഏരിയ | 102.4 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 9216 |
| വർദ്ധനവ്(%) | 1843(20%) |
| കുറവ്(%) | 2765(30%) |
| ആകെ | 8294 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 6144 |
| ഈടാക്കിയതിലെ കുറവ് | 2150 |

10)

| | |
|---|---|
| വാർഡ് നമ്പർ | XXI |
| കെട്ടിട നമ്പർ | 253 A,253 B, 253 C, 253 D,253 E. |
| പേര് ,അഡ്രസ്സ് | എബ്രഹാം എൈപ്പ്,മറിയാമ്മ വർഗ്ഗീസ്,പാറപ്പുറത്ത്, പുത്തനങ്ങാടി, കോട്ടയം |
| പ്ലിന്ത് ഏരിയ | 14491 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 13042 |
| വർദ്ധനവ്(%) | 1956 |
| കുറവ്(%) | ഇല്ല |
| ആകെ | 14998 |
| ഈടാക്കിയ നികുതി | 9488 |

| | |
|---|---|
| (വർദ്ധനവും കുറവുകളുംഉൾപ്പടെ) | |
| ഈടാക്കിയതിലെ കുറവ് | 5510 |

11)

| | |
|---|---|
| വാർഡ് നമ്പർ | XXII |
| കെട്ടിട നമ്പർ | 658 A, 658 B, |
| പേര് ,അഡ്രസ്സ് | ബീന ഫിലിപ്പ്, പുളിക്കത്തറ, കോട്ടയം |
| പ്ലിന്ത് ഏരിയ | 160.31 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 14428 |
| വർദ്ധനവ്(%) | 2886(20%) |
| കുറവ്(%) | ഇല്ല. |
| ആകെ | 17314 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 11225 |
| ഈടാക്കിയതിലെ കുറവ് | 6089 |

12)

| | |
|---|---|
| വാർഡ് നമ്പർ | XLVII |
| കെട്ടിട നമ്പർ | 98 C, 98 D, 98 E, 98 F, 98 G |
| പേര് ,അഡ്രസ്സ് | ഫൈസൽ അബ്ദുൾ ലത്തീഫ്, തൈക്കൂട്ടത്തിൽ, താഴത്തങ്ങാടി, കോട്ടയം |
| പ്ലിന്ത് ഏരിയ | 115.2m2 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 10368 |

| | |
|---|---|
| വർദ്ധനവ്(%) | 2074(20%) |
| കുറവ്(%) | 518(ചട്ടം 9 പ്രകാരമുള്ളത്) |
| ആകെ | 11924 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 7348 |
| ഈടാക്കിയതിലെ കുറവ് | 4576 |

13)

| | |
|---|---|
| വാർഡ് നമ്പർ | II |
| കെട്ടിട നമ്പർ | 104 A, 104 B, 104 C, 104 D, 104 E, 104 F, 104 G, 104 H |
| പേര് ,അഡ്രസ്സ് | സാജൻ ചാക്കോ,തൈപ്പറമ്പിൽ, അയർകുന്നം,<br>ജോസഫ് ലൂക്കോസ് ഇളങ്കിൽ, ഇളങ്കിൽ ഹൗസ്, ഉഴവൂർ |
| പ്ലിന്ത് ഏരിയ | 4984.88 |
| കെട്ടിട ഇനം | ഷോപ്പിങ്ങ് മാൾ |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 140 |
| അടിസ്ഥാന വസ്തുനികുതി | 697883 |
| വർദ്ധനവ്(%) | 244259(35%) |
| കുറവ്(%) | ഇല്ല |
| ആകെ | 942142 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 563740 |
| ഈടാക്കിയതിലെ കുറവ് | 378402 |

14)

| | |
|---|---|
| വാർഡ് നമ്പർ | XIII |
| കെട്ടിട നമ്പർ | 845 B, 845 C, 845 D |

| | |
|---|---|
| പേര് ,അഡ്രസ്സ് | അബ്ദുൾ ഖാദർ & മുഹമ്മദ് സിയാദ്. കെ.എ. കരുക്കശ്ശേരിൽ ഹൗസ്, നാഗമ്പടം |
| പ്ലിന്ത് ഏരിയ | 285.82 |
| കെട്ടിട ഇനം | വാണിജ്യം |
| നികുതി ചുമത്തേണ്ടത് (ചതുരശ്ര മീറ്ററിൽ) | 90 |
| അടിസ്ഥാന വസ്തുനികുതി | 25724 |
| വർദ്ധനവ്(%) | 5145(20%) |
| കുറവ്(%) | ഇല്ല. |
| ആകെ | 30869 |
| ഈടാക്കിയ നികുതി (വർദ്ധനവും കുറവുകളുംഉൾപ്പടെ) | 25506 |
| ഈടാക്കിയതിലെ കുറവ് | 5363 |

ഈടാക്കിയതിൽ ആകെ കുറവ് 484355/-രൂപ ടി കെട്ടിട ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 39 /27.1.17 നംപരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച്.

കോട്ടയം നഗരസഭാ പരിധിക്കുള്ളിൽ 31 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 22 മൊബൈൽ ടവറുകൾ ദീർഘനാളായി വസ്തുനികുതി ഒടുക്കിയിട്ടില്ല എന്നു കാണുന്നു. 2015-16ൽ 24 മൊബൈൽ ടവറുകളുടെ വസ്തുനികുതി ലഭിച്ചിട്ടില്ല.

ദീർഘനാളായി വസ്തുനികുതി ഒടുക്കാത്ത മൊബൈൽ ടവറുകളുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഡിമാന്റ് തുക | വർഷം |
|---|---|---|---|
| 1 | 19/339/C9 | 22750 | 2011-12 ഒന്നാം അർദ്ധവർഷം മുതൽ |

| | | | |
|---|---|---|---|
| 2 | 17/675/A | 1050 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ |
| 3 | 4/6K | 17500 | 2012-13 രണ്ടാം അർദ്ധവർഷം മുതൽ |
| 4 | 29/22A | 31248 | 2009-10 രണ്ടാം അർദ്ധവർഷം മുതൽ |
| 5 | 25/61C | 15838 | 2006-07 രണ്ടാം അർദ്ധവർഷം മുതൽ |
| 6 | 25/82A | 25000 | 2010-11 രണ്ടാം അർദ്ധവർഷം മുതൽ |
| 7 | 22/106A | 24578 | 2007-08 ഒന്നാം അർദ്ധവർഷം മുതൽ |
| 8 | 24/37F | 13125 | 2009-10 രണ്ടാം അർദ്ധവർഷം മുതൽ |
| 9 | 11/692A | 13300 | 2009-10ഒന്നാം അർദ്ധവർഷം മുതൽ |
| 10 | 11/697A | 17500 | 2007-08 ഒന്നാം അർദ്ധവർഷം മുതൽ |
| 11 | 22/656A | 6118 | 2014-15 ഒന്നാം അർദ്ധവർഷം മുതൽ |
| 12 | 8/322J1 | 25000 | 2009-10 രണ്ടാം അർദ്ധവർഷം മുതൽ |
| 13 | 9/555A | 10500 | 2010-11രണ്ടാം അർദ്ധവർഷം മുതൽ |
| 14 | 9/268A | 21875 | 1998-99 ഒന്നാം അർദ്ധവർഷം മുതൽ |
| 15 | 9/1422A | 17500 | 2001-02 ഒന്നാം അർദ്ധവർഷം മുതൽ |
| 16 | 9/1436/E | 9450 | 2009-10 രണ്ടാം അർദ്ധവർഷം മുതൽ |
| 17 | 12/356 B7(1) | 13300 | 2009-10 ഒന്നാം അർദ്ധവർഷം മുതൽ |
| 18 | 12/356 B8(1) | 17500 | 2005-06 ഒന്നാം അർദ്ധവർഷം മുതൽ |

| | | | |
|---|---|---|---|
| 19 | 12/356 B9(1) | 35000 | 2007-08 ഒന്നാം അർദ്ധവർഷം മുതൽ |
| 20 | 13/386A | 35000 | 2007-08 ഒന്നാം അർദ്ധവർഷം മുതൽ |
| 21 | 13/854A | 23100 | 2009-10 ഒന്നാം അർദ്ധവർഷം മുതൽ |
| 22 | 13/342A | 25000 | 2009-10 ഒന്നാം അർദ്ധവർഷം മുതൽ |

മേൽപ്പറഞ്ഞ പ്രകാരം ദീർഘനാളായി വസ്തുനികുതി ഒടുക്കുന്നതിൽ കുടിശ്ശിക വരുന്നതിനാൽ നഗരസഭയ്ക്ക് ഭീമമായ ധനനഷ്ടമാണ് ഉണ്ടാകുന്നത്. കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ മൊബൈൽ ടവറുകൾക്കും നാളിതുവരെയുള്ള തുകയുടെ ഡിമാന്റ് നോട്ടീസ് നൽകി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 60M2 താഴെയുള്ള വാസഗൃഹങ്ങളെ കെട്ടിടനികുതിയിൽ നിന്നും ഒഴിവാക്കിയപ്പോൾ കെട്ടിട ഉടമസ്ഥരുടെ സത്യവാങ്മൂലം വാങ്ങിയിട്ടില്ല.

ജി ഒ (എം.എസ്സ്.) 358/15 തസ്വഭവ 16.12.15 ഉത്തരവ് പ്രകാരം 60 ച.മീ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുപ്പോൾ ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥനിൽനിന്നും വാസഗൃഹം സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന വാസഗൃഹമാണ് എന്നുള്ള സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതണ്. ഈ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 2/05.01.2017 (നാട്ടകം മേഖലാ ഓഫീസ്) നല്കിയെങ്കിലും മറിപടിയൊന്നും ലഭിച്ചിട്ടില്ല. ഈ നിർദ്ദേശം കർശനമായി പാലിക്കാൻ നഗരസഭാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 കാലഹരണപ്പെട്ട വസ്തുനികുതി

കോട്ടയം മുനിസിപ്പാലിറ്റിയിലെ വിവിധ വാർഡുകളിലെ വസ്തുനികുതിയിനത്തിൽ ഭീമമായ തുക പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നു. കേരള മുനിസിപ്പാലി ആക്റ്റ് 1994 സെക്ഷൻ 539 (1) പ്രകാരം മൂന്ന് വർഷത്തിലധികം കുടിശ്ശികയായ തുകകൾ പിരിച്ചെടുക്കുകയോ, പിരിച്ചെടുക്കാൻനടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ തുകകൾ കാലഹരണപ്പെട്ടു പോകുന്നു.ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | ഡോർ നം. | പേര് | വാർഷിക വസ്തുനികുതി | 2015-16 വരെയുള്ള കുടിശ്ശിക | കാലഹരണപ്പെട്ട തുക (2012-13 വരെയുള്ള കുടിശ്ശിക) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 15 | 498-A | സാജുതോമസ്സ് | 1456 | 2912 | 2912 |
| 2 | 15 | 647 | അലോഷ്യസ് ആന്റണി | 1750 | 8750 | 3500 |
| 3 | 15 | 359A | പ്രിയശിവമംഗലം | 2590 | 10360 | 3885 |
| 4 | 15 | 268A | കെ.ജെ.തോമസ്സ് | 2450 | 8575 | 3675 |
| 5 | 15 | 208A | ബി.ഷൈനു ഷംസ് | 17675 | 70700 | 17675 |
| 6 | 24 | 271 C | അബ്ദുൾഅസീസ് | 3654 | 10962 | 7308 |
| 7 | 30 | 356 | കെ.വി.ജോർജ് | 365 | 1825 | 1095 |
| 8 | 24 | 456 B | ജയ, പാർവ്വതിഭവൻ | 6734 | 10101 | 10101 |
| 9 | 24 | 1428 | സൗദാമിനി.റ്റി.റ്റി | 1428 | 1428 | 1428 |
| 10 | 24 | 386 A | എ.രാധ. ആർ | 7782 | 38910 | 38910 |
| 11 | 24 | 423A | ശ്രീറാം.വി | 3629 | 10887 | 10887 |
| 12 | 24 | 446A | കെ.വി.വിശ്വനാഥൻ | 2092 | 6276 | 6276 |
| 13 | 24 | 546C | മാത്യൂ, മൂലയിൽ | 2702 | 8106 | 8106 |
| 14 | 24 | 525 | സുനിൽകുമാർ. എസ്. | 5474 | 16422 | 16422 |
| 15 | 24 | 455B | രമേഷ്.ബി | 3970 | 11910 | 11910 |
| 16 | 24 | 78 | ബസേലിയസ് മാർത്തോമ | 4044 | 20220 | 8088 |
| 17 | 19 | 204 | സി.എസ്.ഐ. മദ്ധ്യകേരള ഡയസീസ് ഹോസ്റ്റൽ | 6412 | 19236 | 6412 |
| 18 | 19 | 479E | പി.ഒ. ചാക്കോ | 5334 | 26670 | 10668 |
| 19 | 19 | 333C9 | എയർടെൽ ഇൻഡസ് ടവർ | 22750 | 1113750 | 45500 |
| 20 | 18 | 324H11 | എൻ.വേണുഗോപാൽ | 2408 | 9632 | 2408 |
| ആകെ | | | | | | 2,17,166 |

മുകളിൽ സൂചിപ്പിച്ചു പ്രകാരം ലക്ഷക്കണക്കിന് രൂപയാണ് നഗരസഭയ്ക്ക് കാലഹരണപ്പെട്ട വസ്തുനികുതി കുടിശ്ശികയിനത്തിൽ നഷ്ടമായിട്ടുള്ളത്. കുടിശ്ശികതുകകൾ പിരിച്ചെടുക്കാൻ ഊർജ്ജിതമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥർ കാലഹരണപ്പെട്ട തുക തിരിച്ചടയ്ക്കാൻ ബാധ്യസ്ഥരാണ്.

## 2-7 വിമുക്തഭടന്മാരെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കൽ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വസ്തുനികുതി ഒടുക്കലിൽ നിന്നും ഒഴിവാക്കിയ വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങളുടെ ലിസ്റ്റ് നഗരസഭാ നാട്ടകം മേഖലാ ഓഫീസിൽ സൂക്ഷിക്കുന്നില്ല. ജി.ഒ(എം.എസ്സ്)242/13 ത.സ്വ.ഭ.വ/02.07.13 പ്രകാരം വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് നല്കുന്നതിന് എല്ലാവർഷവും അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട വിമുക്ത ഭടന്മാരുടെ പേര്, അഡ്രസ്സ്, കെട്ടിട നം. തറവിസ്തീർണ്ണം, നിർണ്ണയിച്ച വസ്തുനികുതി, ഓരോ വർഷവും വസ്തുനികുതി ഒഴിവാക്കുന്നതിന് നല്കിയ അപേക്ഷയുടെ വിവരങ്ങൾ എന്നിവ ചേർത്ത് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-8 വസ്തുനികുതി ഒഴിവാക്കുന്നതിന് കുമാരനല്ലൂർ മേഖലാ ഓഫീസിന്റെ പരിധിയിലുള്ള വിമുക്തഭടന്മാർ അപേക്ഷ നൽകിയിട്ടില്ല.

2015-16 വർഷം വസ്തുനികുതി ഒഴിവാക്കുന്നതിന് കുമാരനല്ലൂർ മേഖലാ ഓഫീസിന്റെ പരിധിയിലുള്ള താഴെപ്പറയുന്ന വിമുക്തഭടന്മാർ അപേക്ഷ നൽകിയിട്ടില്ല. വസ്തുനികുതി ഒഴിവാക്കുന്നത് സംബന്ധിച്ചുള്ള വിമുക്തഭടന്മാരുടെ അപേക്ഷ സ്വീകരിക്കാതെ അവരെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുന്നത് സർക്കാർ ഉത്തരവിന് (ജി.ഒ(എം.എസ്സ്)242/13 ത.സ്വ.ഭ.വ/02.07.13) വിരുദ്ധമാണ്.

| ക്രമ നം. | കെട്ടിട ഉടമ | കെട്ടിട നം. | അടയ്ക്കേണ്ട വസ്തുനികുതി |
|---|---|---|---|
| 1 | ജോണിസ്ജോണി. ഡി, കോയിക്കൽ, പാട്ടശ്ശേരി വീട്, ഗാന്ധിനഗർ പി.ഒ | 13/792A | 1918 |
| 2 | അജയകുമാർ. എസ്. ആർ, കൃഷ്ണവിലാസം, പെരുമ്പായിക്കാട്. പി.ഒ, കോട്ടയം | X/439 | 108 |
| 3 | കെ. റ്റി. ജേക്കബ്, ജേക്കബ് വില്ല, പെരുമ്പായിക്കാട് പി.ഒ, കോട്ടയം | XII/660 | 50 |

| | | | |
|---|---|---|---|
| 4 | മാത്യൂ. സി. എം, ചെട്ടിയാത്ത്, മള്ളൂശ്ശേരി പി. ഒ. | V/388A | 1872 |
| 5 | സോമശേഖർ നായർ, കിഴക്കേപാഴൂർ, നട്ടാശ്ശേരി, എസ്.എച്ച്. മൗണ്ട് പി.ഒ., | 8/597A | 2340 |
| 6 | ജോസഫ് ഫിലിപ്പ്, വെന്നലശ്ശേരിൽ ഹൗസ്, എസ്.എച്ച്. മൗണ്ട് പി.ഒ., | VI/161 | 520 |
| 7 | സൂസമ്മ ജോൺ, ചെട്ടിയാത്ത് ഹൗസ്, പെരുമ്പായിക്കാട്. | 12/203A | 1759 |
| 8 | സിബി തോമസ്സ്, പടിഞ്ഞാറെമള്ളിയിൽ, എസ്.എച്ച്. മൗണ്ട് പി.ഒ., | 7/395-B | 1689 |
| 9 | കെ.എൻ. സദാനന്ദപണിക്കർ, ഫ്ലാറ്റ് നം. എ, വൃന്ദാവൻ ഗാർഡൻസ്, കുമാരനല്ലൂർ പി. ഒ. | II/291B | 2340 |
| 10 | പി.എം. ഫിലിപ്പ്, പൂഴികുന്നേൽ, പെരുമ്പായിക്കാട് പി.ഒ., | XI/210A | 1872 |
| | ആകെ | | 14468 രൂപ |

ജി.ഒ(എം.എസ്സ്)242/13ത.സ്വ.ഭ.വ/02.07.13 പ്രകാരം വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് നല്കുന്നതിന് എല്ലാവർഷവും ഏപ്രിൽ 10ന് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിനു മാത്രമെ ഇളവിന് അർഹതയുള്ളൂ. ടി നിബന്ധനകൾ കർശനമായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.വസ്തു നികുതി ഇനത്തിലെ നഷ്ടം മേൽ പറഞ്ഞ നികുതിദായകരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-9 <u>വസ്തുനികുതി ഡിമാന്റ് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.</u>

2015-16 വർഷം നാട്ടകം മേഖലാ ഓഫീസിൽ നിർണ്ണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ/ഹാൻഡ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമ | വാസഗൃഹം/ വാണിജ്യം | നിർണ്ണയിച്ച വസ്തുനികുതി | വർഷം |
|---|---|---|---|---|---|
| 1 | 14/102 | ഷാജി. എസ്സ്, ഷാനവാസ് ഖാൻ, മുഹമ്മദ് റഷീദ്, പുത്തൻപറമ്പിൽ വീട്, നാട്ടകം. | വാസഗൃഹം | 1579 LC 79 | 2014-15 II മുതൽ |
| 2 | 14/102 A | ഷാജി. എസ്സ്, ഷാനവാസ് ഖാൻ, മുഹമ്മദ് റഷീദ്, പുത്തൻപറമ്പിൽ വീട്, നാട്ടകം. | | 1579 LC 79 | 2014-15 II മുതൽ |
| 3 | 8/130 | ജോസഫ്. കെ, തോമസ്സ്, കിഴക്കേതിൽ, പാക്കിൽ പി. ഒ., | | 2425 LC 121 | 2015-16 IInd |
| 4 | 8/16A | ഗീതാദേവി, കുന്നത്ത്, പാക്കിൽ പി. ഒ., | | 1276 LC 63 | |

ടി വസ്തു നികുതി നിർണ്ണയങ്ങൾ ഡിമാൻറിൽ ചേർത്ത് നികുതി ഈടാക്കേണ്ടതാണ്.

## 2-10 അർദ്ധവാർഷിക വരുമാന പത്രികകൾ സൂക്ഷിക്കുന്നില്ല.

നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ അപാകതകൾ കാണുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 250

(എ) പ്രകാരം വ്യക്തികളും സ്ഥാപനങ്ങളും നഗരസഭയ്ക്ക് സമർപ്പിക്കേണ്ട അർദ്ധവാർഷിക വരുമാന പത്രികകൾ വേണ്ടവിധത്തിൽ ശേഖരിച്ച്സൂക്ഷിക്കുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

തൊഴിൽ നികുതി സംബന്ധിച്ച കൃത്യത ഉറപ്പു വരുത്തുന്നതിന് സെക്ഷൻെ ഭാഗത്തു നിന്നും കൂടുതൽ ജാഗ്രത ഉണ്ടാവേണ്ടതാണ്. അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ, തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട ഇതര രേഖകൾ എന്നിവ കൃത്യമായി ഇനം തിരിച്ച് സൂക്ഷിക്കേണ്ടതാണ്.

## 2-11 വ്യാപാരസ്ഥാപനങ്ങളിലെ തൊഴിൽനികുതി ഈടാക്കുന്നതിൽ ഗുരുതരമായ വീഴ്ച

കോട്ടയം നഗരസഭയുടെ പരിധിയിൽ നൂറുകണക്കിന് വ്യാപാരസ്ഥാപനങ്ങൾ ഉണ്ടെങ്കിലും അവയിൽ മുപ്പതു ശതമാനത്തോളം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആ ഇനത്തിൽ നഗരസഭയ്ക്ക് ലക്ഷക്കണക്കിനു രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. 2015-16 ലെ രണ്ട് അർദ്ധവാർഷങ്ങളിലും തൊഴിൽനികുതി നൽകിയിട്ടില്ലാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് |
|---|---|---|
| 1 | ഐ.എഫ്.ബി ഇൻഡസ്ട്രീസ് | X |
| 2 | ശ്രീവിദ്യാധിരാജാ വിദ്യാഭവൻ | XI |
| 3 | 3എഫ് ഇൻഡസ്ട്രീസ്<br>ഈരയിൽകടവ്. | XI |
| 4 | കുന്നത്തുകളത്തിൽ ജൂവലറി | XII |
| 5 | കൊച്ചിൻ ഗ്ലാസ് എമ്പോറിയം,<br>കുര്യൻസ് റോഡ്, കോട്ടയം | XII |
| 6 | തോമസ് അസോസിയേറ്റ്സ് | XII |
| 7 | വാണിയംപാറ റബർ കമ്പനി ലിമിറ്റഡ്,<br>കെ. കെ. റോഡ്, കോട്ടയം. | XII |
| 8 | വാഴക്കാലാ റബേഴ്സ്, കെ. കെ. റോഡ്, കോട്ടയം. | XII |
| 9 | ഹോട്ടൽ അക്ഷയ, കെ.കെ. റോഡ്. | XII |
| 10 | ബാറ്റ ഇന്ത്യ | XII |

| | | |
|---|---|---|
| 11 | എം.ജി.എം. മെഡിക്കൽസ്. | XII |
| 12 | അയ്യപ്പാസ് സിൽക്ക് ഹൗസ്. | XII |
| 13 | അഞ്ജലി ഹോട്ടൽ, | XII |
| 14 | ക്രൗൺ ജ്വവലറി. | XII |
| 15 | പ്രീമിയർ എഞ്ചിനീയറിംഗ് വർക്ക്സ്. | XII |
| 16 | കൊശമറ്റം ഫിനാൻസ്. | XII |
| 17 | അലൻ ഹാർബർ ഒപ്റ്റിക്കൽസ്. | XIV |
| 18 | വെർട്ടൻ സെക്യൂരിറ്റീസ് ലിമിറ്റഡ്, തടത്തിൽ. | XIV |
| 19 | ഓർക്കിഡ് റസിഡൻസി. | XIV |
| 20 | കൊശമറ്റം ഫിനാൻസ്, അറഫാ ടവർ. | XIV |
| 21 | ധന്യ തീയേറ്റർ. | XIV |
| 22 | രമ്യ തീയേറ്റർ. | XIV |
| 23 | ഭവാസ് അഡ്വർടൈസിംഗ് ഗ്രൂപ്പ്. | XV |
| 24 | രങ്കമണി അസോസിയേറ്റ്സ്, സ്റ്റാർ കോംപ്ലക്സ്, | XV |
| 25 | ഡി.റ്റി.ഡി.സി. പാഴ്സൽ സർവ്വീസ്. | XV |
| 26 | ഡി.റ്റി.ഡി.സി. കൊറിയർ & കാർഗോ സർവ്വീസ്. | XV |
| 27 | ബിഭാ ഹോസ്പിറ്റൽ | XXI |
| 28 | ഐഡിയ സെല്ലുലാർ ലിമിറ്റഡ്, പുത്തനങ്ങാടി | XXI |
| 29 | കൊശമറ്റം ബാങ്കേഴ്സ്, തിരുവാതുക്കൽ | XXII |
| 30 | വേൾഡ്വിഷൻ ഇന്ത്യ, തെക്കുംഗോപുരം | XXIV |

# 2-12 വ്യക്തികളുടെ തൊഴിൽനികുതി ഈടാക്കുന്നതിൽ പിഴവ്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം വ്യക്തികളിൽ നിന്നും ഈടാക്കേണ്ട തൊഴിൽനികുതി പൂർണമായി പിരിച്ചെടുക്കാത്ത വകയിലും നഗരസഭയ്ക്ക് ഭീമമായ വരുമാന നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 2015-16 ലെ രണ്ട് അർദ്ധവാർഷങ്ങളിലും തൊഴിൽനികുതി നൽകിയിട്ടില്ലാത്ത ഏതാനും വ്യക്തികളുടെ വിവരങ്ങൾ ഉദാഹരണമായി താഴെചേർക്കുന്നു.

| നം. | സ്ഥാപനം | വാർഡ് | നികുതി തുക |
|---|---|---|---|
| 1 | ക്ലർജറ്റ് കൊട്ടുവത്തുർ, കോരാ ആൻറ് സൺസ് അസോസിയേഷൻ | XI | 1250 |
| 2 | ജോർജ്ജ് മാത്യു, അഡ്വക്കറ്റ് | XI | 1250 |
| 3 | ആനി കെ. കുരുവിള, അഡ്വക്കറ്റ് | XI | 1250 |
| 4 | എൻ.പി. പ്രഭാകരൻ നായർ, സതേൺ റോഡ് വെയിസ് | XI | 450 |
| 5 | കെ.സി.ഏബ്രഹാം, പേപ്പർ മാർട്ട് | XI | 1250 |
| 6 | എം.പി.ഗോവിന്ദൻ നായർ, അഡ്വക്കറ്റ് | XI | 1250 |
| 7 | സക്കീർ ഹുസൈൻ, അഡ്വക്കറ്റ് | XI | 1250 |
| 8 | കെ. അലി, കോഹിനൂർ ക്ലബ്ബാർ | XI | 1450 |
| 9 | സാം ജോസഫ്, ബിരിയാണി ഹട്ട് | XI | 750 |
| 10 | സുബാഷ് കോശി തമ്പാൻ, I2 ടെക്നോളജീസ് | XI | 1250 |
| 11 | മോൻസി കോര, റിയ പേപ്പർ ക്യാരി ബാഗ് | XI | 1250 |
| 12 | സി. ലൂക്ക്, സതേൺ ഇൻവെസ്റ്റ്മെൻറ | XI | 1250 |
| 13 | മാണി കെ കുര്യൻ, അഞ്ജിമ ടൂറിസ്റ്റ് ഹോം | XI | 1250 |
| 14 | പി. എ. ജോൺസൺ, അജിൻ ഫ്രൂട്ട് സ്റ്റാൾ | XI | 1250 |
| 15 | കെ. എൽ. ലൂക്കോസ്, സെയിൽസ് ടാക്സ് പ്രാക്ടീഷണർ | XI | 1250 |
| 16 | വി.സി തോമസ്, വെട്ടൂർ സെൻറർ | XI | 1250 |
| 17 | രേണ നൈനാൻ, ഐ ഐ എഫ് കംപ്യൂട്ടർ എജ്യൂക്കേഷൻ | XII | 1250 |
| 18 | ഇബ്രാഹിം ജലാൽ, പുളിമൂട്ടിൽ | XXIII | 1250 |
| 19 | മാനേജർ, ഏഷ്യാനെറ്റ് ന്യൂസ് ബ്യൂറോ, കാരാപ്പുഴ | XXV | 1250 |
| 20 | ഡോ. എസ്. സജികുമാർ, സാരംഗ് | XXIV | 1250 |

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സമയബന്ധിതമായി ഡിമാന്റ് ചെയ്ത് ഈടാക്കുകയും, വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-13 വ്യക്തികളുടെ തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തിന്റെ ഒന്നാം അർദ്ധവർഷത്തിൽ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/ തസ്തിക | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | വൈശാഖ്. വി. (എൽ.ഡി. ക്ലർക്ക്) | ജുവനൈൽ ജസ്റ്റീസ് ബോർഡ് | 112668 | 1000 | 750 | 250 |
| 2 | അജികുമാർ. വി. എസ്. (ഒ. എ) | ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്. | 94860 | 750 | 450 | 300 |
| 3 | വിജിൻ. ഇ. പി (പി. സി) | പോലീസ് ടെലികോം സബ് യൂണിറ്റ്, കോട്ടയം | 113184 | 1000 | 750 | 250 |
| 4 | ജയശ്രീ. കെ. എ (ഒ. എ) | കൊമേഴ്സ്യൽ ടാക്സ് കമ്മീഷണർ ഓഫീസ്. | 128136 | 1250 | 1000 | 250 |
| 5 | സുനിൽദത്ത്. ടി. പി. (ഒ. എ) | കൊമേഴ്സ്യൽ ടാക്സ് കമ്മീഷണർ ഓഫീസ്. | 101344 | 1000 | 750 | 250 |
| 6 | അജിത. ടി. കെ. (നേഴ്സിംഗ് അസിസ്റ്റന്റ്) | ജില്ലാ ആയുർവ്വേദ ആശുപത്രി | 128136 | 1250 | 1000 | 250 |
| 7 | എം. വി. ലേഖ (ഒ. എ) | ജില്ലാ ലോട്ടറി ഓഫീസ് | 128136 | 1250 | 1000 | 250 |
| ആകെ കുറവ് | | | | | | 1800 രൂപ |

തൊഴിൽ നികുതിയിനത്തിലെ കുറവ് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-14 <u>പരിധിയിലുള്ള ഡ്രൈവിംഗ് സ്കൂളുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.</u>

കോട്ടയം നഗരസഭയുടെ പരിധിയിൽ നാൽപ്പതോളം ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയിൽ ഒരു സ്ഥാപനത്തിൽ നിന്ന് പോലും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. മേൽ നഗരസഭാസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി സമയബന്ധിതമായി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-15 <u>തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.</u>

കോട്ടയം നഗരസഭയുടെ കുമാരനല്ലൂർ മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. പല സ്ഥാപനങ്ങളും ജീവനക്കാരുടെ അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിച്ചിരിക്കുന്നത് നിശ്ചിത മാതൃകയിലല്ല. നിശ്ചിത മാതൃകയിൽ പത്രിക സ്വീകരിച്ച് വരുമാനത്തിന്റെ കൃത്യത ഉറപ്പുവരുത്തി ആനുപാതികമായ തൊഴിൽനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2015-16 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല:

1) ഓർമ മാർബിൾ പാലസ് - രണ്ടാം അർദ്ധവർഷം

2) അമല ഹോസ്പിറ്റൽ - രണ്ടാം അർദ്ധവർഷം

3) സരസ്വതി ഹോട്ടൽ - അർദ്ധവർഷം

4) റജീന ലോഡ്ജ് - രണ്ടാം അർദ്ധവർഷം

5) കെ.ടി.എം കൺസ്ട്രക്ഷൻ കമ്പനി - രണ്ടാം അർദ്ധവർഷം

6) കീർത്തി ട്രേഡേഴ്സ് - രണ്ടാം അർദ്ധവർഷം

7)IFFCO Tokyo, Insurance - രണ്ടാം അർദ്ധവർഷം

8) ഇൻഡിയ സിമെന്റ് - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

9) ഇൻഡസ് മെഡിക്കൽസ് - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

10) ഡാൽമിയ സിമെന്റ് - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

11) എസ്സാർ കമ്പനി - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

12) Denstone മാർബിൾസ് & ഗ്രാനൈറ്റ്സ് - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

13) പുട്ടാപ്പിള്ളി ഏജൻസീസ് - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

14) എസ്.ബി.ടി, നാഗമ്പടം - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

15) ക്യു.ആർ.എസ് റീട്ടെയിൽ - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

16) രാംകോ സിമെന്റ് - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

17) എ.സി മാത്യു, പെട്രോൾ പമ്പ് - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

18) മംഗളം പബ്ലിക്കേഷൻസ് - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

കൂടാതെ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല:

1)എസ്.എച്ച് ലാബ്, ഗാന്ധിനഗർ - രണ്ടാം അർദ്ധവർഷം

2) മംഗളം ഡെയിലി - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

3) സി.എം.സി ഹോസ്പിറ്റൽ - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

4) ബിസ്മി അപ്ലയൻസസ് - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിലൊന്നായ തൊഴിൽനികുതി പിരിവ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം കൃത്യവും കുറ്റമറ്റതുമാക്കേണ്ടതാണ്. 2015-16 വർഷത്തിൽ ഈടാക്കാനവശേഷിക്കുന്ന തൊഴിൽനികുതി ഈടാക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-16 കോട്ടയം നഗരസഭയുടെ നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിലുള്ള കോടിമതിയിൽ പ്രവർത്തിക്കുന്ന അങ്കിൾ ജോൺ ഐ – ഡ്രൈവ് ഐസ്ക്രീം പാർലറിനോട് ചേർന്ന് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് പാർക്കിൽ നിന്നും വിനോദനികുതി ഈടാക്കിയിട്ടില്ല.

ശ്രീ. റ്റി. എ. ജെയിംസ് ഹൈറേഞ്ച് ഫുഡ് പ്രൊഡക്ട് ലിമിറ്റഡ്, അങ്കിൾ ജോൺഐ - ഡ്രൈവ് ഐസ്ക്രീം പാർലർ, മനോരമയ്ക്ക് സമീപം, കോടിമത, കോട്ടയം എന്ന വ്യക്തി വിനോദ നികുതിയുമായി ബന്ധപ്പെട്ട് 18.01.16ൽ ഒരു അപേക്ഷ നൽകിയിട്ടുണ്ട്. ടി അപേക്ഷയിൽ 10/- രൂപ നിരക്കിൽ പ്രവേശന ഫീസ് മാത്രം ഈടാക്കിയാണ് പൊതുജനങ്ങൾക്ക് പ്രവേശനം നൽകുന്നതെന്ന് പറയുന്നു. ഐസ്ക്രീം പാർലറിനോടൊപ്പം പ്രവർത്തിക്കുന്ന പാർക്കിൽ ട്രാഫിക് നിയമങ്ങൾ പൊതുജനത്തെ അറിയിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്ന ചെറിയ വാഹനങ്ങൾ മാത്രമാണെന്നും സാമൂഹിക പ്രതിബന്ധതയോടുകൂടി മാത്രമാണ് പാർക്ക് പ്രവർത്തിക്കുന്നതെന്നും സൂചിപ്പിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ വിനോദനികുതി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഏകദേശം 70 സെന്റ് സ്ഥലത്ത് പ്രവർത്തിക്കുന്ന ടി ഐസ്ക്രീം പാർലറും, പാർക്കും അസസ്മെന്റ് രജിസ്റ്റർ പ്രകാരം XIV/254D എന്ന വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം സൈമൺ ജോൺ, ഡയറക്ടർ, ഹൈറേഞ്ച് ഫുഡ്സ് പ്രൊഡക്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും കരം അടവാക്കി വരുന്നതുമാണ്. എന്നാൽ ഈ സ്ഥലത്ത് സ്ഥിതിചെയ്യുന്ന 64M2വരുന്ന രണ്ട് നില കെട്ടിടം ഉണ്ട്. ആയതിന് കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. ടി കെട്ടിടം അനധികൃത നിർമ്മാണമാണെന്ന് ഫയൽ പരിശോധനയിൽ കാണുന്നു. ടി അനധികൃത കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് 20.07.16ൽ അപേക്ഷ സമർപ്പിച്ചെങ്കിലും ടി നിർമ്മാണത്തിന് ഉപയോഗിച്ച സ്ഥലം നിലം ആയതിനാൽ അപേക്ഷ നിരസിച്ചതായി കാണുന്നുണ്ട്. ഇതിനെതിരെ ഹൈറേഞ്ച് ഫുഡ്സ് പ്രൊഡക്ട് പ്രൈവറ്റ് ലിമിറ്റഡ് ഹൈക്കോടതിയിൽ WP(c)No. 33128/16 ആയി കേസ് ഫയൽ ചെയ്തിട്ടുണ്ട്.

2. ടി ഐസ്ക്രീം പാലർലറിനോട് ചേർന്ന് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് പാർക്കിൽ കുട്ടികൾ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയ്ക്ക് 50/- രൂപ മുതൽ 200/- രൂപ വരെ നിരക്കിൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്നുണ്ട്. ഇതിനെ ചോദ്യം ചെയ്തുകൊണ്ട് ടി ശ്രീ. റജീഷ് ജോൺ, ഇലപ്പാനാൽ വീട്, പങ്ങട കര, കൂരോപ്പട എന്ന വിലാസത്തിലുള്ള വ്യക്തി ബഹു: മുൻസിഫ് കോടതിയിൽ 16.08.16ൽ ഒ.എസ് - 485/16-ാം കേസ് ഫയൽ ചെയ്തിട്ടുണ്ട്.

3. ഐസ്ക്രീം, ഫാസ്റ്റ് ഫുഡ്, സോഫ്റ്റ് ഡ്രിങ്ക്സ്, കോഫി ഷോപ്പ് എന്നിവ നടത്തുന്നതിനായി 2016-17 വർഷത്തേയ്ക്ക് ഡി & ഒ ലൈസൻസ് എടുത്ത് 08.08.16ൽ ആണ് (Ntm/297/16-17 തീയതി 08.08.16) മുൻവർഷങ്ങളിൽ ടി സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടോ എന്നുള്ളത് വ്യക്തമല്ല. അനധികൃത നിർമ്മാണം ഡി & ഒ ലൈസൻസ് കൂടാതെയുള്ള പ്രവർത്തനം എന്നിവയ്ക്കെതിരായി നഗരസഭ യഥാസമയം നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് ഫയൽ പരിശോധനയിൽ കാണുന്നു.

ടി സ്ഥാപനത്തിന്റെ ലൈസൻസിന്റെ ആധികാരികത കുട്ടികൾക്കായുള്ള വിനോദ ഉപകരണങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കാൻ കുട്ടികൾ ഉപയോഗിക്കുന്ന ഉപകരങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് 04.11.16ൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ബ്യൂറോ, കോട്ടയം നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. നഗരസഭ 16.11.16ൽ NR2-312/16 നമ്പർ കത്തായി നൽകി മറുപടിയിൽ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളതായി പറയുന്നുണ്ട്.

4. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട് 1961 സെക്ഷൻ 3ബി (1) കാറ്റഗറി എ പ്രകാരം താഴെ പറയുന്ന കാരണങ്ങളാൽ 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ പ്രതിവർഷം വിനോദനികുതി ഈടാക്കാവുന്നതാണ്.

സർക്കാർ നിർദ്ദേശിച്ച ന്യായവില (fare value) പ്രകാരം ഭൂമിയുടെ വില : 3486650
ചാർട്ടേഡ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം കളിക്കോപ്പുകളുടേയും : 3325200
മറ്റ് ഉപകരണങ്ങളുടേയും വില

വാട്ടർ തീം യൂണിറ്റ് : 1650000

ഐസ്ക്രീം പാർലറിന്റെ കവാടത്തിന്റെ വില : 64050

ഐസ്ക്രീം പാർലർ നിർമ്മാണത്തിന് : 247500

ആകെ : 8773400

ആകെ സ്ഥല വിസ്തീർണ്ണം : 27.30 ആർ

3 കോടിയിൽ താഴെ മുടക്കുമുതലുള്ള 2 ഹെക്ടറും അതിന് താഴെയും സ്ഥലവിസ്തീർണ്ണമുള് അമ്യൂസ്മെന്റ് പാർക്കുകൾക്ക് 3 ലക്ഷം മുതൽ 6 ലക്ഷം വരെ വിനോദനികുതി ഈടാക്കാമെന്നിരിക്കെ 8773400/- രൂപ മുതൽ മുടക്കും 27.3 ആർ സ്ഥലവിസ്തീർണ്ണവുമുള്ള ടി പാർക്കിൽ നിന്നും നാളിതുവരെ വിനോദനികുതി ലഭിച്ചിട്ടില്ല. സ്ഥാപനത്തിൽ നിന്നു വിനോദനികുതി ഈടാക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. പാർക്ക് ആരംഭിച്ച വർഷം മുതൽ നാളിതുവരെയുള്ള വിനോദനികുതി നിയമാനുസൃതമായ പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 2-17 പരസ്യ നികുതി പിരിവിലെ അപാകതകൾ

2015-16 വർഷത്തെ പരസ്യനികുതി പിരിവിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1) 2015-16 വർഷത്തെ പരസ്യനികുതി പിരിവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ 2015-16ലെ ലേലതുകയുടെ 50% (25% + 25%) രണ്ടു തവണകളായി 331718 രൂപ വീതം രസീത് നം. 01/11501103179/03.07.15, രസീത് നം. 01/11501110862/07.01.16 എന്നിവ പ്രകാരം അടവാക്കിയിട്ടുണ്ട്. പരസ്യനികുതി ഇനത്തിൽ 663436 രൂപ ആകെ വരവ് ഉള്ളതായി കാണുന്നുവെങ്കിലും വാർഷിക ധനകാര്യപത്രികയിൽ 136805/- രൂപയാണ് പരസ്യനികുതി ഇനത്തിൽ വരവായി കാണിച്ചിരിക്കുന്നത്.

2. പരസ്യനികുതി സംബന്ധിച്ച കൗൺസിൽ പാസാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള ബൈലോ നിരക്ക് അനുസരിച്ച് മാത്രമേ കുത്തകക്കാരന് നികുതി ഈടാക്കുവാൻ അവകാശമുള്ളൂ എന്നിരിക്കെ WP(c) No. 8546/2015 പ്രകാരം പരസ്യനികുതി ബൈലോ സ്റ്റേ ചെയ്തിട്ടു ള്ളതിനാൽ,ഇപ്പോൾഎന്ത് അടിസ്ഥാനത്തിലാണ് കുത്തകക്കാരൻ പരസ്യനികുതി പിരിയ്ക്കുന്നത്എന്നത് വ്യക്തമല്ല.

3. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 572 പ്രകാരം ഏതെങ്കിലും ബൈലോ, റഗുലേഷനോ അവയുടെ റദ്ദാക്കലോ, വ്യത്യാസപ്പെടുത്തലോ അത് സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്നിരിക്കെ ഇപ്രകാരം ബൈലൊയ്ക്ക് സർക്കാർ അംഗീകാരം വാങ്ങാൻ തുടർ നടപടികൾ സ്വീകരികരിക്കാൻ കാലതാമസം നേരിടുന്നു മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് പരസ്യനികുതി പിരിവ് കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-18 നാഗമ്പടം മൈതാനം ചുറ്റുമതിൽ, പഴയ പോലീസ് സ്റ്റേഷൻ മൈതാനം എന്നിവിടങ്ങളിലെ പരസ്യനികുതി പിരിക്കുന്നതിൽ വീഴ്ച- നഗരസഭയ്ക്ക് വരുമാന ചോർച്ച

2015-16 വർഷം നാഗമ്പടം മൈതാനത്തിന്റെ ചുറ്റുമതിൽ, പഴയ പോലീസ് സ്റ്റേഷൻ മൈതാനം എന്നി വയിൽ പരസ്യം ചെയ്യുന്നതിന് ക്വട്ടേഷൻ/ലേലം പരസ്യം പ്രകാരം താഴെപ്പറയുന്ന ലേല

നിബന്ധനകൾ ഉള്ളതായി കാണുന്നു.

നിരതദ്രവ്യം : 50.000/-

മിനിമം ലേലതുക സ്ക്വയർമീറ്ററിന് : 500/-

സെക്യൂരിറ്റി ഡിപ്പോസിറ്റ് : 2,00,000/-

കാലാവധി : 1 വർഷം

I) 2015-16 വർഷം പരസ്യം ചെയ്യുന്നതിനായി ലേലം നടത്തിയപ്പോൾ ആരും ലേലം പിടിക്കാത്തതിനാൽ ഏറ്റവും ഉയർന്ന തുക ക്വോട്ട് ചെയ്ത ആർട്ടിസ്റ്റ് റജി, പുത്തൻപറമ്പിൽ, കാരാപ്പുഴ, കോട്ടയം എന്നയാൾക്ക് സ്ക്വയർ മീറ്ററിന് 12/- രൂപ നിരക്കിൽ 31.03.15ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നൽകിയതായി കാണുന്നു. ടി ചുറ്റുമതിലിൽ പരസ്യം ചെയ്യുന്നതിന് സ്ക്വയർ മീറ്ററിന് 13.25 നിരക്കിൽ ശ്രീ. ഷാജി എന്നയാൾ അപേക്ഷ സമർപ്പിച്ചിരുന്നു. 12.05.15ൽ ആർട്ടിസ്റ്റ് റജിയും, 28.05.15ൽ ശ്രീ. ഷാജിയും ക്വട്ടേഷൻ സമർപ്പിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 28.05.15ൽ ശ്രീ. ഷാജി സമർപ്പിച്ച അപേക്ഷയിൽ 13.05.15ൽ ടിയാൾ ക്വട്ടേഷൻ സമർപ്പിച്ചതായി പറയുന്നുണ്ട്. 28.05.15ൽ ആണ് ശ്രീ. ഷാജി അപേക്ഷിച്ചിരുന്നത് എന്ന കാരണത്താൽ ശ്രീ. ഷാജിയുടെ ക്വട്ടേഷൻ നഗരസഭ നിരസിച്ചിട്ടുള്ളതായി കാണുന്നു.13.75/- നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. ഷാജിയുടെ ക്വട്ടേഷൻ നിരസിച്ചതതൻെ യഥാർത്ഥ കാരണം വ്യക്തമല്ല.

05.08.15ൽ സെക്യൂരിറ്റി ഡെപ്പോസിറ്റായ 2 ലക്ഷം രൂപ ഒടുക്കുന്നതിൽ നിന്നും തന്നെ ഒഴിവാക്കണമെന്ന് ആർട്ടിസ്റ്റ് റജി അപേക്ഷ നൽകുകയും 16.09.15ലെ 24-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് 25,000/- രൂപയായി കുറവ് ചെയ്യുകയും ചെയ്തു. 14.10.15ലെ നം. R7/R6/33705/2014 നമ്പർ കത്ത് പ്രകാരം ടിയാൻ നഗരസഭയുമായി ഉടമ്പടി വെയ്ക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയെങ്കിലും ടിയാൻ നോട്ടീസ് കൈപ്പറ്റിയതിനുശേഷവും തുക ഒടുക്കുകയോ, കരാർ വയ്ക്കുകയോ ചെയ്തിട്ടില്ല .

II) കോട്ടയം നഗരസഭാ പഴയ പോലീസ് സ്റ്റേഷന്റ മൈതാനത്തിന്റെ ചുറ്റുമതിൽ 203.27 M2 വിസ്തീർണ്ണത്തിൽ പരസ്യം ചെയ്യുന്നതിന് ലേലം ചെയ്തു എങ്കിലും ആരും ലേലത്തിൽ പിടിച്ചിട്ടില്ല എന്ന് കാണുന്നു. എന്നാൽ ചതുരശ്ര കിലോമീറ്ററിന് 12/- രൂപ നിരക്കിൽ ക്വട്ടേഷൻ ലഭിച്ചതായി നോട്ട് ഫയലിൽ കാണുന്നുണ്ട്. തുടർനടപടികൾ വ്യക്തമല്ല.

മേൽ പറഞ്ഞ രണ്ട് സ്ഥലങ്ങളിലും 2015-16വർഷം പരസ്യം ചെയ്യുന്നതിനായി പുനർലേലം നടത്തിയിട്ടില്ല.2015-16 വർഷം ടി ഇനത്തിൽ നഗരസഭയ്ക്ക് വരുമാനം ലഭിച്ചിട്ടില്ല.നഗരസഭയുടെ പ്രധാന വരുമാന ഇനങ്ങളിലൊന്നായ പരസ്യനികുതി ഈടാക്കുന്ന തിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപെടുത്തുന്നു.

## 2-19 <u>ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കൽ - ചട്ടപ്രകാരമല്ല.</u>

കോട്ടയം നഗരസഭയിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു:

1. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) എഴുതി സൂക്ഷിക്കുന്നില്ല. ഇത് ലൈസൻസ് ഫീസ് ഈടാക്കലിന്റെ കൃത്യത ഇല്ലാതാക്കുന്നു.

2. 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പ്രസ്തുത ചട്ടങ്ങളിലെ 1ഉം 2ഉം പട്ടികകളിൽ ഓരോയിനത്തിനും നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിനു വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണെന്നും അത്തരത്തിലുള്ള വിജ്ഞാപനം ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നാലുടൻ പ്രസിദ്ധീകരിക്കേണ്ടതാണെന്നും അനുശാസിക്കുന്നു. എന്നാൽ കോട്ടയം നഗരസഭയിൽ അത്തരത്തിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല.

3. 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള സമയപരിധി അവസാനിച്ചശേഷം അതു പുതുക്കുന്നതിന് അപേക്ഷിക്കുന്ന സംഗതിയിൽ പത്തു ദിവസം വരെയുള്ള കാലതാമസത്തിന് വാർഷികഫീസിന്റെ 25% തുകയും അതിൽ കൂടുതൽ വരുന്ന കാലയളവിലേയ്ക്ക് ഓരോ 15 ദിവസത്തേയ്ക്കും 25% നിരക്കിലും അധിക ഫീസ് ഈടാക്കിക്കൊണ്ട് ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. എന്നാൽ കോട്ടയം നഗരസഭയിൽ ഡി & ഒ ലൈസൻസ് പുതുക്കി നൽകുന്നതിന് ചട്ടത്തിൽ പറഞ്ഞിരിക്കുന്ന നിരക്കിൽ അധികഫീസ് ഈടാക്കിവരുന്നില്ല. ഇക്കാരണത്താൽ നഗരസഭയ്ക്ക് പ്രതിവർഷം വരവിനത്തിൽ വൻതുക നഷ്ടമായിക്കൊണ്ടിരിക്കുന്നു.

ഡി & ഒ ലൈസൻസ് ഫീസ് നിരക്ക് കൗൺസിൽ തീരുമാനത്തിന്മേൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും ഫീസ് ഈടാക്കലും ഡി & ഒ ലൈസൻസ് പുതുക്കി നൽകലും ചട്ടപ്രകാരം ചെയ്യേണ്ടതുമാണ്.

## 2-20 <u>അനധികൃത നിർമ്മാണങ്ങൾ പെരുകുന്നു; നഗരസഭ നടപടി സ്വീകരിക്കുന്നില്ല</u>

കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അപ്പൻഡിക്സ് I ൽ കാണിച്ചിട്ടുള്ള മാതൃകയിൽ പെർമിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വാർഡ് നമ്പർ, നോട്ടീസ് പുറപ്പെടുവിച്ച തീയതി, പെർമിറ്റ് കാലാവധി, പെർമിറ്റ് നിരസിച്ചെങ്കിൽ ആയതിന്റെ വിവരങ്ങൾ, പൂർത്തീകരണ റിപ്പോർട്ട് ലഭിച്ച തീയതി, ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയ തീയതി, വസ്തു നികുതി അസ്സസ്സ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ തുടർ നിരീക്ഷണം സാധ്യമാകുന്നില്ല. അസ്സസ്സ്മെന്റ് രേഖപ്പെടുത്താത്തതിനാൽ ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയ എല്ലാ കെട്ടിടങ്ങളും അസ്സസ്സ് ചെയ്തിട്ടുണ്ടോ എന്നും ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്നും പരിശോധിച്ച് ഉറപ്പാക്കാൻ കഴിയുന്നില്ല.

**(1) കാലാവധി കഴിഞ്ഞ പെർമിറ്റുകൾ; തുടർനടപടികളില്ല**

2011-12 വർഷങ്ങളിൽ ഇഷ്യൂ ചെയ്തതും കാലാവധി കഴിഞ്ഞതുമായ പെർമിറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേരും, അഡ്രസും | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം ($M^2$) | സർവ്വേ നം. |
|---|---|---|---|---|
| 1 | പോൾ തോമസ്, അരീക്കൽ, പള്ളിക്കൽ | വാസഗൃഹം | 153.99 $M^2$ | 145/3-2/19 |
| 2 | മേരിക്കുട്ടി മാത്യു, കാവുങ്കമൂലയിൽ, പാക്കിൽ | വാസഗൃഹം | 132.09 $M^2$ 109.69 $M^2$ | 657/27/8 |
| 3 | കെ.വി. ജയപ്രകാശ്, കളപ്പുരമറ്റം, കാക്കൂർ, നാട്ടകം | വാസഗൃഹം | 103.05 $M^2$ 91.50 $M^2$ | 18 444/11-2 444/10-3 |
| 4 | അന്നാമ്മതോമസ്, ചിറവിടത്ത്, കോടിമത | | 288 $M^2$ | 180/16-1 |
| 5 | പ്രിൻസ്. സി. തോമസ്, സ്മിതാ ഹോംസ്, ചിറക്കടവിൽ | വാണിജ്യം | 296.4 $M^2$ | 181/1-3/18 |
| 6 | കെ. ജി. സത്യവാൻ, തിരുമലപ്പറമ്പിൽ, നാട്ടകം. | വാസഗൃഹം | 83.19 + 51.58 | 450/18-28 |
| 7 | ജസീല, പാലത്തിനാൽതോപ്പിൽ, പാക്കിൽ | വാസഗൃഹം | 8.54 $M^2$ | 654/39-18 |
| 8 | രാജേഷ്, കുറക്കലത്തുചിറ, മുട്ടം | വാസഗൃഹം | 167.81 $M^2$ | 458/4-21-8 |
| 9 | ദാമോദരൻ, ശ്രീവിലാസം, ഇരുപതിൽചിറ | വാണിജ്യം | 5063 $M^2$ | 757/19 |
| 10 | രാജേഷ്. എൻ. കെ, നടുവിലേപ്പറമ്പിൽ | വാസഗൃഹം | 106 $M^2$ | 382/4-4 |
| 11 | മമ്മദേവൻ. എസ്, കണിയാംകുന്ന്, മണിപ്പുഴ | വാസഗൃഹം | 111.81 $M^2$ | 577/12-18 |
| 12 | വൈ. എൻ. ശശി, പാറക്കുഴിയിൽ, ചിങ്ങവനം | വാണിജ്യം | 143.94 $M^2$ | 434/12-2 15-4 |

| | | | | |
|---|---|---|---|---|
| 13 | ശേശമ്മ ജോൺ, വലിയപറമ്പിൽ, പാക്കിൽ | വാസഗൃഹം | 77.76 $M^2$ | 121/8-19 |
| 14 | മോഹനൻ & ജയചന്ദ്രൻ & ഉഷാകുമാരി, രേവതി ഹൗസ്, പാക്കിൽ | വാണിജ്യം | 109.04 $M^2$ | 623/26-2 |
| 15 | രാജേഷ്, വടക്കേപ്പറമ്പിൽ | വാസഗൃഹം | 113.03 $M^2$ | 378/6<br>375/10-2 |
| 16 | ജാനകി ചെല്ലമ്മ, തുണ്ടിയിൽ, ചിങ്ങവനം | വാസഗൃഹം | 158.36 $M^2$ | 660/9-19 |
| 17 | രാജു, കൊച്ചുവീട്ടിൽ, പള്ളം | വാസഗൃഹം | 121 $M^2$ | 32/8-19 |
| 18 | പി. എസ്. ശ്യാംകുമാർ, ഇലഞ്ഞിക്കാവ് പുത്തൻപുരയിടം, നീണ്ടൂർ | വാണിജ്യം | 277.03$M^2$ | 194/10-6<br>10-9 |
| 19 | ജയമോൻ, പതിനെട്ടിൽ, പള്ളം | വാസഗൃഹം | 159.01$M^2$ | 176/5-3 |
| 20 | വത്സമ്മ. കെ, കെ, മാടമ്പ്കാട്ട്, നാട്ടകം | വാസഗൃഹം | 112.98$M^2$ | 446/86 |
| 21 | ഓമനക്കുട്ടൻ. കെ. റ്റി, അയിരുമല വീട്ടിൽ, കുരോപ്പട, കോട്ടയം | വാസഗൃഹം | 122.14$M^2$ | 557/9-2 |
| 22 | അലക്സ് ജോസഫ്, മഞ്ഞിലേത്ത, നാട്ടകം | വാണിജ്യം | 1240.5$M^2$ | 90/24/5-8 |
| 23 | ജോൺസൺ. എം. ബി, മുപ്പതിൽചിറ, പള്ളം | വാസഗൃഹം | 84.77$M^2$ | 35/5-2,<br>5-3 |
| 24 | ജേക്കബ് ജോൺ, ചെമ്പിത്തറ, നാട്ടകം, പള്ളം | വാസഗൃഹം | 350.01$M^2$ | 238/2 |
| 25 | പി. കെ. രാജു, പുതുശ്ശേരിൽ, പാക്കിൽ | വാസഗൃഹം | 345.88$M^2$ | 13/13 |
| 26 | വിജയകുമാർ. കെ. എൻ, കല്ലുംപറമ്പിൽ, പാമ്പാടി, കോട്ടയം | വാസഗൃഹം | 173.18$M^2$ | 77/5-4 |

| | | | | |
|---|---|---|---|---|
| 27 | അശ്വതി. സി. ചന്ദ്രൻ, അശ്വതിഭവനം, നാട്ടകം | വാസഗൃഹം | $109.97M^2$ | 465/2 |
| 28 | സുരേഷ് സുകുമാരൻ & ബെജി സുധാരാജൻ, അറുത്തുട്ടിൽ ഹൗസ്, താഴത്തങ്ങാടി, വേളൂർ | വാസഗൃഹം | $285.08M^2$ | 83/7 |
| 29 | വിജയപ്പൻ നായർ & മിസ്. രാജേശ്വരി സന്ദീപ്. വി. നായർ, കോളേജ് റോഡ്, ചങ്ങനാശ്ശേരി. | വാണിജ്യം | $1164.2M^2$ | 656/9-1 656/9-2 656/9-3 |
| 30 | ഫിലിപ്പ്. പി. ജേക്കബ് & വി. ജെ. ജയിംസ്, പടിഞ്ഞാറേപ്പറമ്പിൽ ഹൗസ്, വാകത്താനം | വാണിജ്യം | $289.44M^2$ | 165/31, 165/14 |
| 31 | വിജയകുമാർ. വി. പി, ലാവണി, (സന്നിധാനം) പൂവൻതുരുത്ത്, കോട്ടയം | വാസഗൃഹം | $227.02M^2$ | 213/8 |
| 32 | ഫിലിപ്പ്. പി. ജേക്കബ് മാണിഫിലിപ്പോസ്, പടിഞ്ഞാറേപ്പറമ്പിൽ, വാകത്താനം | വാണിജ്യം | $299.70M^2$ | 163/114, 163/13 |
| 33 | എൽ. രാമസ്വാമി, റ്റി.വി. സുന്ദരംഅയ്യങ്കാർ & സൺസ് ലിമിറ്റഡ്, 7ബി വെസ്റ്റ്വേളി സ്ട്രീറ്റ്, മധുരൈ | വാണിജ്യം | $4800.73M^2$ | 471/1-1, 1-2, 1-3 |
| 34 | സുകുമാർ. എ. സി, അഞ്ചിൽ ഹൗസ്, കാവാലം നോർത്ത്, കുട്ടനാട്. | വാസഗൃഹം | $112.69M^2$ | 187/2 |
| 35 | വി. എൻ. ജോസഫ്, വെട്ടിപ്പറമ്പിൽ, | വാസഗൃഹം | $184.69M^2$ | 754/6-1 |

| | | | | |
|---|---|---|---|---|
| | ചാന്നാനിക്കാട്, കോട്ടയം | | | |
| 36 | ബിന്ദുവർഗ്ഗീസ്, കൊച്ചുപറമ്പിൽ ഹൗസ്, പാക്കിൽ, കോട്ടയം | വാസഗൃഹം | $156.92M^2$ | 657/25 |
| 37 | തോമസ് ജേക്കബ്, ഒറ്റത്തൈയ്ക്കൽ, ചിങ്ങവനം, കോട്ടയം | വാസഗൃഹം | $175.37M^2$ | 657/12-1 |
| 38 | ശിവദാസ് ( (Sikamani) ആശാരിപ്പറമ്പിൽ, ചിങ്ങവനം, കോട്ടയം | വാണിജ്യം | $410M^2$ | 320/10 |
| 39 | രാധാമണി മനു & ബിനു, പതിനെട്ടിൽ ചിറ, മറിയപ്പള്ളി, മുട്ടം | വാസഗൃഹം | $75.83M^2$ | 78/3 |
| 40 | സാബു. കെ. എസ്, കിഴക്കേ അറയ്ക്കൽ, പാക്കിൽ | വാസഗൃഹം | $233.18M^2$ | 115/3 |
| 41 | മോബി മാർക്കോസ്, എറഞ്ഞിക്കൽ ഹൗസ്, ഇടപ്പള്ളി, എറണാകുളം | വാസഗൃഹം | $256.66M^2$ | 291/3, 291/18-2 |
| 42 | കെ. വി. റജി, പ്ലാങ്കടവിൽ ഹൗസ്, പാക്കിൽ, കോട്ടയം | വാസഗൃഹം | $116.28M^2$ | 655/3-2 |
| 43 | എം. കെ. മോഹൻദാസ്, പാളയത്തിൽ ഹൗസ്, നാട്ടകം, കോട്ടയം | വാസഗൃഹം | $125.5M^2$ | 499/5-2 |
| 44 | ബേബി വർഗ്ഗീസ്, താഴപ്പിൽ, പാക്കിൽ, കോട്ടയം | വാണിജ്യം | $148.52M^2$ | 604/2-1 |
| 45 | ജനറൽ സെക്രട്ടറി, മുസ്ളീം എജ്യുക്കേഷൻ സൊസൈറ്റി, കോടിമത, കോട്ടയം | വാണിജ്യം | $2011.21M^2$ | 336/6-2 336/4 336/7-3 |
| 46 | സീമ അനിൽ, | വാണിജ്യം | $356.16M^2$ | 225/6-2 |

| | | | | |
|---|---|---|---|---|
| | പാലക്കുടിയിൽ ഹൗസ്, ചിങ്ങവനം | | | |
| 47 | പി. വി. തോമസ്, പുത്തൻപുരയിൽ, ചിങ്ങവനം, കോട്ടയം | വാണിജ്യം | $278.66M^2$ | 331/1-1 |
| 48 | സി. വി. ബോസ്, കാർമൽ പുത്തൻപറമ്പിൽ, പാക്കിൽ | വാണിജ്യം | $276.77M^2$ | 438/12 |
| 49 | വിലാസിനി, ബ്രീസ് വില്ല, പള്ളം, കോട്ടയം | വാസഗൃഹം | $116.58M^2$ | 272/14-1 |
| 50 | മധുസൂതനൻ & പ്രീത, ശ്രീവത്സം, മറിയപ്പള്ളി | വാസഗൃഹം | $170.16M^2$ | 77/17-2 |
| 51 | കെ. കെ. സുരേഷ്കുമാർ, മണ്ണത്ത് കിഴക്കേപ്പറമ്പിൽ, മൂലവട്ടം | വാസഗൃഹം | $67.51M^2$ | 134/220 |
| 52 | രാജേഷ്, നെടുവേലിൽ, മൂലവട്ടം, കോട്ടയം | വാസഗൃഹം | $101.41M^2$ | 144/9 |

കുമാരനല്ലൂർ സോണൽ

| ക്രമ നം. | പേരും, അഡ്രസ്സും | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം ($M^2$) | സർവ്വേ നം. |
|---|---|---|---|---|
| 53 | ജോണി ജോസഫ്,സ്രാമ്പിച്ചിറി ഹൗസ് എസ്.എച്ച്.എം പി.ഒ | വാണിജ്യം | 169.40 | B.26 |
| 54 | പി.എസ്.മുരുകൻ,മഴമന്തേരു ഹൗസ്,എസ്.എച്ച്.എം.പി.ഒ | വാസഗൃഹം | 130 | 151/5 |
| 55 | തോമസ്എബ്രഹാം,അഞ്ചുകാലായിൽ, കോട്ടയം | വാസഗൃഹം | 70.18 | 568/6.8 |
| 56 | പോൾചാൾസ്,തൈപ്പറമ്പിൽ, എസ്.എച്ച്.എം.പി.ഒ | വാസഗൃഹം | 276.27 | 490/18 |
| 57 | കെ.സി.വർഗ്ഗീസ്,ഒതളുംമൂട്ടിൽ,പെരുംപായ്ക്കാട് | വാണിജ്യം | 170 | 20/12-1 |
| 58 | അശോക് രാമചന്ദ്രൻ,പുറക്കാട് മണലേൽ | വാസഗൃഹം | 230.24 | 178/40.2 |
| | | | | |

| | | | | |
|---|---|---|---|---|
| 59 | ചന്ദ്രമോഹനൻ നായർ,കുമ്മനൂർ,നാട്ടശ്ശേരി | വാസഗൃഹം | 70.11 | 218/10 |
| 60 | ജമീലാ ഹസ്സൻ,പരുത്തിക്കുഴി ഹൗസ് എസ്.എച്ച്,എം.(പി.ഒ) | വാസഗൃഹം | 106.88 | 87/11.1.1 |
| 61 | എ.പി.മണി,ആനന്ദ് ഭവനം,തെള്ളകം | വാസഗൃഹം | 266.8 | 26/4.1.1 |
| 62 | അരുൺ മാത്യു,പള്ളിപ്പടിയ്ക്കൽ,പെരുംപായ്ക്കാട് | വാസഗൃഹം | 72.09 | 332/1.1 |
| 63 | രാജു ജോർജ്ജ്,പലക്കാട്ട് മറ്റത്തൽ,മള്ളൂശ്ശേരി | വാസഗൃഹം | 69.25 | 61/13 |
| 64 | ഹരീഷ് കുമാർ, മടപ്രപ്പള്ളി,മറ്റത്തിൽ,മള്ളൂശ്ശേരി | വാസഗൃഹം | 69.54 | 507/8-2 |
| 65 | കഹാരിയ അഹമ്മദ് സേഫ്,കോട്ടയ്ക്കൽ,പെരുംപായ്ക്കോട് | വാണിജ്യം | 199.87 | 156/7 |
| 66 | സുരേഷ് കുമാർ,പുത്തൻപുരയിൽ,എസ്.എച്ച്.എം(പി.ഒ) | വാസഗൃഹം | 104.47 | 167/11-1 |
| 67 | ഗംഗാധരൻ, എണ്ണായിയ്ക്കൽ പറമ്പിൽ | വാസഗൃഹം | 108 | 160/39 |
| 68 | ഷിബു മാത്യു,മോക്കാട്ടിൽ കുന്നേൽ,കുമാരനല്ലൂർ | വാസഗൃഹം | 151.32 | 423/20.1.2 |
| 69 | ഗോപിനാഥൻ,ഹരികൃഷ്ണ നിവാസ്, നട്ടാശ്ശേരി | വാസഗൃഹം | 85 | 166/171 |

പെർമിറ്റ് കാലാവധി കഴിഞ്ഞ സൈറ്റുകൾ പരിശോധിച്ച് നിർമ്മാണം പൂർത്തീകരിച്ചതാണോ എന്ന വിവരം ഉറപ്പാക്കുന്നില്ല. സമയബന്ധിതമായി കംപ്ളീഷൻ പ്ളാൻ ഫയൽ ചെയ്ത് വസ്തു നികുതി അടവാക്കാൻ സന്നദ്ധരാകാത്ത കെട്ടിട ഉടമകൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല.ഇത് മൂലം കെട്ടിടങ്ങളുടെ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി പെർമിറ്റിന് അപേക്ഷിക്കുന്നവർക്ക് കെട്ടിട നംപർ ആവശ്യമില്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചാലും നഗരസഭയെ അറിയിക്കുന്നില്ല. ഇത് മൂലം വസ്തുനികുതി നിർണ്ണയിക്കാൻ കഴിയാതെ വലിയ നഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടാകുന്നത്.

**(2) അനധികൃത നിർമ്മാണങ്ങൾക്കെതിരേ നടപടികൾ സ്വീകരിക്കുന്നില്ല**

നഗരസഭയിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് നഗരസഭയിൽ ലഭിക്കുന്ന പരാതികൾ സംബന്ധിച്ച വിവരങ്ങൾ ഒരു രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്. ഇതിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

19.5.2014-ലെ 29342/RA1/2014/ത.സ്വ.ഭ.വ ഉത്തരവിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കാത്ത സ്ഥാപനങ്ങൾക്കെതിരേ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി സർക്കുലറിലെ അനുബന്ധം 1 പ്രകാരം പ്രകാരം അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**(3) <u>പെർമിറ്റ് ഫീസ് ഇടാക്കിയതിലെ കുറവ്. 20555/- രൂപ</u>**

1994 ലെ കേരള കേരള മുൻസിപ്പൽ ചട്ടം 394 പ്രകാരം വാസഗൃഹങ്ങൾക്ക് 7 രൂപ നിരക്കിലും (150 ച.മീ താഴെ 3.50 രൂപ)വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 10 രൂപ നിരക്കിലും ആണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.ആയത് പ്രകാരം കുറവായി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നാട്ടകം മേഖലാ ഓഫീസ്

| ക്രമ നം | പേര് അഡ്രസ് | കെട്ടിടത്തിന്റെ തരം | FAR | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | ടിറ്റോ ജേക്കബ്, ചിറയിൽ, കുറുമ്പടം, ചങ്ങനാശ്ശേരി. | വാസഗൃഹം | 235.20 $M^2$ | 80 | 1646.40 | 1566.4 |
| 2 | രാജമ്മ c/o ശിവശങ്കരപ്പണിക്കർ, മണിമന്ദിരം, മൂലവട്ടം | വാസഗൃഹം | 173.88$M^2$ | 609 | 1217.16 | 608.16 |
| 3 | ഡേവിഡ്.പി. കുഞ്ഞുമോൻ പാറയിൽ, നാട്ടകം | വാസഗൃഹം | 90$M^2$ | 202 | 315 | 113 |
| 4 | പ്രസാദ്, തടത്തിൽ, മറിയപ്പള്ളി, കോട്ടയം | വാസഗൃഹം | 208$M^2$ | 798 | 1458 | 658 |
| 5 | ബാബു ജേക്കബ്, തോണ്ടുകുഴിയിൽ, ചിങ്ങവനം | വാസഗൃഹം | 139.75$M^2$ @ 3.50 | 431 | 489.125 | 49.125 |
| 6 | ശോശാമ്മ മാത്തൻ, കല്ലുപ്പറമ്പിൽ, പള്ളം | വാസഗൃഹം | 1049.11$M^2$ | 1460 | 7343.77 | 5883 |
| 7 | മോളമ്മ പോൾ, ചാവക്കാലയിൽ, പാക്കിൽ | വാണിജ്യം | 2471.11$M^2$ | 11809 | 12355.55 | 546.55 |
| 8 | പ്രമോദ്. വി, കൊറോത്താ ഹൗസ്, പള്ളം | വാസഗൃഹം | 172.20$M^2$ | 1192 | 1205.4 | 64 |
| 9 | റ്റെഡി സഖറിയ തോമസ്, കേളചന്ദ്രാ, ചിങ്ങവനം | വാണിജ്യം | 226.80$M^2$ | 1587 | 2268 | 681 |
| 10 | പി. എം. | വാസഗൃഹം | 268.47$M^2$ | 1829 | 1879 | 50 |

| | | | | | | |
|---|---|---|---|---|---|---|
| | കുര്യാക്കോസ്,<br>പാലക്കുടിയിൽ,<br>പള്ളം പി.ഒ | | | | | |
| 11 | പി. ആനന്ദ്,<br>കോടിയാട്ട് ഹൗസ്,<br>കാരാപ്പുഴ | വാണിജ്യം | $258.59M^2$ | 2481 | 2588.9 | 104.9 |
| 12 | സി. എം. ജോൺ,<br>സി. ജി. ലാലിച്ചൻ,<br>ചെന്നാട്ട് ഹൗസ്,<br>നാട്ടകം | വാണിജ്യം | $565.20M^2$ | 4522 | 5652 | 1130 |
| 13 | സണ്ണി. സി.<br>എബ്രഹാം<br>വട്ടുകളം, മൂലവട്ടം | വാണിജ്യം | $11.77M^2$ | 83 | 117.7 | 34.7 |
| 14 | ബോസ്,<br>ഇടവക്കോട്ടാൽ,<br>വാകത്താനം | വാണിജ്യം | $204.50M^2$ | 1432 | 2045 | 613 |

ആകെ -12101/-രൂപ

## 2) <u>കുമാരനല്ലൂർ മേഖലാ ഓഫീസ്</u>

| ക്രമ നം | പേര് അഡ്രസ് | കെട്ടിടത്തിന്റെ തരം | FAR | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | വൃന്ദ പ്രഭാകർ<br>ഗ്രാപ്സൻ വില്ല,<br>മുണ്ടിയൂർ കര | വാസഗൃഹം | 244.51 | 1112 | 1711.57 | 599.57 |
| 2 | ഗോപകുമാർ,ചിറ്റേത്ത് ഹൗസ്,ഗാന്ധിനഗർ | വാസഗൃഹം | 192.37 | 629 | 1346.59 | 717.59 |
| 3 | നാരായണൻ നമ്പൂതിരി,താണിക്കാട്ട് | വാസഗൃഹം | 144.15 | 450 | 504.52 | 54.52 |
| 4 | ബേബി തോമസ്,കളത്തിൽ,<br>പുത്തൻ പുരയ്ക്കൽ | വാസഗൃഹം | 198.78 | 526 | 1391.46 | 865.46 |

| | | | | | | |
|---|---|---|---|---|---|---|
| 5 | | | | | | |
| 5 | വസന്തറാണി,സരോജിനി വിഹാർ തിരുനക്കര | വാസഗൃഹം | 189.82 | 657 | 1328.74 | 671.74 |
| 6 | ശ്രീകുമാർ& ആശ.റ്റി.നായർ രേവതി, കുമാരനല്ലൂർ | വാസഗൃഹം | 216.24 | 779 | 1513.68 | 734.68 |
| 7 | ലൂയിസ്&ലൂസി, 51/മൈലക്കാട് കുമാരനല്ലൂർ | വാസഗൃഹം | 156.82 | 713 | 1097.74 | 384.74 |
| 8 | സുരേന്ദ്രൻ, പാപ്രിൽ ഹൗസ്, കുമാരനല്ലൂർ | വാസഗൃഹം | 204.82. | 205 | 1433.74 | 1228.74 |
| 9 | സലീം, സാംസൺ ഹൗസ് എസ്.എച്ച്.മൗണ്ട് | വാസഗൃഹം | 300.8 | 2825 | 3008 | 185 |
| 10 | പി.ആർ.ജോസ് പാപ്പാലമറ്റം, അമലഗിരി | വാസഗൃഹം | 508.73 | 2461 | 5087.3 | 2626.3 |
| 11 | സദാനന്ദ ഷേണായി കെ.ആർ.കൊമ്പുമഠം | വാണിജ്യം | 62.60 | 397 | 1133 | 736 |

ആകെ കുറവ്- 8454/- രൂപ

പെർമിറ്റ് ഫീ ഇനത്തിൽ കുറവ് ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം നൽകേണ്ടതാണ്. പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കിയതിലുണ്ടായ കുറവ് തുകയായ 20,555/- രൂപ (12101 + 8454) ഉത്തരവാദിയായ മുൻസിപ്പൽ എൻജീനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-21 <u>വാടക</u>

**വാടക വരവുകളുടെ പരിശോധന – കുടിശ്ശിക തുകകൾ ഒടുക്കുകയോ കരാർ വയ്ക്കുകയോ ചെയ്യാതെ മുറികൾ കൈവശം വയ്ക്കുന്നവർക്കെതിരെ**

# നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തുന്നു.

നഗരസഭയുടെ വാടക വരവുകളുടെ പരിശോധനയിൽ പല മുറികളുടെയും ലൈസൻസ് കാലാവധി കഴിഞ്ഞിട്ടും യഥാസമയം കരാർ വയ്ക്കുകയോ കുടിശ്ശിക തുകകൾ ഒടുക്കുകയോ ചെയ്യാതെ ലൈസൻസികൾ മുറികൾ കൈവശം വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

1. **നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് -ഇൻസൈഡ് സ്റ്റെയർകേസ് റൂം**

ഫയൽ നം. ആർ10 – 15409/95

ടി മുറി വാടകയ്ക്ക് എടുത്ത റഹ്മത്ത് (കുഞ്ഞുമോൾ) എന്ന ലൈസൻസി 31.1.2013 ന ശേഷം നാളിതുവരെ ലൈസൻസ് പുതുക്കിയതായോ, 10/14 മുതലുള്ള വാടക പുതുക്കിയതായോ കാണുന്നില്ല. രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ 10/14 മുതൽ 3/16 വരെ 1/13 വരെയുള്ള നിരക്കിലാണ് കുടിശ്ശിക കണക്കാക്കിയിട്ടുള്ളത്. 2/13, 2/15 കാലയളവിൽ കരാർ പുതുക്കാതെ മുറി കൈവശം വയ്ക്കുവാൻ അനുവദിച്ചു മൂലം നഗരസഭയ്ക്ക് ലൈസൻസ് ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് ,മുൻകൂർ ലൈസൻസ് ഫീസ് ,സേവന നികുതി, പിഴ ഇനങ്ങളിൽ വൻനഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു.

**2. തിരുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ് - റൂം നംപർ 1**

ഫയൽ നം. ആർ10 – 16889/93 (1)

ടി മുറിയുടെ ലൈസൻസി ശ്രീമതി എ.കെ.നസീമയാണ്. ടിയാൾ 31.3.13 ന ശേഷം ലൈസൻസ് പുതുക്കുകയോ 5/14 ന ശേഷം വാടക ഒടുക്കുകയോ ചെയ്തിട്ടില്ല. 31.3.13 വരെ 1620 രൂപയാണ് വാടക ഒടുക്കിയിരുന്നത്. 1.4.13 ൽ നിയമാനുസൃതം 20% വർദ്ധനവ് വരുത്തി 1944 രൂപയായി വാടക നിശ്ചയിക്കേണ്ടിയിരുന്നു.കരാർ പുതുക്കാതെ മുറി കൈവശം വയ്ക്കുവാൻ അനുവദിച്ചു മൂലം നഗരസഭയ്ക്ക് ലൈസൻസ് ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് ,മുൻകൂർ ലൈസൻസ് ഫീസ് ,സേവന നികുതി, പിഴ ഇനങ്ങളിൽ വൻനഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു.

**3. തിരുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ് - റൂം നംപർ 5**

ഫയൽ നം. ആർ10 – 12558/93 (5)

ഫയലും രജിസ്റ്ററും പരിശോധിച്ചതിൽ റൂം നംപർ 5 ന്റെ ലൈസൻസ് കാലാവധി ശ്രീമതി ഷീജാ ഫ്രാൻസിസിന്റെ പേർക്ക് 29.7.13 മുതൽ 28.7.15 വരെ കൗൺസിൽ തീരുമാനം 31/27.5.15 പ്രകാരം പുതുക്കി നൽകിയതായി കാണുന്നു. എന്നാൽ കരാർ പുതുക്കിയതായോ 12/14 മുതൽ നാളിതുവരെയുള്ള വാടക , മുൻകൂർ ലൈസൻസ് ഫീസ്, അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് , പിഴ, സേവന നികുതി ഇവ ഈടാക്കുകയോ ചെയ്തിട്ടില്ല. മുൻ കുടിശ്ശിക 19965 രൂപയും തൻവർഷ കുടിശ്ശിക 16508 രൂപയും ഉൾപ്പെടെ 36473 രൂപയും അനുബന്ധ ഫീസുകളും ഈടാക്കിയിട്ടില്ല.

4. രാജീവ് ഗാന്ധി ഷോപ്പിംഗ് കോംപ്ലക്സ് - റൂംനംപർ 1 മുതൽ 13വരെ, ഹാൾ നംപർ 1&2 20.10.14 ലെ വിവിധ കൗൺസിൽ തീരുമാനങ്ങൾ പ്രകാരം ടി റൂമുകളുടെ ലൈസൻസ് കാലാവധി 31.8.16

വരെ ശ്രീ. പി.എ.ജോസ്, പയ്യപ്പിള്ളിൽ, തിരുവാതുക്കൽ (ജോസ്കോ ജ്വവലേഴ്സ്)എന്ന വ്യക്തിക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും ടി കാലയളവിലെ കരാർ ഫയലിൽ കാണുന്നില്ല.

കൂടാതെ, ലൈസൻസ് കാലാവധി ദീർഘിപ്പിച്ച് നൽകിയതുമായി ബന്ധപ്പെട്ട് ഈടാക്കേണ്ടിയിരുന്ന മുൻകൂർ ലൈസൻസ് ഫീസ്, അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതായും കാണുന്നില്ല. 8/16 മുതൽ ലൈസൻസ് കാലാവധി പുതുക്കാതെയും കരാർ പുതുക്കാതെയും തുടർന്നു വരുന്നതായും കാണുന്നു. കൂടാതെ, എസ്.സി./എസ്.ടി. വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള പത്താം നംപർ മുറിയും ജ്വവലറിയുടെ ഭാഗമായി തന്നെ പ്രവർത്തിച്ചു വരുന്നതിനാൽ ടി മുറിയുടെ അനധികൃത കൈമാറ്റം നടന്നിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയികരിക്കുന്നു. ടി വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

കൂടാതെ , ഹാൾ നം. 2 ന്റെ 12/15 മുതൽ 3/16 വരെയുള്ള വാടക 87680 രൂപ (21920x4) സേവനനികുതിയും നാളിതുവരെയുള്ള പിഴപ്പലിശയും സഹിതം ഈടാക്കിയതായി കാണുന്നില്ല. ടി 87680 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

നിയമപ്രകാരം ലൈസൻസ് പുതുക്കാതെയും യഥാസമയം വാടക ഒടുക്കാതെയും മുറി കൈവശം വച്ചിരിക്കുന്ന ലൈസൻസിക്കെതിരെ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.38/25.1.17)നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയ്ക്ക് നൽകിയിട്ടുള്ള മുറികളുടെ അനധികൃത കൈമാറ്റങ്ങൾ നടക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുകയും ഉണ്ടെങ്കിൽ അതിനെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിയമപ്രകാരം ലൈസൻസ് പുതുക്കാതെയും യഥാസമയം വാടക ഒടുക്കാതെയും മുറി കൈവശം വച്ചിരിക്കുന്ന ലൈസൻസികൾക്കെതിരെയും യഥാസമയം നടപടികൾ സ്വീകരിക്കാത്തതുമൂലം നഗരസഭയ്ക്കുണ്ടാകുന്ന എല്ലാ സാമ്പത്തിക ബാധ്യതകൾക്കും ഭരണസമിതിയും ഉദ്യോഗസ്ഥരും ഒരുപോലെ ഉത്തരവാദികളായിരിക്കുന്നതാണ്.

## 2-22 കടമുറികൾക്ക് വർഷങ്ങളായി പുനർലേലം നടത്തുന്നില്ല

നഗരസഭയുടെ നാട്ടകം, കുമാരനല്ലൂർ സോണൽ ഓഫീസിന്റെ പരിധിയിലുള്ള ഷോപ്പിംഗ് കോംപ്ളക്സുകളിലെ കടമുറികളുടെ വാടക വർദ്ധിപ്പിക്കുന്നതിന് പുനർലേല നടപടികൾ സ്വീകരിച്ചിട്ടില്ല. വർഷം തോറും വാടക തുകയുടെ 10 ശതമാനം വീതം വർദ്ധിപ്പിച്ചു നൽകി നേരത്തെയുള്ള വാടകക്കാർ തന്നെ തുടരുകയാണ് ചെയ്യുന്നത്. കടമുറികൾ ലേലത്തിലൂടെ വാടകയ്ക്ക് നൽകിയ വർഷം മാത്രം ഡെപ്പോസിറ്റ് തുക ഈടാക്കിയതല്ലാതെ തുടർന്ന് ഓരോ വർഷവും ആനുപാതികമായി ഡെപ്പോസിറ്റിൽ വർദ്ധനവ് വരുത്തുന്നില്ല. കടമുറി വാടകയ്ക്ക് എടുത്തവരിൽനിന്നും ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയ തുകയുടെ വിവരം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നാട്ടകം സോണൽ ഓഫീസിന്റെ പരിധിയിലുള്ള ഷോപ്പിംഗ് കോംപ്ളക്സുകളിലെ 8 കടമുറികൾ വാടകക്ക് നൽകിയിട്ടുണ്ട്. കടമുറി വാടകയ്ക്ക് എടുത്തവരിൽനിന്നും ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയ തുകയുടെ വിവരം താഴെപ്പറയുന്നു.

| ക്രമ നം | വർഷം | കടമുറി നമ്പർ | വാടകക്കാരന്റെ പേര്,അഡ്രസ്സ് | മുറി വാടക | ഡെപ്പോസിറ്റ് തുക | രസീത് നമ്പർ |
|---|---|---|---|---|---|---|
| 1 | 2015-16 | IV/530 | പി.എസ്.പുന്നൂസ് പള്ളത്രു,ചിങ്ങവനം | 981 | 534 | 58859 |
| 2 | 2015-16 | IV/531 | അനൂപ് എബ്രഹാം മണിമലപാറയിൽ,ചിങ്ങവനം | 1052 | 570 | 60593 |
| 3 | 2015-16 | XI/528 E | കെ.എ.പ്രദീപ് കുമാർ. കണ്ണംകുളം,നാട്ടകം | 1375 | 750 | 54796 |
| 4 | 2015-16 | XI/528 B | അനീഷ് കതിരുംതറ,കോടിമാത | 2142 | 170 | 57502 |
| 5 | 2015-16 | IV/532 | സോമോൻ സഖറിയ കൊണ്ടൂർ,ചിങ്ങവനം | 627 | 342 | 55712 |
| 6 | 2015-16 | XI/528 C | ജിഷോർ.ആർ.ഗോപാൽ കാവനാൽ നാട്ടകം | 1276 | 696 | 57506 |
| 7 | 2015-16 | IV | ജിഷാമോൾ ഡെന്നി ക്ഷീരസംഘം സെക്രട്ടറി ചിങ്ങവനം | 250 | 4500 | 84987 |

**കുമാരനല്ലൂർ സോണൽ**

| ക്രമ നം | വർഷം | കടമുറി നമ്പർ | വാടകക്കാരന്റെ പേര്,അഡ്രസ്സ് | മുറി വാടക | ഡെപ്പോസിറ്റ് തുക | രസീത് നമ്പർ |
|---|---|---|---|---|---|---|
| 1 | 2015-16 | II/1 | ജാക്സൺ ബാബു | 4864 | കുമാരനല്ലൂർ പഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിലാണ് ടി കെട്ടിടങ്ങൾ ലേലം ചെയ്ത് കൊടുത്തിരുന്നത്.ആയതിനാൽ ഡെപ്പോസിറ്റ് തുക എത്രയെന്ന് കൈമാറിക്കിട്ടിയ രേഖകളിൽ നിന്നും കണ്ടെത്താൻ സാധിച്ചിട്ടില്ല. | |
| 2 | 2015-16 | II/2 | തോമസ് ഉതുപ്പ് | 4567 | | |
| 3 | 2015-16 | II/3 | രതീഷ് .പി.ബി | 2242 | | |
| 4 | 2015-16 | II/4 | സുനിൽ കുമാർ. | 1575 | | |
| 5 | 2015-16 | II/5 | ജോർജ്ജ് ജോൺ | 1518 | | |
| 6 | 2015- | II/6 | സൂരജ് കെ.ഗോപൻ | 763 | | |

| | | | | | | |
|---|---|---|---|---|---|---|
| | 16 | | | | | |
| 7 | 2015-16 | II/7 | ജേക്കബ്ബ് ജോർജ്ജ് | 646 | | |
| 8 | 2015-16 | II/8 | രാജേഷ് | 275 | | |
| 9 | 2015-16 | II/9 | സത്യൻ.വി.കെ വയല പറമ്പിൽ | 1173 | | |
| 10 | 2015-16 | II/10 | ജയചന്ദ്രൻ,ചിറ്റടിയിൽ | 595 | | |
| 11 | 2015-16 | II/11 | കൃഷ്ണ കുമാർ.എസ് | 572 | | |
| 12 | 2015-16 | II/12 | എം.എം.ജയിംസ് | 1010 | | |
| 13 | 2015-16 | II/13 | പുഷ്പ എബ്രഹാം& രവീന്ദ്രൻ.പി.എൻ | 936 | | |
| 14 | 2015-16 | II/14 | ജഗദീശൻ, കുമാനല്ലൂർ | 814 | | |
| 15 | 2015-16 | II/17 | നീതു.ചിറ്റമ്പിയിൽ, കുമാരനല്ലൂർ | 485 | | |
| 16 | 2015-16 | II/18 | പ്രീതി കുറുങ്ങൂർ | 715 | | |
| 17 | 2015-16 | II/19 | രമണി നാരായണൻ | 715 | | |
| 18 | 2015-16 | II/20 | ബീന സജീവ് | 908 | | |
| 19 | 2015-16 | II/24 | സുധീഷ് കുമാർ കുരാടത്തിൽ | 1375 | | |
| 20 | 2015-16 | II/25 | കൃഷ്ണ കുമാർ,പുത്തൂർ | 1375 | | |
| 21 | 2015-16 | II/26 | വിനോദ്, അഴോഴിൽ | 2500 | | |
| 22 | 2015-16 | II/27 | പുഷ്പലത,ശ്രീനിലയം | 4000 | | |

വർഷങ്ങളായി പുനർലേലം നടത്താതെ തുടരുന്നതിനാൽ ഡെപ്പോസിറ്റ്, വാടക എന്നീ ഇനങ്ങളിൽ ലക്ഷങ്ങളുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. കടമുറി വാടകയിനത്തിലെ ഡെപ്പോസിറ്റ് തുകകൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനായി, കടമുറികൾ പുനർലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നാളിതുവരെ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 2-23 ഡോഗ് ലൈസൻസ്

2015-16 വർഷം നഗരസഭയിൽ ലഭിച്ച ഡോഗ് ലൈസൻസ് അപേക്ഷകളുടെ എണ്ണം, ടി ഇനത്തിലെ ആകെ വരവ് എന്നിവ സംബന്ധിച്ച് ഓഡിറ്റ് എൻക്വറി നം.4/11-11-16 നല്കിയെങ്കിലും നഗരസഭയിൽ നിന്നും മറുപടി ലഭിച്ചില്ല.

കേരള മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും സെക്ഷൻ 437 ൽ സെക്രട്ടറിയിൽ നിന്നും ലഭിച്ച ലൈസൻസ് കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ തൻെറ പട്ടിയെ കുത്തിവെപ്പിക്കാതെയും ഏതൊരാളും പട്ടിയെ വളർത്താൻ പാടുള്ളതല്ല എന്നു നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിയമം നഗരസഭ പ്രദേശത്ത് പാലിക്കുന്നുണ്ടോ എന്ന് നഗരസഭാധികാരികൾ പരിശോധിക്കുന്നുണ്ടോ എന്നുള്ള വിവരം ഓഡിറ്റ് എൻക്വയറി മുഖേന നല്കിയിട്ടും മറുപടി ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഈ വിഷയത്തിൽ സമൂഹത്തിലുള്ള കാലികപ്രാധാന്യം പരിഗണിച്ച് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും നിയമപ്രകാരം സ്റ്റേറ്റ് ഫണ്ടിൽ ഒടുക്കുന്നതിൽ വർഷങ്ങളായി വീഴ്ച വരുത്തിയിരിക്കുന്നു.

കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 48 പ്രകാരം നിയമിക്കപ്പെട്ട സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ലീവ് സാലറി,പെൻഷൻ കോൺട്രിബ്യൂഷനുകളും എല്ലാ മാസവും സ്റ്റേറ്റ് ഫണ്ടിൽ ഒടുക്ക വരുത്തേണ്ടതാണ്. എന്നാൽ നവംബർ 2012 നു ശേഷം സെക്രട്ടറിയുടെ ശമ്പളമോ, കോൺട്രിബ്യൂഷനുകളോ സംസ്ഥാന ഫണ്ടിൽ ഒടുക്കിയിട്ടില്ല. കൂടാതെ , രജിസ്റ്റർ പരിശോധിച്ചതിൽ സെക്രട്ടറിയുടെ പെൻഷൻ ,ലീവ് സാലറി കോൺട്രിബ്യൂഷൻ ഇനത്തിൽ ശമ്പളസ്കെയിലിന്റെ പരമാവധിയുടെ 25% എന്ന നിരക്കിലല്ല (കെ.എസ്.ആർ.റൂൾ 145 & 146) തുക ഒടുക്കിയിട്ടുള്ളത്. യഥാസമയം ശമ്പളവും കോൺട്രിബ്യൂഷൻ തുകകളും ഒടുക്കാതിരുന്നതിനും കുറഞ്ഞനിരക്കിൽ കോൺട്രിബ്യൂഷൻ ഒടുക്കിയതിനും വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.20/5.1.17) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡിസംബർ 2012 മുതൽ നാളിതുവരെ നിയമപ്രകാരം ഒടുക്കുവരുത്തുവാനുള്ള തുക കണക്കാക്കി സ്റ്റേറ്റ് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-2 കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്ജ് , പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നത് - ചെലവ് തുക തിരികെ ഈടാക്കിയിട്ടില്ല.

നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിലുള്ള കുടിവെള്ള പദ്ധതികളായ ചിങ്ങവനം റൂറൽ കുടിവെള്ള പദ്ധതി , കൊട്ടാരംകുളം കുടിവെള്ള പദ്ധതി എന്നിവ കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുള്ളവയാണ്. എന്നാൽ ടി കുടിവെള്ള പദ്ധതികൾ നാളിതുവരെ ഗുണഭോക്തൃ സമിതികൾക്ക് കൈമാറി നൽകിയിട്ടില്ല. ടി രണ്ട് കുടിവെള്ള പദ്ധതികളുടെയും പമ്പ് ഓപ്പറേറ്ററുടെ വേതനം, വൈദ്യുതിചാർജ്ജ് ഇനങ്ങളിലുള്ള ചെലവ് നഗരസഭയാണ് വഹിക്കുന്നത്. പമ്പ് ഓപ്പറേറ്ററുടെ വേതനം ഇനത്തിൽ മാത്രം 2015-16 വർഷം 2.5 ലക്ഷം രൂപയോളം ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പും സംരക്ഷണവും സംബന്ധിച്ച 30.05.2009 ലെ സർക്കാർ ഉത്തരവ് (സാ) നം. 1275/2009/ത.സ്വ.ഭ.വ. പ്രകാരം ജലഅതോറിറ്റിയിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതാണ്. വൈദ്യുതിചാർജ്ജ് , ഓപ്പറേറ്ററുടെ വേതനം, പമ്പ്, മോട്ടോർ തുടങ്ങിയവയുടെ റിപ്പയർ ചെലവ് തുടങ്ങിയവ കമ്മിറ്റിയാണ് വഹിക്കേണ്ടത്. അല്ലാത്തപക്ഷം ഗുണഭോക്താക്കളിൽ നിന്ന് ന്യായമായ വാട്ടർ ചാർജ്ജ് പിരിച്ചെടുക്കേണ്ടതാണ്. ടി കുടിവെള്ള പദ്ധതികൾ രേഖാമൂലം ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പമ്പ് ഓപ്പറേറ്ററുടെ വേതനം, വൈദ്യുതിചാർജ്ജ് ഇനങ്ങളിലുള്ള ചെലവ് ഗുണഭോക്താക്കളിൽ നിന്നും വാട്ടർചാർജ്ജ് ഇനത്തിൽ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 22/5.1.17നംപരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-3 മാമ്മൻ മാപ്പിള ഹാളിന്റെ ക്ലീനിംഗ് ചാർജ്ജ് - പുതുക്കിയ കരാറിന് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല

മാമ്മൻ മാപ്പിളഹാളിന്റെ ക്ലീനിംഗ് ചാർജ്ജ് 1.4.2013 മുതൽ 50000 രൂപയായി വർദ്ധിപ്പിച്ച് കെ.സി.മാമ്മൻ മാപ്പിള ചാരിറ്റബിൾ ട്രസ്റ്റുമായി നഗരസഭ കരാറിൽ ഏർപ്പെട്ടതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ 26.10.11 മുതൽ 25.10.16 വരെയുള്ള ടി കരാറിന് നാളിതുവരെ സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല. 25.10.2016 നുശേഷം കരാർ പുതുക്കിയതായും കാണുന്നില്ല. മുൻ ധാരണാപത്രത്തിന് സർക്കാർ അനുമതി ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും മാമ്മൻ മാപ്പിളഹാളിന്റെ 2015-16 വർഷത്തെ സേവന നികുതി, ആഡംബര നികുതി ഉൾപ്പെടെയുള്ള വരവു ചെലവു കണക്കുകൾ കൃത്യമായി തയ്യാറാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

# 3-4 മാലിന്യ സംസ്ക്കരണ പദ്ധതികളുടെ നിർവ്വഹണം ഫലപ്രദമല്ല

2015-16 വർഷം നടപ്പിലാക്കാൻ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന 5 പദ്ധതികൾ നഗരസഭ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവാക്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 193/ 15-16 | ഉറവിട മാലിന്യ സംസ്കരണ പദ്ധതിയ്ക്കുള്ള നഗരസഭാ വിഹിതം (നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി) | 17237309 | 0 | പദ്ധതി നടപ്പിലാക്കിയില്ല. |
| 2 | 487/ 15-16 | ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഓഹരി വാങ്ങൽ (നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി) | 40,00,000 (40 ലക്ഷം) | 40,00,000 (40 ലക്ഷം) | - |
| 3 | 488/ 15-16 | വടവാതൂർ ഡംപിംഗ് യാർഡിന് വേണ്ടി ഭൂമി ഏറ്റെടുത്ത വകയിൽ LAR കേസുകളിലെ തിരിച്ചടവ് (നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി) | 90,71,574 | 90,71,574 | - |
| 4 | 89/ 15-16 | മാലിന്യനിർമ്മാർജ്ജന പ്ലാന്റ് മെയിന്റനൻസ് വാർഡ് നം. 52 (നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ) | 18 ലക്ഷം | 0 | പദ്ധതി നടപ്പിലാക്കിയില്ല. |
| 5 | 277/ 15-16 | മാലിന്യനിർമ്മാർജ്ജനത്തിന്ത പരിതസ്ഥിതി സൗഹൃത ഇൻസിനറേറ്റർ വാങ്ങൽ (നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ) | 20 ലക്ഷം | 0 | പദ്ധതി നടപ്പിലാക്കിയില്ല. |

(1) 2015-16 വർഷം പ്രോജക്ട് നം. 193, 89, 277 എന്നിവ നടപ്പിലാക്കിയിട്ടില്ല. ആയതിന്റെ കാരണം നഗരസഭ വ്യക്തമാക്കിയിട്ടില്ല.

(2). വടവാതൂർ ഡംപിംഗ് യാർഡിനുവേണ്ടി ഭൂമി ഏറ്റെടുത്ത വകയിൽ LAR-14/2009, 15/09 എന്നീ കേസുകളിൽ വിധികടസംഖ്യയായി 90,71,574/-രൂപ സാമ്പത്തിക വർഷം നഗരസഭ ചെലവാക്കിയിട്ടുണ്ട്. എന്നാൽ വടവാതൂർ ഡംപിംഗ് യാർഡ് അടച്ചു പൂട്ടിയിരിക്കുകയാണ്.

(എ) ആകെ എത്ര ഏക്കർ ഭൂമിയാണ് ഡംപിംഗ്യാർഡിനുവേണ്ടി നഗരസഭ വാങ്ങിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് നല്കിയിട്ടില്ല.

(ബി) നഗരസഭ മാലിന്യസംസ്കരണത്തിന് വേണ്ടി രാംകി ആന്റ് എൻവയറോ ലിമിറ്റഡ് കമ്പനിക്ക് കരാർ നൽകിയെങ്കിലും കരാറുകാരൻ മാലിന്യസംസ്കരണം നടത്താതെ കരാർ ലംഘനം നടത്തിയിട്ടുണ്ട്. കരാർ ലംഘനം നടത്തിയതിന് നഗരസഭ പ്രത്യേക കമ്പനിക്കെതിരെ എടുത്ത നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ നല്കിയിട്ടില്ല..

(3). വടവാതൂർ ഡംപിംഗ് യാർഡിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നിലച്ച സ്ഥിതിക്ക് ടി ഡംപിങ്ങ് യാർഡിൽ കെട്ടിക്കിടക്കുന്ന 2 ലക്ഷം ടണ്ണോളം എടുത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ ഒന്നും തന്നെ 2015-16 സാമ്പത്തികവർഷം നഗരസഭ കൈക്കൊണ്ടിട്ടില്ല.

(4). വടവാതൂരിലുള്ള മാലിന്യസംസ്കരണ പ്ലാന്റിലേയ്ക്കുള്ള മാലിന്യം കുറയ്ക്കുന്നതിനായി കോടിമത, നാഗമ്പടം എന്നീ സ്ഥലങ്ങളിൽ പ്രതിദിനം 2 ടൺ മാലിന്യസംസ്കരണ ശേഷിയുള്ള 2 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ബയോഗ്യാസ് പ്ലാന്റുകൾ ഭാഗികകമയേ പ്രവർത്തിക്കുന്നുള്ളൂ. പ്ലാന്റിൽ നിന്നും പുറത്തുവരുന്ന ഗ്യാസ് ഉപയോഗിക്കുന്നതിനുള്ള സംവിധാനം നഗരസഭ ഒരുക്കിയിട്ടില്ല. ബയോ ഗ്യാസ് പ്ലാന്റിൽ നിന്നുള്ള മാലിന്യ സംസ്കരണം ഫലപ്രദമായോ കാര്യക്ഷമമായോ നടക്കുന്നില്ല.

(5). കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫാർമ, റെയ്ക്കോ മുഖാന്തിരം നിർമ്മിച്ച് നഗരസഭയ്ക്ക് കൈമാറിയയതും കോടിമാതയിൽ സ്ഥാപിച്ചതുമായ കുളവാഴ ജൈവമാലിന്യ സംസ്കരണ പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ല..തുടർ പരിപാലനത്തിന്റെ അഭാവം മൂലം പ്ലാന്റ് പ്രവർത്തിപ്പിക്കുകയോ ജനറേറ്റർ ഉപയോഗിക്കുകയോ ചെയ്യുന്നില്ല.

(6).ഖരമാലിന്യ പരിപാലന പദ്ധതികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുന്ന വിവരശേഖരണം അത്യന്താപേക്ഷിതമാണ്. നഗരസഭയുടെ പരിധിയ്ക്കുള്ളിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളെപ്പറ്റിയുള്ള പഠനവും വിവരശേഖരണവും നഗരസഭ നടത്തിയിട്ടില്ല. ഖരമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാനും നിർമ്മാജ്ജനം ചെയ്യാനും ഉതകുന്ന തരത്തിൽ മാലിന്യശേഖരണ സംവിധാനം ഏർപ്പെടുത്തണമെന്ന് മുൻസിപ്പൽ ഖരമാലിന്യ ചട്ടങ്ങൾ (പരിപാലവും കൈകാര്യം ചെയ്യലും) 2000 ൽ അനുശാസിക്കുന്നു.

മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി പ്രവർത്തനം ആരംഭിക്കുകയും എന്നാൽ പിന്നീട് പല കാരണങ്ങളാൽ പ്രവർത്തനം ഭാഗികമായോ നിലയ്ക്കുകയൊ ചെയ്യുന്ന സ്ഥിതി വിശേഷമാണ് നഗരസഭയിൽ നിലവിലുള്ളത്

പ്രവർത്തനം നിലച്ച മാലിന്യ സംസ്കരണ പ്ലാന്റുകൾ പുനരുജ്ജീവിപ്പിക്കാനും അതിന്റെ തുടർ പരിപാലനം കാര്യക്ഷമമായി നിർവ്വഹിക്കാൻ വേണ്ട നടപടികളും അതോടൊപ്പം വികേന്ദ്രീകരണ മാലിന്യ സംസ്കരണ പദ്ധതികൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കാൻ

വേണ്ട നടപടികളും നഗരസഭ കൈകൊള്ളേണ്ടതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/2016/11.11.2016) നഗരസഭ മറുപടി നല്കിയില്ല.

## 3-5 2015-16 വർഷം മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയത് - അധികം ചെലവഴിച്ച തുക തിരികെ ഈടാക്കിയിട്ടില്ല.

തൻവർഷം ബിറ്റുമിൻ, ഇമൽഷൻ ഇവ വാങ്ങുന്നതിനായി വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തി ചുവടെ ചേർക്കും പ്രകാരം 10598297 രൂപയാണ് ബി.പി.സി.എൽ. ൽ ഒടുക്കിയിട്ടുള്ളത്.

| ഒടുക്കിയ തുക | ഡി.ഡി.നം./തീയതി |
|---|---|
| 343054 | 880161/13.1.16 |
| 361949 | 880162/13.1.16 |
| 303365 | 880164/13.1.16 |
| 7693102 | 880165/13.1.16 |
| 1644795 | 881527/16.3.16 |
| 54324 | 881528/16.3.16 |
| 158203 | 883622/17.3.16 |
| 39505 | 084278/31.3.16 |
| ആകെ 10598297 | |

എന്നാൽ ഇൻവോയ്സുകൾ പരിശോധിച്ചതിൽ തൻവർഷം 9559100 രൂപയുടെ ബിറ്റുമിനും 695883 രൂപയുടെ ഇമൽഷനും ഉൾപ്പെടെ 10254983രൂപയുടെ ബിറ്റുമിനാണ് നഗരസഭ വാങ്ങിയിട്ടുള്ളത് . നിലവിലും ടി ഇനങ്ങൾ പൂർണ്ണമായും വിതരണം ചെയ്യപ്പെട്ടിട്ടില്ല. മുൻ വർഷങ്ങളിൽ അധികം ഒടുക്കിയിട്ടുള്ള 1705059 രൂപയും തൻവർഷം അധികം ഒടുക്കിയ 343314 രൂപയും ഉൾപ്പെടെ 2048373 രൂപ നാളിതുവരെ നഗരസഭ തിരികെ ഈടാക്കിയിട്ടില്ല. അധികം ഒടുക്കിയ 2048373 രൂപ തിരികെ ഈടാക്കി അതാത് ഫണ്ടുകളിൽ വരവ് വയ്ക്കേണ്ടതാണ്.

## 3-6 നഗരസഭ മെയിൻ ഓഫീസിൽ സൌരോർജ്ജ പാനൽ സ്ഥാപിക്കൽ - 14.01 ലക്ഷം രൂപ ചെലവഴിച്ച പ്രോജക്ട് - നാളിതുവരെ സോളാർ പാനൽ ഇൻസ്റ്റാൾ ചെയ്ത് കമ്മീഷൻ ചെയ്തില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഫയൽ നം. PW2 – 19555/15

| | |
|---|---|
| പ്രോജക്ട് നം. | 280/15-16 |
| അടങ്കൽ | 1556700 (ലോക ബാങ്ക്) |
| ചെലവ് | 1401030 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ബിൽ നം./തീയതി | 2/28.9.15 & 14/31.3.16 |

നഗരസഭ മെയിൻ ഓഫീസിൽ സൌരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് തൻ വർഷം കെൽട്രോണിന് ലോകബാങ്ക് വിഹിതത്തിൽ നിന്നും 1401030 രൂപ നൽകിയതായി കാണുന്നു. വർക്ക് ഓർഡർ കിട്ടി പന്ത്രണ്ട് ആഴ്ചയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും പ്രവൃത്തി പൂർത്തീകരിച്ച് സോളാർ പാനൽ കമ്മീഷൻ ചെയ്തതിന് ശേഷം 10% തുക നൽകുന്നതിനുമാണ് കെൽട്രോണിന്റെ ടേംസ് ആൻഡ് കണ്ടീഷൻസിൽ വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ നാളിതുവരെ സോളാർ പാനൽ ഇൻസ്റ്റാൾ ചെയ്ത് കമ്മീഷൻ ചെയ്യുകയോ ബാക്കി തുക നൽകുകയോ ചെയ്തിട്ടില്ല. സോളാർ പാനൽ പ്രവർത്തനക്ഷമമാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ടി പ്രോജക്ടിന് ചെലവഴിച്ച 1401030 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിലുള്ള FACT കടവ് പ്രദേശത്ത് ഭൂജല വകുപ്പ് മുഖേന നടപ്പാക്കിയ മിനിശുദ്ധജല പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 467/16 |
| അടങ്കൽ | 1319000(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 1319000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

കോട്ടയം നഗരസഭയിലെ വാർഡ് 38ൽ ഉൾപ്പെടുന്ന FACT കടവ് പ്രദേശത്ത് മിനിശുദ്ധജല പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് , കോട്ടയത്തിന്റെ 14.01.16 ലെ GWK/72/2016 നം. കത്ത് പ്രകാരം 1319000രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. ടി തുക 884003/19.3.16 നം. ഡി.ഡി.പ്രകാരം ജില്ലാ ഓഫീസർ,ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് എന്ന പേരിൽ ഡെപ്പോസിറ്റ് ചെയ്തതായി കാണുന്നു.ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിലും 02.12.2016 ൽ നടത്തിയ സ്ഥലപരിശോധനയിലും ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി പ്രദേശത്ത് ബോർവെൽ കുഴിച്ച് അയൺ സ്ട്രക്ചറും ടാങ്കും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പാനൽബോർഡും പമ്പിംഗ് മെയിനും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ വിതരണ ലൈൻ പൂർത്തീകരിച്ച് മോട്ടോർ സ്ഥാപിക്കുകയോ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 25 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി തയ്യാറാക്കിയ ടി പ്രോജക്ടിലെ 8-ാം

ഇനമായി ചെയ്ത അയൺ സ്ട്രക്ചറിന് എസ്റ്റിമേറ്റിൽ പറയുന്ന 6 മീറ്റർ ഉയരം ഇല്ല. കഷ്ടിച്ച് 3 മീറ്റർ ഉയരമാണ് നിലവിൽ സ്ട്രക്ചറിനുള്ളത്. നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രോജക്ട് പൂർത്തീകരിച്ച് ഡെപ്പോസിറ്റ് തുകയുടെ ചെലവ് , നീക്കിയിരുപ്പ് വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ 1319000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പാലമൂട് പോളച്ചിറ ഭാഗത്ത് കുഴൽ കിണർ നിർമ്മാണം - പ്രോജക്ട് നാളിതുവരെ പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | 466/16 |
| അടങ്കൽ | 300000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 300000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിൽ ഉൾപ്പെടുന്ന നഗരസഭയുടെ 37-ാം വാർഡിൽ നടപ്പാക്കിയ ടി പ്രോജക്ടിന് ഭൂജല വകുപ്പിന്റെ 27.01.16 ലെ GWK/102/2016 നം. കത്ത് പ്രകാരം 300000 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 23.3.16/884386 നം. ഡിഡി പ്രകാരം 300000 രൂപ ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് കോട്ടയം ജില്ലാ ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിലും 02.12.2016 ൽ നടത്തിയ സ്ഥലപരിശോധനയിലും ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ടി പ്രോജക്ട് പ്രകാരമുള്ള കുഴൽ കിണർ നിർമ്മാണം മാത്രമാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് ജലം ലഭ്യമാക്കുന്നതിനുള്ള യാതൊരു പ്രവൃത്തികളും ചെയ്തിട്ടില്ല. നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കൂടാതെ ശ്രീ.വി.സി.ജേക്കബ്, വരാച്ചേരിൽ എന്ന സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് കിണർ കുഴിച്ചിരിക്കുന്നത്. സ്ഥലം നിയമാനുസൃതം പഞ്ചായത്തിന് സറണ്ടർ ചെയ്ത് നൽകിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം 7.5 എച്ച്.പി. മോട്ടോർ സ്ഥാപിച്ച് പമ്പിംഗ് മെയിൻ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നത് വരെയുള്ള പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിതരണ സംവിധാനത്തിന് വേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്താതെ മിനി വാട്ടർ സപ്ലൈ സ്കീം എന്ന ടി പ്രോജക്ടിന്റെ പ്രായോഗികത വ്യക്തമല്ല. പ്രോജക്ട് പൂർത്തീകരിച്ച് നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കുന്നതുവരെ ടി പ്രോജക്ടിന് വേണ്ടി തൻവർഷം ചെലവഴിച്ച 300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 മിനി വാട്ടർ സപ്ലൈ സ്ക്കീം പാക്കിൽ,((വാർഡ് നം.34), ബുക്കാന(വാർഡ് നമ.35), കാരമൂട് (വാർഡ് നം.43) – നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 465/16 |
| | |

| | |
|---|---|
| അടങ്കൽ | 4378000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 4378000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

ടി പ്രോജക്ടിന് സ്കീം എ,ബി,സി ഇവയിലുൾപ്പെടുത്തി നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിൽ ഉൾപ്പെടുന്ന നഗരസഭയുടെ 34(പാക്കിൽ),35(ബുക്കാന),41(കാരമൂട്) വാർഡുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണ് ഇത്. കുഴൽ കിണർ നിർമ്മാണവും പമ്പിംഗ് സിസ്റ്റവും ഡിസ്ട്രിബ്യൂഷൻ സിസ്റ്റവും ഉൾപ്പെടെ 4378000 രൂപയുടെ എസ്റ്റിമേറ്റാണ് ഭൂജല വകുപ്പിന്റെ 14.01.16 ലെ GWK/48/2016(A) നം. കത്ത് പ്രകാരം ലഭ്യമാക്കിയത്. ടി 4378000 രൂപ 884387/23.3.16 നം.ഡിഡി പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തിയുടെ ഫയൽ പരിശോധനയിലും 02.12.2016 ൽനടത്തിയ സ്ഥല പരിശോധനയിലും പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടുപോലുമില്ല എന്ന കാണുന്നു. തുക അടവാക്കി 8 മാസത്തോളമായിട്ടും പ്രവൃത്തി ആരംഭിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 4378000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 വനിതാ വ്യവസായ പരിശീലന കേന്ദ്രം നിർമ്മാണം - 2.6 കോടി രൂപ ചെലവഴിച്ച പ്രോജക്ട് നാളിതുവരെ ലക്ഷ്യം കൈവരിച്ചില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | 38/16 - 24- ാം വാർഡിൽ തിരുവാതുക്കൽ മൈതാനത്ത് വനിതാ വ്യവസായ പരിശീലന കേന്ദ്രം നിർമ്മാണം | 84/16 - വനിതാ വ്യവസായ പരിശീലന കേന്ദ്രം (കമ്മ്യൂണിറ്റി ഹാൾ) ഇലക്ട്രിഫിക്കേഷൻ |
| അടങ്കൽ | 14600000 (വികസനഫണ്ട് ജനറൽ) | 1524375(വികസനഫണ്ട് ജനറൽ) |
| ചെലവ് | 8893471 | 1524375 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ |

ടി രണ്ട് പ്രോജക്ടുകളിലായി വനിതാ വ്യവസായ പരിശീലന കേന്ദ്രം നിർമ്മാണം പൂർത്തീകരണത്തിനായി യഥാക്രമം 8893471 രൂപയും 1524375 രൂപയും ഉൾപ്പെടെ 1,04,17,846 രൂപ 2015 -16 വർഷം ചെലവഴിച്ചിട്ടുണ്ട്. വനിതാ വ്യവസായ പരിശീലന കേന്ദ്രം ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ച ടി കെട്ടിടം കമ്മ്യൂണിറ്റി ഹാൾ മാതൃകയിലാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്.വനിതാ വ്യവസായ പരിശീലന കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചതായി 17.7.13 ന് ചെയർമാന്റെ

ചേംബറിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതായി കാണുന്നു. എന്നാൽ നാളിതുവരെ ടി കെട്ടിടത്തിൽ യാതൊരു പരിശീലന പരിപാടികളും ആരംഭിച്ചിട്ടില്ല. മുൻവർഷചെലവുകളുൾപ്പെടെ 2.6 കോടി രൂപ ചെലവഴിച്ച ടി പ്രോജക്ട് നിർദ്ദിഷ്ട ലക്ഷ്യത്തിന് ഉപയുക്തമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-11 കോട്ടയം നഗരസഭയിലെ വെ -ബ്രിഡ്ജ് നിർമ്മാണം -പ്രവർത്തനം ആരംഭിക്കാത്തതിനാൽ നഗരസഭയ്ക്ക് വരുമാന നഷ്ടം

2015-16 വർഷം വെ -ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച് താഴെപ്പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | തുക | ചെക്ക് നം തീയതി | വൗച്ചർ നം |
|---|---|---|---|---|
| 1 | Transworld scales services , kollam എന്ന സ്ഥാപനത്തിന് റിടെൻഷൻ തുക തിരിച്ചു നല്കിയത് - | 64589/- രൂപ | 911658 6/4/15 | 37/4-15 |
| 2 | സ്റ്റാംപിങ്ങ് ചാർജ്-19000/- സർവീസ് ചാർജ്-17000/ | 36000/- | 911659 6/4/15 | 38/4-15 |
| 3 | സ്റ്റാംപിങ്ങ് ചാർജ് | 323250/- | 911660 13/8/15 | 116/8-15 |
| 4 | സർവീസ് ചാർജ് | 12000/ | 114210 10/9/15 | 58/9-15 |

വെ -ബ്രിഡ്ജുമായി ബന്ധപ്പെട്ട് ചെലവുകൾ ഉണ്ടെങ്കിലും നാളിതുവരെ പ്രവർത്തനം അരംഭിച്ചിട്ടില്ല . മുൻ വർഷങ്ങളിലും ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച ചെലവുകൾ നടത്തിയിട്ടുണ്ട്. പ്രവർത്തനം അരംഭിക്കാത്തതിനാൽ നഗരസഭയ്ക്ക് വരുമാനമൊന്നും ലഭിക്കുന്നില്ല .ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം അരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഓഹരി

## വാങ്ങൽ - കൈപ്പറ്റ് രസീതോ ഷെയർ സർട്ടിഫിക്കറ്റോ നാളിതുവരെ ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 487/15-16 |
| അടങ്കൽ | 4000000(വികസന ഫണ്ട്) |
| ചെലവ് | 4000000 (ഡി.ഡി.നം.96390/13.4.16) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

സ.ഉ.(സാധാ)നം. 1121/2016/തസ്വഭവ 4.3.2016 പ്രകാരം നഗരസഭ 2015-16 വർഷം ഓഹരി വാങ്ങുന്നതിനായി 4000000 രൂപ മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം പേർക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടി തുകയുടെ കൈപ്പറ്റ് രസീതോ ഷെയർ സർട്ടിഫിക്കറ്റോ നാളിതുവരെ നഗരസഭയിൽ ലഭിച്ചിട്ടില്ല.

കൂടാതെ, ക്ലീൻ കേരള കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്തി നഗരസഭയിലെ പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ – വേസ്റ്റും നിർമ്മാർജ്ജനം ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നുവെങ്കിലും നിലവിൽ യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്ന് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞു. ടി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പുനരാരംഭിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൈപ്പറ്റ് രസീത്, ഷെയർ സർട്ടിഫിക്കറ്റ്, ഇൻവസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവയുടെ അഭാവത്തിൽ ടി 4000000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് 13/11.11.16 നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 14ൽ ചിറ എസ്.സി സങ്കേതത്തിലേയ്ക്ക് സ്ട്രീറ്റ് മെയിൻലൈൻ വലിക്കൽ -വിനിയോഗസാക്ഷ്യ പത്രം ലഭിച്ചിട്ടില്ല ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. – 468/2016

പ്രവർത്തിയുടെ പേര് – പതിനാലിൽ ചിറ എസ്.സി സങ്കേതം – സ്ട്രീറ്റ് മെയിൻലൈൻ വലിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം നഗരസഭ.

ചെലവ് – 16,40,460/- രൂപ

ഡി.ഡി. നം./തീയതി – 884137/24.03.16

പതിനാലിൽ ചിറ എസ്.സി സങ്കേതത്തിലേയ്ക്ക് സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കുക എന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിനായി മേൽതുക അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, പുഞ്ച, പള്ളത്തിന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച്

ഓഡിറ്റ് എൻക്വയറി നം. 32/2015-16 തീയതി 24/1/17 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.ആയതിനാൽ മേൽചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 എസ്സ്.എസ്സ് .എ വിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം -36/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി കോട്ടയം നഗരസഭ.

ചെലവ് - 2877573 (വികസന ഫണ്ട്)

ഡി.ഡി. നം./തീയതി - 859296/25.9.15

മേൽപറഞ്ഞ തുക പ്രോജക്ട് ഓഫീസർ, എസ്സ്.എസ്സ്.എ, കോട്ടയത്തിനു നല്കിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റു രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. 2011-12 മുതലുള്ള വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുണ്ടെന്ന് കാണിച്ച് നഗരസഭയിൽ നിന്ന്15/10/15 ൽ ജി-23468/15 നം കത്ത് എസ്സ്.എസ്സ്.എ. യ്ക്ക് നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. കൈപ്പറ്റു രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ മേവൽ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൈപ്പറ്റു രസീത്, ഓരോ ഇനങ്ങളിലുമുള്ള തുകയുടെ വിശദമായ വിനിയോഗ വിവരങ്ങൾ ഉൾപ്പെടുത്തിയ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-15 46 -ാം വാർഡിലെ കസ്തൂർബാ തൊഴിൽ പരിശീലനകേന്ദ്രം അറ്റകുറ്റപ്പണി - എസ്.സി.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടം നിർദ്ദിഷ്ട ലക്ഷ്യത്തിന് വിനിയോഗിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | 438/15-16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 178000 (എസ്.സി.പി.) |
| ചെലവ് | 144873 |
| ബിൽ നം. / തീയതി | 34/26.3.16 |

2004-05 വർഷം തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനായി എസ്.സി.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ച ടി കെട്ടിടത്തിന് 2015-16 വർഷം 1,44,873 രൂപ എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. മൂന്ന് നിലകളിലായി പണികഴിപ്പിച്ചിട്ടുള്ള ടി കെട്ടിടത്തിൽ നാളിതുവരെ എസ്.സി. വിഭാഗത്തിനായി യാതൊരു പരിശീലന പരിപാടികളും ആരംഭിച്ചിട്ടില്ല എന്ന് 1.12.2016 ന് നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. എസ്.സി.പി. ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം

ലഭ്യമാക്കുന്നതിന് 29/20.1.17-ാം നംപരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കസ്തൂർബാതൊഴിൽ പരിശീലന കേന്ദ്രത്തിന് നാളിതുവരെ ചെലവായ എസ്.സി.പി. ഫണ്ടിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. 1,44,873 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-16 തിരുവാതുക്കൽ സോണൽ ഓഫീസ് ഇന്റീരിയർ വർക്ക് ആൻഡ് ഡാറ്റാ കേബിളിംഗ് - 24.88ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല -ചെലവ്തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 83/15-16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 1950000 (ലോകബാങ്ക്) |
| ചെലവ് | 1813500 |
| ചെക്ക് നം. / തീയതി | 390000 – 475638/29.8.15<br>292500 – 860730/16.10.15<br>906750 – 880194/13.1.16<br>224250 – 880195/13.1.16 |

2015-16 വർഷം ലോകബാങ്ക് സഹായം ചെലവഴിച്ച് നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കിയ ടി പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിലും 1.12.16 ൽ സ്ഥലപരിശോധന നടത്തിയതിലും കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ. നം. 311/2014/ഫിൻ തീയതി 30.7.14 പ്രകാരം 5% പെർഫോമൻസ് ഗ്യാരന്റി സൂക്ഷിച്ചിട്ടില്ല. ആയതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.
2. തൻ വർഷം 18.13 ലക്ഷം രൂപ ചെലവഴിച്ച ടി പ്രോജക്ടിന്റെ സ്ഥല പരിശോധനയിൽ "ഇനാമൽ പെയിന്റിംഗ് " എന്ന ഇനം പ്രവൃത്തി ചെയ്തിട്ടില്ല എന്ന് കാണുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരവും എം.ബുക്ക് നം.541/13 പ്രകാരവും ചെയ്ത 1 മുതൽ 11വരെ ഇനം പ്രവൃത്തികളിൽ ഇനാമൽ പെയിന്റിംഗ് എന്ന ഇനം ഉൾപ്പെട്ടിട്ടുണ്ട്. ചെയ്യാത്ത ഇനം പ്രവൃത്തിക്ക് എം.ബുക്ക് പ്രകാരം തുക അനുവദിച്ചത് ക്രമപ്രകാരമല്ല .

3. ടി കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി 675000 രൂപ മുൻ വർഷം ചെലവഴിച്ചതുൾപ്പെടെ 2488500 രൂപ ചെലവഴിച്ച ടി കെട്ടിടത്തിന് നാളിതുവരെ വൈദ്യുതി കണക്ഷനോ ടെലഫോൺ കണക്ഷനോ ലഭ്യമാക്കുകയോ ഓഫീസ് കെട്ടിടം

പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല. ടി പ്രോജക്റ്റ് പ്രകാരം തൻവർഷം ചെലവഴിച്ച 18,13,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-17 പാലിയേറ്റീവ് കെയർ - ചെലവുകളിലെ അപാകതകൾ സംബന്ധിച്ച്.

പ്രോജക്റ്റ് നം. 26/15-16

ചെലവ് - 813500/-വികസനഫണ്ട് -

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,പി എച്ച്. സി ,നാട്ടകം

1) അധിക നിരക്കിൽ ഭക്ഷണ ചെലവ്

ജി.ഒ(ആർ.ടി)/3217/2015 തസ്വഭവ 29.10.15ൽ പ്രതിപാദിച്ചിരിക്കുന്ന പാലിയേറ്റീവ് കെയർ മാർഗ്ഗരേഖയുടെ 2.6.3 ശീർഷകത്തിന്റെ 3-ാം ഉപശീർഷകത്തിൽ ഹോം കെയർ ദിനങ്ങളിൽ ഗൃഹസന്ദർശനങ്ങളിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് ഭക്ഷണത്തിനായി ചെലവഴിക്കാവുന്ന തുകയെപ്പറ്റി വ്യക്തമായ നിർദ്ദേശമുണ്ട്. അതനുസരിച്ച് ഭക്ഷണചെലവിനായി ഒരാൾക്ക് ഒരു ദിവസം പരമാവധി 60 രൂപ നിരക്കിൽ പരമാവധി 3പേർക്ക് ആകെ 180/- രൂപയാണ് ചെലവഴിക്കാനാകുക.എന്നാൽ ഈ നിർദ്ദേശം ലംഘിച്ച് താഴെ പ്രതിപാദിക്കും പ്രകാരം 3290/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/ തീയതി | ഹോം കെയർ തീയതി | അനുവദിക്കാവുന്ന തുക | നല്കിയ തുക | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 4/15-16 29.11.15 | 01.09.2015 | 180 | 200 | 20 | |
| | 08.09.2015 | 180 | 200 | 20 | |
| | 15.09.2015 | 180 | 200 | 20 | |
| | 22.09.2015 | 180 | 200 | 20 | |
| | 29.09.2015 | 180 | 200 | 20 | |
| | ആകെ | | | 100 | |
| 4/15-16 29.11.15 | 06.10.2015 | 180 | 200 | 20 | |
| | 17.10.2015 | 180 | 200 | 20 | |
| | 20.10.2015 | 180 | 200 | 20 | |
| | 27.10.2015 | 180 | 200 | 20 | |
| | ആകെ | | | 80 | |
| 5/15-16 29.12.15 | 07.10.2015 | 180 | 200 | 20 | |
| | 26.10.2015 | 180 | 200 | 20 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 30.10.2015 | 180 | 200 | 20 | |
| | ആകെ | | | 60 | |
| 6/15-16 1.01.16 | 09.11.2015 | 180 | 240 | 60 | |
| | 12.11.2015 | 180 | 250 | 70 | |
| | 13.11.2015 | 180 | 240 | 60 | |
| | 16.11.2015 | 180 | 240 | 60 | |
| | 17.11.2015 | 180 | 250 | 70 | |
| | 23.11.2015 | 180 | 240 | 60 | |
| | 24.11.2015 | 180 | 200 | 20 | |
| | 27.11.2015 | 180 | 240 | 60 | |
| | 30.11.2015 | 180 | 240 | 60 | |
| | ആകെ | | | 520 | |
| 6/15-16 01.01.16 | 06.11.2015 | 180 | 200 | 20 | |
| | 09.11.2015 | 180 | 200 | 20 | |
| | 11.11.2015 | 180 | 200 | 20 | |
| | 12.11.2015 | 180 | 240 | 60 | |
| | 13.11.2015 | 180 | 250 | 70 | |
| | 16.11.2015 | 180 | 200 | 20 | |
| | 17.11.2015 | 180 | 250 | 70 | |
| | 18.11.2015 | 180 | 250 | 70 | |
| | 20.11.2015 | 180 | 200 | 20 | |
| | 23.11.2015 | 180 | 250 | 70 | |
| | 24.11.2015 | 180 | 250 | 70 | |
| | 26.11.2015 | 180 | 250 | 70 | |
| | 27.11.2015 | 180 | 200 | 20 | |
| | 31.11.2015 | 180 | 200 | 20 | |
| | ആകെ | | | 620 | |
| 7/15-16 18.01.16 | 01.12.2015 | 180 | 240 | 60 | |
| | 03.12.2015 | 180 | 240 | 60 | |
| | 04.12.2015 | 180 | 250 | 70 | |
| | 07.12.2015 | 180 | 250 | 70 | |

| | | | | | |
|---|---|---|---|---|---|
| | 08.12.2015 | 180 | 240 | 60 | |
| | 09.12.2015 | 180 | 250 | 70 | |
| | 17.12.2015 | 180 | 240 | 60 | |
| | 21.12.2015 | 180 | 200 | 20 | |
| | 30.12.2015 | 180 | 200 | 20 | |
| | 31.12.2015 | 180 | 240 | 60 | |
| | ആകെ | | | **550** | |
| 7/15-16 18.01.16 | 01.12.2015 | 180 | 250 | 70 | |
| | 04.12.2015 | 180 | 240 | 60 | |
| | 08.12.2015ഓട്ടോറിക്ഷ | 180 | 200 | 20 | |
| | 10.12.2015 | 180 | 250 | 70 | |
| | 17.12.2015 | 180 | 200 | 20 | |
| | 22.12.2015 | 180 | 200 | 20 | |
| | 28.12.2015 | 180 | 240 | 60 | |
| | ആകെ | | | **320** | |
| 10/15-16 12.02.16 | 14.01.2016 | 180 | 200 | 20 | |
| | 16.01.2016 | 180 | 200 | 20 | |
| | 21.01.2016 | 180 | 200 | 20 | |
| | ആകെ | | | **60** | |
| 10/15-16 12.02.16 | 11.01.2016 | 180 | 200 | 20 | |
| | 22.01.2016 | 180 | 200 | 20 | |
| | 25.01.2016 | 180 | 200 | 20 | |
| | 27.01.2016 | 180 | 200 | 20 | |
| | ആകെ | | | **80** | |
| 14/15-16 30.03.16 | 05.02.2016 | 180 | 200 | 20 | |
| | 10.02.2016 | 180 | 200 | 20 | |
| | 11.02.2016 | 180 | 200 | 20 | |
| | 23.02.2016 | 180 | 200 | 20 | |
| | 26.02.2016 | 180 | 200 | 20 | |
| | 27.02.2016 | 180 | 200 | 20 | |
| | ആകെ | | | **120** | |

| | | | | | |
|---|---|---|---|---|---|
| 14/15-16 30.03.16 | 11.02.2016 | 180 | 200 | 20 | |
| | 18.02.2016 | 180 | 200 | 20 | |
| | 23.02.2016 | 180 | 200 | 20 | |
| | 24.02.2016 | 180 | 240 | 60 | |
| | **ആകെ** | | | **120** | |
| 14/15-16 30.03.16 | 01.03.2016 | 180 | 200 | 20 | |
| | 10.03.2016 | 180 | 200 | 20 | |
| | 11.03.2016 | 180 | 240 | 60 | |
| | 14.03.2016 | 180 | 240 | 60 | |
| | 15.03.2016 | 180 | 200 | 20 | |
| | 16.03.2016 | 180 | 220 | 40 | |
| | 17.03.2016 | 180 | 200 | 20 | |
| | 18.03.2016 | 180 | 240 | 60 | |
| | 21.03.2016 | 180 | 220 | 40 | |
| | 22.03.2016 | 180 | 200 | 20 | |
| | 23.03.2016 | 180 | 220 | 40 | |
| | 29.03.2016 | 180 | 200 | 20 | |
| | **ആകെ** | | | **420** | |
| 14/15-16 30.03.16 | 01.03.2016 | 180 | 200 | 20 | |
| | 03.03.2016 | 180 | 240 | 60 | |
| | 08.03.2016 | 180 | 200 | 20 | |
| | 10.03.2016 | 180 | 200 | 20 | |
| | 17.03.2016 | 180 | 200 | 20 | |
| | 18.03.2016 | 180 | 200 | 20 | |
| | 21.03.2016 | 180 | 200 | 20 | |
| | 23.03.2016 | 180 | 200 | 20 | |
| | 28.03.2016 | 180 | 200 | 20 | |
| | 30.03.2016 | 180 | 200 | 20 | |
| | **ആകെ** | | | **240** | |
| **ആകെ അധികം നൽകിയ തുക** | | | | **3,290/- രൂപ** | |

2) ഹോം വിസിറ്റ് ഡയറി പ്രകാരം 25.04.2015-ാം തീയതി വിസിറ്റ് നടത്തിയിട്ടില്ല. എന്നാൽ അന്നേദിവസത്തെ വാഹനവാടകയിനത്തിൽ 950/- രൂപയും ഭക്ഷണയിനത്തിൽ 150/- രൂപയും ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു. നഷ്ടം **1,100/- രൂപ.**

1 & 2 പ്രകാരം ആകെ നഷ്ടം **4,390/- രൂപ** (3,290 + 1,100) നഷ്ടമായ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ഡോ. അനുഷിൽ നിന്നും ഈടാക്കേണ്ടതാണ്.

3) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് 2014-15 വർഷം 549/15 നംപരായി 756587 രൂപ ചെലവഴിച്ച് ഒരു ആംബുലൻസ് നഗരസഭ വാങ്ങിയിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് തൻവർഷം ആംബുലൻസ് ഉപയോഗിച്ചതായി കാണുന്നില്ല. ഹോം കെയർ പ്രവർത്തനങ്ങൾക്ക് ഓട്ടോറിക്ഷ വാടകയ്ക്ക് എടുക്കുകയാണ് ചെയ്തിട്ടുള്ളത്. ടിയിനത്തിൽ തൻവർഷം 244675 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓട്ടോറിക്ഷ വാടകയ്ക്കെടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവായ 813500 രൂപയിൽ 244675 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 ഐ.എച്ച്.എസ്.ഡി.പി. - വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ട് നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഐ.എച്ച്.എസ്.ഡി.പി. ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ തവണ തുകകൾ കൈപ്പറ്റിയിട്ട് നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേരും വിലാസവും | തവണ നം. | കൈപ്പറ്റിയ തുക | ചെക്ക് നം./ തീയതി |
|---|---|---|---|---|
| 1 | സുധീഷ് കുമാർ ചിറയിൽ (200000) | 1<br>2<br>3<br>4 | 25000<br>60000<br>60000<br>50000 | 681052/13.3.14<br>681068/23.5.14<br>681267/2.2.16<br>681275/15.4.16 |
| 2 | ജോർജ്ജ് സി.പി. ചിറത്തറവാലിയിൽ വേളൂർ(135000) | 1<br>2<br>3 | 30000<br>50000<br>50000 | 587915/23.8.11<br>681079/30.10.14<br>681187/27.4.15 |
| 3 | ബിന്ദു സിനു പെരിഞ്ചോൽ മണപ്പുറം (130000) | 1<br>2<br>3 | 30000<br>45000<br>45000 | 589061/10.10.11<br>590109/19.11.11<br>464709/29.12.11 |
| 4 | പി.എസ്.സുകുമാരൻ | 1 | 30000 | 464836/11.4.12 |

| | | | | |
|---|---|---|---|---|
| | കറുകപ്പുറത്ത്,വേളൂർ (130000) | 2 | 45000 | 464890/20.6.12 |
| 5 | ജോൺ പതിനഞ്ചിൽ ചിറ ചന്തക്കടവ്(135000) | 1<br>2<br>3 | 30000<br>45000<br>45000 | 464901/4.7.12<br>464950/3.11.12<br>464966/27.2.13 |
| 6 | വി.എസ്.ചന്ദ്രൻകുഞ്ഞ് വാഴേപ്പറമ്പിൽ മാന്നാർ(200000) | 1<br>2<br>3<br>4 | 25000<br>60000<br>60000<br>50000 | 681180/18.9.15<br>681222/30.6.15<br>681241/22.9.15<br>681257/28.12.15 |
| 7 | സനീഷ് കുമാർ വാഴേപ്പറമ്പിൽ മാന്നാർ(200000) | 1<br>2<br>3<br>4 | 25000<br>60000<br>60000<br>50000 | 681181/18.4.15<br>621197/8.5.15<br>681218/23.6.15<br>681233/18.8.15 |
| 8 | വി.എസ്.ഷാജി വാഴേപ്പറമ്പിൽ മാന്നാർ(200000) | 1<br>2<br>3<br>4 | 25000<br>60000<br>60000<br>50000 | 681184/23.4.15<br>681226/30.7.15<br>681252/1.12.15<br>681268/21.1.16 |
| 9 | എം.കെ. സരസ്വതിയമ്മ ദേവസ്വംപറമ്പിൽ താഴത്തങ്ങാടി(200000) | 1 | 25000 | 681210/4.6.15 |
| 10 | ഓമന പി.ആർ. പുത്തൻ പറമ്പിൽ വേളൂർ(200000) | 1<br>2<br>3<br>4 | 25000<br>60000<br>60000<br>50000 | 681213/11.6.15<br>681223/30.6.15<br>681247/6.10.15<br>681253/1.12.15 |
| 11 | സജ്ജുലാൽ പുതുവീട് വേളൂർ(200000) | 1<br>2<br>3 | 25000<br>60000<br>60000 | 681229/5.8.15<br>681266/21.1.16<br>681279/30.4.16 |
| 12 | പി.എസ്.ഹരിദാസ് | 1 | 30000 | 586564/1.8.11 |

| | | | | |
|---|---|---|---|---|
| | പന്തലിൽ<br>വേളൂർ(130000) | 2<br>3 | 45000<br>45000 | 589084/15.10.11<br>590083/17.11.11 |
| 13 | പ്രകാശ് എം.വി.<br>മാതപ്പറമ്പിൽ<br>വേളൂർ(130000) | 1<br>2<br>3 | 30000<br>45000<br>45000 | 587917/24.8.11<br>590084/17.11.11<br>464710/29.12.11 |
| 14 | അമ്മുക്കുട്ടി<br>പവിത്രാധരൻ<br>നടുവിലേക്കര(130000) | 1 | 30000 | 587927/31.8.11 |
| 15 | കെ.കെ.രാജപ്പൻ<br>കാവുകാട്ട് (130000) | 1<br>2 | 30000<br>45000 | 589113/27.10.11<br>464888/19.6.12 |
| 16 | ഗോപി എം.കെ.<br>മൂപ്പതിൽ (130000) | 1 | 30000 | 464714/3.1.12 |
| 17 | തങ്കമ്മ<br>എരുത്തിനാൽ<br>പറമ്പിൽ<br>കാരാപ്പുഴ (130000) | 1<br>2<br>3 | 30000<br>45000<br>45000 | 464810/7.3.12<br>464908/13.7.12<br>464933/11.9.12 |
| 18 | നളിനി തങ്കപ്പൻ<br>വാഴേചിറ<br>കാരാപ്പുഴ(130000) | 1<br>2<br>3 | 30000<br>45000<br>45000 | 464871/30.5.12<br>464912/19.7.12<br>464932/11.9.12 |
| 19 | രാജാമണി<br>മംഗലത്ത്<br>കല്ലുപുരയ്ക്കൽ(200000) | 1<br>2<br>3<br>4 | 25000<br>60000<br>60000<br>50000 | 681146/23.3.15<br>681236/10.9.15<br>681256/2.12.15<br>681263/18.1.16 |
| 20 | പി.ജെ.സണ്ണി<br>പച്ചംപ്ലാവിൽ<br>അംബേദ്ക്കർ കോളനി<br>(200000) | 1 | 25000 | 681136/26.3.15 |
| 21 | സുൽഫത്ത് ജെ.<br>വാഴേപ്പറമ്പിൽ | 1<br>2 | 25000<br>60000 | 681175/18.4.15<br>681190/27.4.15 |

| | | | | |
|---|---|---|---|---|
| | മാന്നാർ(200000) | 3<br>4 | 60000<br>50000 | 681216/23.6.15<br>681232/5.8.15 |
| 22 | പി.സി.ജോസഫ്<br>പച്ചംപ്ലാവിൽ<br>മാന്നാർ (200000) | 1<br>2<br>3<br>4 | 25000<br>60000<br>60000<br>50000 | 681176/18.4.15<br>681217/23.6.15<br>681249/27.10.15<br>681258/8.1.16 |
| 23 | പി.സി.ഐസക്<br>പച്ചംപ്ലാവിൽ<br>മാന്നാർ (200000) | 1<br>2<br>3<br>4 | 25000<br>60000<br>60000<br>50000 | 681177/18.4.15<br>681215/23.6.15<br>681250/27.10.15<br>681260/8.1.16 |

ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനോ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 28-ാം നംപരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കളുമായി കൂടിക്കാഴ്ച നടത്തി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനോ അല്ലാത്തപക്ഷം പലിശ സഹിതം തുക തിരികെ ഈടാക്കുന്നതിനുമുള്ളനടപടികൾ സ്വീകരിച്ചിട്ടുള്ളതായും വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനും തുക തിരികെ ഈടാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-19 നാട്ടകം മേഖലാ ഓഫീസ് - അനധികൃത പൈപ്പ് കണക്ഷനുകൾ മൂലം വൈദ്യുതി ചാർജ്ജ് ഇനത്തിൽ അധികം ചെലവ് - നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല.

ഫയൽ നം. NG1-3226/11

2.12.2016 ൽ ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ നാട്ടകം സോണൽ ഓഫീസിന്റെ കോംപൌണ്ടിലുള്ള കിണറ്റിൽ നിന്നും മോട്ടോർ ഉപയോഗിച്ച് സമീപത്തുള്ള 5000 ലിറ്റർ വാട്ടർ ടാങ്കിൽ വെള്ളം പമ്പ് ചെയ്താണ് മേഖലാ ഓഫീസിലെയും പി.എച്ച്.സി.യ്ക്കും ആവശ്യമായ വെള്ളം ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത്.

നാട്ടകം മേഖലാ ഓഫീസിൽ നിന്നും ഏകദേശം 300 മീറ്റർ ദൂരത്തിലുള്ള പി.എച്ച്.സി. യിലേക്ക് കുടിവെള്ളം എത്തിക്കുന്ന പൈപ്പ് ലൈൻ കടന്നുപോകുന്ന പി.എച്ച്.സി.യുടെ എതിർവശത്തുള്ള റോഡിൽ പല ഭാഗത്തും പൈപ്പ് ലൈൻ കിഴിച്ച് അനധികൃതമായി കണക്ഷൻ എടുത്തതായി സ്ഥലപരിശോധനയിൽ കണ്ടെത്തി. സമീപഭാഗത്തുള്ള വീട്ടുകാരുടെ ആവശ്യത്തിനാണ്

ഇപ്രകാരം അനധികൃതമായ കണക്ഷൻ എടുത്തിരിക്കുന്നതെന്ന് അന്വേഷണത്തിൽ നിന്നും അറിഞ്ഞു. പി.എച്ച്.സി.യുടെ എതിർ ഭാഗത്ത് കാണപ്പെടുന്ന അനധികൃത പൈപ്പ് കണക്ഷൻ നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

ഇപ്രകാരം മോട്ടോർ ദീർഘസമയം പ്രവർത്തിക്കുന്നതിനാൽ കറന്റ് ചാർജ്ജ് ഇനത്തിൽ അധികം തുക നഗരസഭ ചെലവഴിക്കുന്നു. കൺസ്യൂമർ നംപർ 2004ലെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ നഗരസഭ ചെലവാക്കിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വൌച്ചർ നം. | തീയതി | മാസം | യൂണിറ്റ് | കറന്റ് ചാർജ്ജ് |
|---|---|---|---|---|
| 64 – 4/15 | 9.9.15 | 4/15 | 577 | 4274 |
| 74-5/15 | 11.5.15 | 5/15 | - | 3758 |
| 68-6/15 | 9.6.15 | 6/15 | 662 | 4929 |
| 130-7/15 | 9.7.15 | 7/15 | - | 4305 |
| 97-8/15 | 11.8.15 | 8/15 | 540 | 3995 |
| 103-9/15 | 14.9.15 | 9/15 | 579 | 4308 |
| 106-10/15 | 12.10.15 | 10/15 | 580 | 4297 |
| 61-11/15 | 13.11.15 | 11/15 | 789 | 5907 |
| 88-12/15 | 14.12.15 | 12/15 | 538 | 3974 |
| 57-1/16 | 11.01.16 | 1/16 | 582 | 4313 |
| 92-2/16 | 15.2.16 | 2/16 | 656 | 4883 |
| 78-3/16 | 11.3.16 | 3/16 | 567 | 4197 |
| | ആകെ | | | 53140 |

പി.എച്ച്.സി.യുടെ സമീപ പ്രദേശത്തുള്ളവർക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള ബദൽ സംവിധാനം ഒരുക്കി അനധികൃത പൈപ്പ് കണക്ഷൻ ഒഴിവാക്കാനും മേഖലാ ഓഫീസിലെ ടാങ്കിലെ വെള്ളം മേഖലാ ഓഫീസിലെയും പി.എച്ച്.സി. ഓഫീസിലെയും ആവശ്യത്തിന് മാത്രമായി പരിമിതപ്പെടുത്തുകയും അപ്രകാരം കറന്റ് ചാർജ്ജ് ഇനത്തിലെ വൻ ചെലവ് കുറയ്ക്കാനുമുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പ്രോജക്ട് നം.465/16<br>മിനി വാട്ടർ സപ്ലൈ സ്കീം, പാക്കിൽ , ബൃക്കാന, കാരമൂട് | 884387/23.3.16 | 4378000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | - | - |
| ഭൂജല വകുപ്പ് | പ്രോജക്ട് നം.466/16പാലമൂട് പോളച്ചിറ ഭാഗത്ത് കുഴൽ കിണർ നിർമ്മാണം<br>വാർഡ് 37 | 884386/23.3.16 | 300000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | - | - |
| ഭൂജല വകുപ്പ് | പ്രോജക്ട് നം.467/16<br>മിനിശുദ്ധജല പദ്ധതി വാർഡ് - 38 | 884003/19.3.16 | 1319000<br>(വികസന ഫണ്ട് ജനറൽ) | - | - |
| കെ.എസ്.ഇ,ബി, പുഞ്ച, പള്ളം | പ്രോജക്ട് നം.468/16<br>16-ൽ ചിറ എസ്.സി സങ്കേതത്തിലേയ്ക്ക് സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 884137/24.3.16 | 1640460<br>(വികസന ഫണ്ട് ജനറൽ) | - | - |
| വാട്ടർ അതോറിറ്റി | പ്രോജക്ട് നം.470/16<br>വിവിധ വാർഡു കളിലെപൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 45/ 30.3.16 | 1825155<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | - | - |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ,ബി, | പ്രോജക്ട് നം.482/16<br>സ്ട്രീറ്റ് ലൈൻ വലിക്കൽ | ബിൽ നം. 108 – 114/14.3.16 | 5590820<br>(വികസന ഫണ്ട് ജനറൽ) | – | – |
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം | പ്രോജക്ട് നം.75/16<br>നീലിമംഗലം ഫിഷ് മാർക്കറ്റ് ഇലക്ട്രിഫി ക്കേഷൻ | ബിൽ നം. 24/11.1.16 | 2,00,000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | – | - |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം.77/16<br>നഗരസഭയുടെ വിവിധ വാർഡുകളിൽ<br>സ്ട്രീറ്റ് ലൈൻ വലിക്കൽ | ബിൽ നം. 54-60 /<br>11.1.16 | 1752276<br>(വികസന ഫണ്ട് ജനറൽ) | – | - |
| നിർമ്മിതി കേന്ദ്രം | പ്രോജക്ട് നം.83/16തിരുവാതുക്കൽ സോണൽ ഓഫീസ് ഇന്റീരിയൽ വർക്ക് & ഡേറ്റാ കേബിളിംഗ് | 475638/29.8.15-390000<br>860730/16.10.15 – 292500<br>880194/13.1.16-906750<br>880195/13.1.16-224250 | 1813500<br>(ലോകബാങ്ക്) | – | - |
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം | പ്രോജക്ട് നം.84/16<br>വനിതാ വ്യവസായ കേന്ദ്രം കമ്മ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ | 860732/16.10.15 | 1524375<br>(വികസന ഫണ്ട് ജനറൽ) | – | - |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം.469/16<br>എം.ജി. റോഡിൽ പുതിയ ഇല ക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് എൽ.ഇ.ഡി സ്ഥാപിക്കൽ | 884138/24.3.16 | 113700<br>(തനത് ഫണ്ട്) | – | - |
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ | പ്രോജക്ട് നം72/16 | 884006/19.3.16 | 562500 | – | - |

| | | | | | |
|---|---|---|---|---|---|
| ഡിവിഷൻ , കോട്ടയം | മുള്ളൻകുഴി ഫ്ലാറ്റിന്റെ ഇലക്ട്രിഫിക്കേഷൻ | | (വികസന ഫണ്ട് എസ്.സി.പി.) | | |
| കെ.എസ്.ഇ.ബി. | മോഡൽ സ്കൂൾ ഇലക്ട്രിഫിക്കേഷൻ | 8893/22.05.15 | 162000 (തനത് ഫണ്ട്) | – | - |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 10924/15.10.15 | 23980 (തനത് ഫണ്ട്) | – | - |
| നിർമ്മിതി കേന്ദ്രം | പ്രോജക്ട് നം. 406/16 നഗരസഭ വക മെയിൻ ഓഫീസുകളിൽ ഇന്റീരിയർ വർക്കും മോഡിഫിക്കേഷനും | 880192/13.1.16 – 4000000 882254/18.2.16 – 2000000 131001&131002/ 20.4.16 | 8098487 (ലോകബാങ്ക്) | - | - |
| ആകെ | | | 29304553 | | |

വിവിധ എജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗ, നീക്കിയിരുപ്പ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി നിർമ്മിതി കേന്ദ്രത്തിന് 390000/- രൂപ നൽകിയിട്ടുണ്ട്. വർഷാവസാനം പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽബില്ല് നൽകിയിട്ടുണ്ട്.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം കെ.ഡി.എ. വായ്പ ഇനത്തിൽ വാർഷിക കണക്കുകൾ പ്രകാരം ഒടുക്കുവാൻ അവശേഷിച്ചിരുന്ന 54,31,591 രൂപയിൽ 54,31,591 രൂപയും അടച്ച് വായ്പ ക്ലോസ് ചെയ്തിട്ടുണ്ട്. കെ.യു.ആർ.ഡി.എഫ്.സി. വായ്പ ഇനത്തിൽ അവശേഷിച്ചിരുന്ന 27,56,225 രൂപയിൽ 9,05,871രൂപ അടച്ചിട്ടുണ്ട്. 18,50,354 രൂപ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നു. വായ്പാ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1873530 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 4000000 |
| ആകെ | 5873530 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5873530 |

സ്ഥിര നിക്ഷേപം സംബന്ധിച്ചുള്ള വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 321954 രൂപ ലഭിച്ചതായി വാർഷിക കണക്കുകളിൽ കാണുന്നു. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അടവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും വിശദാംശങ്ങൾ റിപ്പോർട്ടിനുള്ള മറുപടികളിൽ ഉൾപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 2-7 | 2012-13 | 4.4.3. | മതിപ്പ് വില പോലും ഈടാക്കാതെ കെ.എസ്.ഇ.ബി.ക്ക് വസ്തു കൈമാറി. | - |
| 2008-09 | 3-1 | 2012-13 | 4.4.4. | ആദായകരമായ പദ്ധതിയായി നിർമ്മിച്ച സംഗീത ജലധാര പ്രവർത്തന രഹിതം -28.34 ലക്ഷം രൂപ പാഴായി. | - |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 548170722 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 636437168 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 643531 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2052768 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18119111 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 484355 | | ശ്രീ. എ.സി.കുര്യാക്കോസ്, സെക്രട്ടറി -242177 |
| | | | ശ്രീ. എം.ആർ.ഉണ്ണികൃഷ്ണൻ, റവന്യൂ ഓഫീസർ-242177 |
| 2-8 | 14468 | | ശ്രീ. എ.സി.കുര്യാക്കോസ്, സെക്രട്ടറി |
| 2-20(3) | 20555 | | ശ്രീ. എം.മുരളീകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 2-21(3) | 36473 | | ശ്രീ. എ.സി.കുര്യാക്കോസ്, സെക്രട്ടറി -18236.5 |
| | | | ശ്രീ. എം.ആർ.ഉണ്ണികൃഷ്ണൻ, റവന്യൂ ഓഫീസർ -18236.5 |
| 2-21(4) | 87680 | | ശ്രീ. എ.സി.കുര്യാക്കോസ്, സെക്രട്ടറി -43840 |
| | | | ശ്രീ. എം.ആർ.ഉണ്ണികൃഷ്ണൻ, റവന്യൂ ഓഫീസർ -43840 |
| 3-5 | | 2048378 | ശ്രീ. എം.മുരളീകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-17 | | 4390 | ഡോ.അനുഷ് |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഓഫീസർ |
| ആകെ | 643531 | 2052768 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1401030 | ശ്രീ. എം.മുരളീകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-7 | 1319000 | ശ്രീ. എം. മുരളീകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-8 | 300000 | ശ്രീ. എം. മുരളീകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-9 | 4378000 | ശ്രീ. എം. മുരളീകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-12 | 4000000 | ശ്രീ. എം. മുരളീകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-13 | 1640460 | ശ്രീ. എം. മുരളീകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-14 | 2877573 | ശ്രീ. എ. സി. കുര്യാക്കോസ്, സെക്രട്ടറി |
| 3-15 | 144873 | ശ്രീ. എം. മുരളീകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-16 | 1813500 | ശ്രീ. എം. മുരളീകൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-17 | 244675 | ഡോ.അനുഷ് , മെഡിക്കൽ ഓഫീസർ |
| ആകെ | 1,81,19,111 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 3-16

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എ.സി.കുര്യാക്കോസ്, സെക്രട്ടറി | സെക്രട്ടറി, കോട്ടയം നഗരസഭ. | അയ്മനം തറയിൽ ഹൗസ്, മാങ്ങാനം പി.ഒ, കോട്ടയം. |
| ശ്രീ. എം.മുരളീകൃഷ്ണൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം നഗരസഭ. | അനാമിക, അണ്ണാൻകുന്ന് റോഡ്, കോട്ടയം – 686001. |
| ശ്രീ. എം.ആർ.ഉണ്ണികൃഷ്ണൻ, | റിട്ടയേർഡ് | ഹരിശ്രീ ഹൗസ്, |

| | | |
|---|---|---|
| റവന്യൂ ഓഫീസർ, | | ഓടമ്പള്ളി, പാണവള്ളി, ചേർത്തല, ആലപ്പുഴ -688566. |
| ഡോ: അനുഷ്. എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, നാട്ടകം. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, നാട്ടകം. | കടകശ്ശേരിൽ ഹൗസ്, ഗാന്ധിനഗർ പി.ഒ, കോട്ടയം. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ടിന്റെ നമ്പരും തീയതിയും | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1985-86 | നം. എൽ.എഫ്.കെ.(എം.എൽ1)285/95/ 6.2.96/13.2.96 | |
| 1986-87 | നം. എൽ.എഫ്.കെ (എം.എൽ1) 409/95/ 6.2.96/13.2.96 | |
| 1989-90 | നം. എൽ.എഫ്.കെ. (എം.എൽ.1) 191/93/ 13.7.93/23.9.93 | |
| 1991-92 | നം. എൽ.എഫ്.കെ. (എം.എൽ.1) 77/95/ 4.6.1996 | |
| 1992-93 | നം. എൽ.എഫ്.കെ. (എം.എൽ.1) 1/337/95/ 17.3.97 | |
| 1993-94 | നം. എൽ.എഫ്.കെ. (എം.എൽ.1) 370/06 തീ. 22.11.06/03.02.07 | |
| 1996-97 (ചെലവ്) | നം. എൽ.എഫ്.കെ. (എം.എൽ.1) 2584/00 തീ. 14.10.00 | |
| 1996-97 (ഡി.സി.ബി) | നം. എൽ.എഫ്.കെ. (എം.എൽ.3) 448/06 തീ. 04.05.07/08.06.07 | |
| 1997-98 (ചെലവ്) | നം. എൽ.എഫ്.കെ. (എം.എൽ.1) 132/00 തീ. 17.05.00 | |
| 1997-98 (ഡി.സി.ബി) | നം. എൽ.എഫ്.കെ. (എം.എൽ.3) 367/07 തീ. 12.09.07/15.10.07 | |
| 1998-99 (ചെലവ്) | നം. എൽ.എഫ്.കെ. (എം.എൽ.1) 220/01 തീ. 112.11.01/18.12.01 | |
| 1998-99 | നം. എൽ.എഫ്.കെ. (എം.എൽ.3) 370/07 | |

| | | |
|---|---|---|
| (ഡി.സി.ബി) | തീ. 14.09.07/15.10.07 | |
| 1999-00<br>(ചെലവ്) | നം. എൽ.എഫ്.കെ. (എം.എൽ.1) 109/03<br>തീ. 28.10.03 | |
| 1999-00<br>(ഡി.സി.ബി) | നം. എൽ.എഫ്.കെ. (എം.എൽ.3) 371/07<br>തീ. 17.09.07/15.10.07 | |
| 2000-01<br>ജനകീയാസൂത്രണം | നം. എൽ.എഫ്.കെ. (എം.എൽ.3) 38/04<br>തീ. 10.02.04 | |
| 2000-01<br>(ചെലവ്) | നം. എൽ.എഫ്.കെ. (എം.എൽ.1) 101/05<br>തീ. 05.04.05 | |
| 2000-01<br>(ഡി.സി.ബി) | നം. എൽ.എഫ്.കെ. (എം.എൽ.3) 374/07<br>തീ. 19.09.07/15.10.07 | 47 |
| 2001-02<br>(ചെലവ്) | നം. എൽ.എഫ്.കെ. (എം.എൽ.1) 157/05<br>തീ. 09.09.5/24.08.05 | |
| 2001-02<br>ജനകീയാസൂത്രണം | നം. എൽ.എഫ്.കെ. (എം.എൽ.3) 384/04<br>തീ. 10.02.04/02.04.04 | 2 |
| 2001-02<br>(ഡി.സി.ബി) | നം. എൽ.എഫ്.കെ. (എം.എൽ.3) 387/07<br>തീ. 20.09.07/15.10.07 | |
| 2002-03<br>ജനകീയാസൂത്രണം | നം. എൽ.എഫ്.കെ. (എം.എൽ.3) 318/04<br>തീ. 28.10.04/17.11.04 | |
| 2002-03<br>(ചെലവ്) | നം. എൽ.എഫ്.കെ. (എം.എൽ.1) 305/05<br>തീ. 15.11.05/30.01.06 | |
| 2002-03<br>(ഡി.സി.ബി) | നം. എൽ.എഫ്.കെ. (എം.എൽ.3) 388/07<br>തീ. 29.09.07/15.10.07 | |
| 2003-04<br>(കെ.വി.പ) | നം. എൽ.എഫ്.കെ. (എം.എൽ.3) 237/06<br>തീ. 07.11.05/12.12.05 | |
| 2003-04<br>(ചെലവ്) | നം. എൽ.എഫ്.കെ. (എം.എൽ.1) 267/06<br>തീ. 04.10.06/30.10.06 | |
| 2004-05<br>(ചെലവ്) | നം. എൽ.എഫ്.കെ. (എം.എൽ.3) 287/07<br>തീ. 17.07.07/30.08.07 | |

| | | |
|---|---|---|
| 2005-06 | നം.എൽ.എഫ്.കെ.എം.എൽ.3/401/ 2008<br>തീ. 28.03.2009/31.03.09 | 25 |
| 2006-07 | നം.എൽ.എഫ്.കെ-എം.എൽ.3/39/ 2010<br>തീ. 12.05.10/31.05.10 | 7 |
| 2007-08 | നം.എൽ.എഫ്.കെ-എം.3/65/2011<br>തീ. 03.10.11/30.11.11 | 7 |
| 2008-09 | നം.എൽ.എഫ്.കെ-എം.3/104/2012<br>തീ. 03.10.11/30.11.11 | 8 |
| 2009-10 & 2010-11 | നം.എൽ.എഫ്.കെ-എം.3/155/2013<br>തീ. 22.04.13/20.05.13 | 13 |
| 2011-12 | നം.എൽ.എഫ്.കെ-എം.3/80/2014<br>തീ. 13.11.14 | 13 |
| 2012-13 | നം.എൽ.എഫ്.കെ-എം.3/526/ 2013<br>തീ. 30.10.14 | 14 |
| 2013-14 | നം.എൽ.എഫ്.കെ-എം.3/311/ 2014<br>തീ. 27.03.15 | 29 |
| 2014-15 | നം. കെ.എസ്.എ/കെ.എം.3/181/2016<br>തീ. 20.05.2016 | 30 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

**കോട്ടയം നഗരസഭയുടെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്**
**നം.കെ.എസ്.എ./എം.എം.എം.3/45/2017 തീയതി 28.01.2017.**

നം. കെ.എസ്.എ./എം.എം.എം.3/45/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ നം : 0481-2566665
തീയതി: 28.01.2017.
ഇ-മെയിൽ : mlktm.ksad@kerala.gov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കോട്ടയം നഗരസഭയുടെ 31.03.2016ൽ അവസാനിച്ച വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടയം നഗരസഭയുടെ 2015-16 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ.**

# അനുബന്ധം - 2

# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295-(4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അവലംബിച്ചും കോട്ടയം നഗരസഭയുടെ 2015-16 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഇതിന് അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷിക കണക്ക് കോട്ടയം നഗരസഭയുടെ വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

## അനുബന്ധം

1) 26.07.11ലെ ജി.ഒ(എം.എസ്)152/11/എൽ.എസ്.ജി.ഡി. യിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) വാർഷിക കണക്കുകളിൽ കാണിച്ച കിട്ടാനുള്ള തുകകൾ (Sundry Debtors) നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

4) ദുരിതാശ്വാസനിധിയുടെ കണക്കുകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) വാർഷിക കണക്ക് പ്രകാരമുള്ള അക്രൂ ചെയ്ത വരവിനങ്ങൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

6) 31.03.16 ലെ നീക്കിയിരിപ്പ് (ബാലൻസ് ഷീറ്റിലെ ബി.17 ഷെഡ്യൂൾ) ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

7) ക്ലോസിംഗ് സ്റ്റോക്കിന്റെ കണക്ക് കൃത്യമല്ല.

8) അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ്ഷീറ്റിലെ ലോൺസ്, അഡ്വാൻസ് & ഡെപ്പോസിറ്റ് തുകയുടെ കൃത്യത വ്യക്തമല്ല.

9) സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ബി.12 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

10) പാർട്ട് ബിൽ (വർക്ക് ബിൽ) തുകകൾ "ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്" ആയി ബാലൻസ്ഷീറ്റിൽ കാണിച്ചിട്ടില്ല.

11) നികുതി, നികുതിയേതര വരവിന്റെ യഥാർത്ഥ കണക്കുകൾ ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

12) ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിവരങ്ങൾ ബി.18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ